
# അൽഹഖ്

ശഹാദത്ത് 1392 | ജ. അവ്വൽ – ജ. ആഖർ 1434 | മീനം – മേടം 1188

VOL :21
ISSUE: 04

ALHAQ
APRIL 2013



ദൈവവഴിയിൽ ചെലവഴിക്കുമ്പോൾ സൂക്ഷ്മത കൈകൊള്ളുക

അല്ലാഹുവിന്റെ ജമാഅത്തിനോട് ഔദാര്യമോ?

ചന്ദകൾ

സമീപസ്തരെ സമുദ്ധരിക്കുക

വസിയ്യത്ത്: ചില സംശയ നിവാരണങ്ങൾ

ധനത്തെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക

നശ്വരമായത് നൽകി അനശ്വരമായത് കരസ്ഥമാക്കുക

അല്ലാഹുവിന്റെ മാർഗത്തിൽ നൽകുന്നത് പാഴാകില്ല

ചന്ദ നൽകാത്തവർ മൃതശരീരങ്ങളെ പോലെയാകുന്നു

## ശുദ്ധമായ സമ്പത്ത് ചെലവഴിക്കുന്നവർ

**ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

ഹദ്റത് ഉഖ്ബ ബിൻ ആമിർ പറയുന്നു: തിരുനബി (സ) പറഞ്ഞു;

**ദൈവമാർഗത്തിൽ ചെലവഴിക്കുന്നവൻ, ഖിയാമത്ത് ദിവസം കണക്കെടുപ്പ് തീരും വരെയും താൻ ദൈവമാർഗത്തിൽ ചെലവഴിച്ച സമ്പത്തിന്റെ തണലിൽ ആയിരിക്കും.** (മുസ്നദ്)

ചെലവഴിച്ചത് പരിശുദ്ധമായ സമ്പാദ്യത്തിൽ നിന്നായിരിക്കണമെന്നതാണ് നിബന്ധന. ദൈവികമായ പ്രതിഫലം ലഭിക്കാനും താൻ ചെലവഴിച്ച സമ്പത്തിന്റെ തണലിൽ നിൽക്കാനും ഇത് അനിവാര്യമാണ്. കാരണം, അശുദ്ധമായതിന് അല്ലാഹു ഇത്രയും വലിയ പ്രതിഫലം നൽകുന്നതല്ല. ശുദ്ധമായ സമ്പത്തല്ലെങ്കിൽ അയാൾ ദൈവമാർഗത്തിൽ ചെലവഴിക്കുന്നവനുമല്ല. അവർ ചെലവഴിക്കുന്നത്, കീശയിൽ ലക്ഷം രൂപയുള്ളപ്പോൾ ഒരു രൂപ ചെലവഴിക്കുന്നതിനെക്കുറിച്ച് തങ്ങൾ നന്മ ചെയ്തുവെന്ന് നൂറു പേരോടെങ്കിലും പറയും. എന്നാൽ പരിശുദ്ധരായ ആളുകൾ, ദീനിനോട് അനുകമ്പയുള്ളവർ ശുദ്ധമായ അവരുടെ സമ്പാദ്യം ദൈവമാർഗത്തിൽ ചെലവഴിക്കുകയും ആർക്കും അതേപ്പറ്റി അറിവുണ്ടാകാതിരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ്. അല്ലാഹുവും അവരെ വളരെ വിലമതിക്കുന്നതാണ്.

*(ഖുത്ബ 09/01/2004)*






# മസ്ജിദ് ഫദ്ൽ ലണ്ടൻ

## മക്കയിലെ അബ്ദുൽ അസീസ് രാജാവിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ കത്ത്

ലണ്ടനിലെ മസ്ജിദ് ഫദൽ ഉദ്ഘാടനം ചെയ്യാമെന്ന് സൗഊദി രാജകുമാരൻ ഫൈസൽ സമ്മതിച്ചിരുന്നതാണ്. അവസാന നിമിഷം അദ്ദേഹം പിൻമാറുകയാണുണ്ടായത്. അതേതുടർന്ന് ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ), ഫൈസലിന്റെ പിതാവും, സൗദി ഭരണാധികാരിയുമായ കിംഗ് അബ്ദുൽ അസീസിന് അയച്ച കത്തും അതിനുള്ള മറുപടിയും ഹുസൂറിന്റെ നിർദ്ദേശവുമാണ് ചുവടെ ചേർക്കുന്നത്.

**അഭിവന്ദ്യരായ** His Mejesty Sulthan of Makkah,

ലണ്ടനിൽ നിന്ന് ലഭിച്ച ഒരു സന്ദേശത്തിൽ നിന്ന് മനസ്സിലായത്, താങ്കൾ, അമീർ ഫൈസലിനെ മസ്ജിദിന്റെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കുന്നതിൽ നിന്നും വിലക്കിയിരിക്കുന്നുവെന്നാണ്. ദയവുചെയ്ത്, അമീർ ഫൈസലിനോട് പങ്കെടുക്കാൻ നിർദ്ദേശിക്കുക. അല്ലാത്തപക്ഷം താങ്കളുടെ ഭരണകൂടം ക്രിസ്ത്യൻ രാജ്യങ്ങളിൽ പരിഹാസത്തിന് കുറിമാനമാകുന്നതാണ്. ഇന്ത്യയിലെ ജനങ്ങൾ നേരത്തെ തന്നെ താങ്കളുടെ ഭരണത്തിന് എതിരാണ്. ബുദ്ധിമാന്മാരും അഭ്യസ്ഥവിദ്യരുമായ മുസ്‌ലിംകളുടെ സഹാനുഭൂതി കരസ്ഥമാക്കാനുള്ള ഈ സന്ദർഭം താങ്കൾ പാഴാക്കരുത്.

**മിർസാ മഹ്മൂദ് അഹ്മദ്**
ഇമാം ജമാഅത്തെ അഹ്മദിയ്യാ, ഖാദിയാൻ
ഖാദിയാൻ, 29-10-1926

## കിംഗ് അബ്ദുൽ അസീസിന്റെ മറുപടി.

### അഭിവന്ദ്യരായ മിർസാ മഹ്മൂദ് അഹ്മദ്, ഇമാം അഹ്മദിയ്യാ ജമാഅത്ത്, ഖാദിയാൻ

അമീർ ഫൈസലിനെ പങ്കെടുക്കുന്നതിൽ നിന്ന് തടയാനുള്ള കാരണം, അൽ ഇഹ്റാം പത്രത്തിൽ മോർണിംഗ് പോസ്റ്റിലെ വാർത്തയെ അധികരിച്ച് ലേഖനം വന്നിട്ടുണ്ട്. അതിൽ ഈ മസ്ജിദ് എല്ലാ മതക്കാർക്കുമുള്ള ആരാധനാലയമാണെന്ന് എഴുതിയിട്ടുണ്ട്. അതുകൊണ്ട് ഈ മസ്ജിദ് എല്ലാ മതക്കാർക്കുമുള്ള ആരാധനാലയമാണെങ്കിൽ പങ്കെടുക്കരുതെന്ന് നാം നിർദേശിച്ചതാണ്. എന്നാൽ ഈ മസ്ജിദ് മുസ്‌ലിംകൾക്ക് മാത്രമുള്ളതാണെങ്കിൽ ഇന്ത്യ, മിസ്ർ, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിലെ മുസ്‌ലിംകളെ ഇതു സംബന്ധിച്ച് തൃപ്തിപ്പെടുത്തിയ ശേഷം അതിൽ പങ്കെടുക്കുകയും അതിന്റെ പുരോഗതിയിൽ ശ്രദ്ധിക്കുകയും വേണ്ടതാണ്.

**അബ്ദുൽ അസീസ്.**
King of Hijaz & Sulthan of Makkah

മിർസാ മഹ്മൂദ് അഹ്മദ്


അമീർ ഫൈസൽ


കിംഗ് അബ്ദുൽ അസീസ്

തഫ്സീർ

ഹ.ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)



هَآنْتُمْ هٰٓؤُلَآءِ تُدْعَوْنَ لِتُنْفِقُوْا فِيْ سَبِيْلِ اللّٰهِ ۚ فَمِنْكُمْ مَّنْ يَّبْخَلُ ۚ وَمَنْ
يَّبْخَلْ فَاِنَّمَا يَبْخَلُ عَنْ نَّفْسِهٖ ۭ وَاللّٰهُ الْغَنِيُّ وَاَنْتُمُ الْفُقَرَآءُ ۚ وَاِنْ تَتَوَلَّوْا
يَسْتَبْدِلْ قَوْمًا غَيْرَكُمْ ۙ ثُمَّ لَا يَكُوْنُوْٓا اَمْثَالَكُمْ ﴿٣٩﴾



# ദൈവവഴിയിൽ ചിലവഴിക്കുമ്പോൾ സൂക്ഷ്മത കൈകൊള്ളുക

സൂറ: മുഹമ്മദിൽ നിന്നും ഞാനെടുത്തിട്ടുള്ള ഈ ആയത്തിൽ അല്ലാഹു സത്യവിശ്വാസികളെ അഭിസംബോധന ചെയ്തിരിക്കുകയാണ്. സത്യവിശ്വാസികൾ എന്നതു കൊണ്ട് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത് ആദ്യകാല, നന്മയിൽ മുൻകടന്നവരായ വിശ്വസികളെയല്ല. മറിച്ച് ഏറ്റവും പുറ കിൽ നിൽക്കുന്നവരും വിശ്വാസം ശരിക്കും ഹൃദയത്തിൽ പ്രവേശിച്ചിട്ടില്ലാത്തവരുമായ വിഭാഗമാണ്.

അല്ലാഹുവിന്റെ റസൂലിന് കിട്ടിയിരിക്കുന്ന നിർദ്ദേശം നീ അവരോട് ഇങ്ങനെ വിളംബരം ചെയ്യുക എന്നാണ് അതായത് هَآنْتُمْ هٰٓؤُلَآءِ تُدْعَوْنَ لِتُنْفِقُوْا فِيْ سَبِيْلِ اللّٰهِ ശ്രദ്ധിക്കുക! അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവ് ചെയ്യുവാനായി വിളിക്കപ്പെടുന്നവരാണ് നിങ്ങൾ

فَمِنْكُمْ مَّنْ يَّبْخَلُ ലുബ്ധ് കാണിക്കുന്ന ചിലരും നിങ്ങളിലുണ്ട്. വല്ലവനും ലുബ്ധ് കാണിക്കുന്നതായാൽ അല്ലാഹു അവനോടും ലുബ്ധ് കാണിക്കുന്നതാണ്.

وَاللّٰهُ الْغَنِيُّ അല്ലാഹുവിന് നിങ്ങളുടെ സംഭാവനകൾ ആവശ്യമുണ്ട് എന്ന മിഥ്യാധാരണ ഹൃദയത്തിൽ നിന്നും മാറ്റുക. അല്ലാഹു സ്വാശ്രയനാകുന്നു.

وَاَنْتُمُ الْفُقَرَآءُ എല്ലാ കാര്യത്തിലും അവന്റെ ആവശ്യമുള്ള നിങ്ങൾ പരാശ്രയരാണ്. ജമാഅത്ത് വ്യവസ്ഥിതിയെ ചന്ദകൾ നൽകിക്കൊണ്ട് ഞങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന ധാരണയിൽ അകപ്പെട്ടിരിക്കുന്നവരാണ് നിങ്ങൾ.

وَاِنْ تَتَوَلَّوْا يَسْتَبْدِلْ قَوْمًا غَيْرَكُمْ അല്ലാഹുവിന്റെ പ്രവൃത്തി അതെന്തായാലും നടന്നുകൊണ്ടിരിക്കും ഇനി നിങ്ങൾ പിന്തിരിഞ്ഞു പോകുന്നതായാൽ പകരമായി അവൻ മറ്റൊരു ജനതയെ കൊണ്ടുവരുന്നതാണ്. ثُمَّ لَا يَكُوْنُوْٓا اَمْثَالَكُمْ പിന്നെ അവർ നിങ്ങളെപ്പോലെയായിരിക്കില്ല.

ഞാൻ ഈ ആയത്തു തിരഞ്ഞെടുക്കുവാനുള്ള കാരണം; കഴിഞ്ഞ ഒരു ഖുത്വുബയിൽ വിശ്വാസികളിൽ മുൻനിരയിൽ നിൽക്കുന്ന വിശ്വാസി വൃന്ദത്തെ കുറിച്ച് പരാമർശിച്ചിരുന്നു. അവരുടെ ആത്മാർത്ഥതയുടെയും തഖ്വയുടെയും, അനുപമമായ ത്യാഗങ്ങളുടെ ഫലമായി അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങൾ ഈ ജമാഅത്തിന് കിട്ടിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുകയും ഭാവിയിലും അതുണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്.

എന്നാൽ, കാലത്തിന്റെ ഖലീഫയുടെ ജോലി സ്വന്തം യജമാനനെ പൂർണ്ണമായും അനുധാവനം ചെയ്യുക എന്നതാണ്. ഖലീഫയുടെ യജമാനൻ നബിയാണ് നബിമാരിൽ വെച്ച് എല്ലാ നബിമാരുടെ നേതാവായ ഹദ്റത് മുഹമ്മദ് മുസ്തഫ (സ) തന്നെയാണ് എനിക്ക് പിൻ പറ്റാനായിട്ടുള്ളത്. അദ്ദേഹത്തെ പിൻപറ്റാൻ ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു.ഒരു അടിമയെ പോലെ അധീനനാക്കപ്പെട്ടിരിക്കുന്നു.

എല്ലാ പ്രവാചകന്മാരുടെയും ജീവിതത്തിലെ അവരുടെ പ്രവർത്തനങ്ങളുടെ ആകെത്തുക അല്ലാഹു രണ്ടു പദങ്ങളിൽ നിർവ്വഹിച്ചിരിക്കുന്നു.

അവർ ബശീർ സുവാർത്ത നൽകുന്നവരും, നദീർ താക്കീത് നൽകുന്നവരും ആയിരിക്കും. ജീവിതത്തിന്റെ ഒരു വശം മാത്രമല്ല അവരെടുക്കുക മറുവശം കൂടി അവർ സ്വീകരിക്കുന്നു. സമുദായത്തെ അഭിവൃദ്ധിയുടെ പാതയിലേക്ക് നയിക്കുന്നതിനായി രണ്ടു തരം പ്രേരണകളാണ് ഫലപ്രദമായിട്ടുള്ളത്. പ്രലോഭനവും ഭയപ്പെടുത്തലും സുവാർത്തകൾ നൽകി ക്കൊണ്ടും, ഭയപ്പെടുത്തിക്കൊണ്ടും ജനതയെ മുന്നോട്ട് നയിക്കുന്നു ...... സമൂഹങ്ങൾ എനർജി അഥവാ ഊർജ്ജം സ്വായത്തമാക്കി മുന്നോട്ട് കുതിക്കുന്നതും ഈ കേന്ദ്രീയ ശക്തിയാലാണ്.

....... ....വാസ്തവത്തിൽ ജമാഅത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയുടെ എല്ലാം തഖ്വയിൽ അധിഷ്ഠിതമാണ്. ഒരു പ്രത്യേക കാര്യത്തിലേക്ക് ശ്രദ്ധ തിരിക്കാൻ അല്ലെങ്കിൽ ഉണർത്താൻ ആഗ്രഹിക്കുന്നു എന്നു ഞാൻ പറയുമ്പോൾ എന്റെ ഉദ്ദേശ്യം, ദൈവത്തിനു വേണ്ടി ധനം സമർപ്പിക്കുമ്പോൾ അത് നിഷ്കപടമയ തഖ്വയിൽ അധിഷ്ഠിതമായിരിക്കണം എന്നതു മാത്രമാണ്.

ജമാഅത്തിലെ ആത്മാർത്ഥരായ ആളുകൾ അങ്ങേയറ്റം ഉന്നതനിലവാരത്തിലുള്ള ത്യാഗങ്ങൾ ചെയ്യുമ്പോൾ വളരെ പരിശുദ്ധമായ ധനം ഉപഹാരമെന്നോണം റബ്ബിന്റെ മുന്നിൽ സമർപ്പിക്കുന്നു. അതൊരിക്കലും അശുദ്ധ ധനവുമായി കലർന്ന് മലിനമായിപ്പോകരുത്. ഏതു ധനമാണ് പരിശുദ്ധമായത്, ഏതു ധനമാണ് പരുശുദ്ധമല്ലാത്തത് എന്ന് അല്ലാഹുവിനു മാത്രമേ അറിയൂ. ഹൃദയങ്ങൾ കാണുന്നത് അവൻ മാത്രമാണ്. അവൻ നിങ്ങളുടെ രഹസ്യങ്ങളറിയുന്നു. നിങ്ങൾ അറിയുന്നതും മറച്ചു പിടിക്കുന്നതുമായ രഹസ്യങ്ങളും, നിങ്ങൾക്കു തന്നെ അറിയാത്ത നിങ്ങളുടെ രഹസ്യങ്ങളും അവൻ അറിയുന്നു.നിങ്ങളുടെ മനസ്സാക്ഷിയെ മൂടിയിരിക്കുന്ന നിങ്ങളുടെ ദൃഷ്ടിയിൽ നിന്നും അപ്രത്യക്ഷമായ നിങ്ങൾ വിസ്മരിച്ചു പോയിട്ടുള്ള രഹസ്യങ്ങളും അല്ലാഹു ഓർക്കുന്നുണ്ട്.

അതു കൊണ്ട് ഏതു ധനമാണ് പരിശുദ്ധമായത് എന്നും, ഏതെല്ലാം നിബന്ധനകൾക്കു വിധേയമായിക്കൊണ്ടാണോ റബ്ബിന്റെ മുമ്പിൽ ചന്ദ നൽകാൻ യോഗ്യമായിട്ടുള്ളത് ആ നിബന്ധനകൾ എല്ലാം പൂർത്തിയാകുന്നുണ്ടോ എന്നും, സ്വേചകളുടെ കലർപ്പിനാൽ മലിനമായിപ്പോയിട്ടുള്ള ധനം ഏതാണ് എന്നുമുള്ളതെല്ലാം തീരുമാനിക്കുക അല്ലാഹുവാണ്. ജമാഅത്ത് വ്യവസ്ഥിതിയല്ല.

...... സ്വന്തം റബ്ബിനോട് ഇങ്ങനെ ദുആ ചെയ്യേണ്ടതാണ്. "അല്ലാഹുവേ നീ ഞങ്ങൾക്ക് നല്ല സൂക്ഷിപ്പുകാരായിരിക്കാൻ തൗഫീഖ് നൽകേണമേ. ഞങ്ങളിൽ തന്നെ മറഞ്ഞിരിക്കുന്ന ഉപദ്രവങ്ങളിൽ നിന്നും നീ ഞങ്ങളെ കാത്തു കൊള്ളേണമേ. നിന്റെ സവിധത്തിൽ എത്തുവാൻ അയോഗ്യമാവും വിധം സമ്പത്തുകൾക്ക് ഏൽക്കാവുന്ന കീടശല്യത്തിൽ നിന്നും നീ ഞങ്ങളെ രക്ഷിക്കേണമേ. എന്തെന്നാൽ അല്ലാഹുവിന്റെ സഹായവും പിന്തുണയും ഇല്ലാത്തിടത്തോളം അവനു നൽകുന്ന ധനം പരിശുദ്ധമാകുന്നതല്ല.

ഹ: മസീഹ് (ഈസാ) വളരെ നല്ല ഒരു വചനമാണ് പറഞ്ഞിരുന്നത്. അദ്ദേഹത്തെ വിശ്വസിക്കുന്നവർക്കുള്ള അദ്ദേഹത്തിന്റെ ഉപദേശമായിരുന്നു അത്. "ഭൂമിയിൽ നിക്ഷേപങ്ങൾ നിനക്കായ് സംഭരിച്ചു വെക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും. കള്ളന്മാർ കുത്തിക്കവർന്നു കൊണ്ടുപോകുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താതുമായ സ്വർഗ്ഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതി വെക്കുക. (മത്തായി 6:19)

........ ഈ ഉപദേശത്തേക്കാളും ഒരടി കൂടി മുന്നോട്ട് പോയി വിശുദ്ധ ഖുർആൻ അതിലെ പോരായ്മകളെ കൂടി എടുത്തു കാണിക്കുന്നു. അതായത്, അല്ലാഹുവിന്റെ മുമ്പിൽ ധനം സമർപ്പിച്ചാൽ മാത്രം പോരാ അതിനുവേണ്ട നിബന്ധനകളും ഖുർആൻ വിവരിക്കുന്നു. അതായത്, ധനം നൽകിക്കൊണ്ട് അത് കീടങ്ങളിൽ നിന്നും കള്ളന്മാരിൽ നിന്നും തുരുമ്പെടുക്കുന്നതിൽ നിന്നും സുരക്ഷിതമായിരിക്കുന്നു എന്നും ദൈവത്തിലേക്ക് അത് എത്തിച്ചേർന്നിരിക്കുന്നു എന്നുമുള്ള തെറ്റായ ധാരണയിൽ അകപ്പെട്ടുപോകരുത്.

നിങ്ങൾക്കു പ്രിയപ്പെട്ട ധനം നിങ്ങൾ സമർപ്പിക്കാത്തിടത്തോളം അതിൽ നിന്നും ദൈവത്തിലേക്ക് ഒന്നും എത്തിച്ചേരുകയില്ല. (3:93)

തഖ്വയിൽ നിന്നകന്ന ധനവും എത്തുകയില്ല(22:38)

ചെയ്ത ഉപകാരങ്ങൾ എടുത്തു പറഞ്ഞും ഉപദ്രവവാക്കുകൾ പറഞ്ഞ് വിഷമത്തിലാക്കിയും നിങ്ങളുടെ ധനം പാഴാക്കിക്കളയരുത്.(3:265)

ചുരുക്കത്തിൽ ധനത്തിനേൽക്കുന്ന ഇത്തരത്തിലുള്ള നിരവധി രോഗങ്ങളുണ്ട്. പുഴുക്കുത്ത് പോലെ അവ തിന്നു നശിപ്പിക്കുന്നു. ഇവയെ കുറിച്ചെല്ലാം വിശുദ്ധ ഖുർആൻ ഉണർത്തിയിട്ടുണ്ട്.

ഹദ്റത് മസീഹ് മൗഊദ് (അ) ഇതു സംബന്ധമായി ഉപ ദേശിച്ചു കൊണ്ടു പറയുന്നു. "........... തുണയും സഹായവും ചെയ്യുന്നതിൽ മുഴുകിയിരിക്കുന്നവർ മാത്രമാണ് എന്റെ ശിഷ്യർ എന്നും അവരുമായിട്ടാണ് എനിക്ക് ബന്ധമുള്ളത് എന്നും അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിക്കുന്നവരായി നിരവധി ആളുകളുണ്ട്. അതിനാൽ നിങ്ങളോരോരുത്തരും ഈ പുതിയ വ്യവസ്ഥിതിയിൽ പ്രവേശിച്ച ശേഷം പുതിയ പ്രതിജ്ഞ എടുത്ത് കൊണ്ട് തങ്ങൾക്ക് ഒരു നിർബന്ധ ബാധ്യത എന്നോണം മാസം തോറും ഇത്ര വരിസംഖ്യ അയക്കാൻ സാധിക്കും എന്ന് എഴുതി അറിയിക്കുക. എന്നാൽ അത് കൊട്ടിഘോഷിച്ചു കൊണ്ടാകരുത്.

(മജ്മൂഅ ഇശ്തിഹാതത്ത് വാള്യം: മൂന്ന്, പേജ്: 468)

അതായത് ഒരാളുടെ ചന്ദയിൽ കളവ് കലർന്നിട്ടുണ്ടെങ്കിൽ അയാൾ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏതൊരു കൂട്ടരെ കുറിച്ചാണോ ആ മഹാത്മാവിനോട് അല്ലാഹു അവനുമായി ബന്ധപ്പെട്ടവർ എന്നു പറഞ്ഞിരിക്കുന്നത് അക്കൂട്ടരിൽ ഉൾപ്പെടുകയില്ല.

അതിനാൽ കാലത്തിന്റെ ഖലീഫയുമായുള്ള തങ്ങളുടെ ബന്ധം ദൃഢമാക്കുന്നതിനായി തങ്ങളുടെ ധനം അതെത്രത്തോളം പരിശുദ്ധമാണെന്നും അതിൽ സ്വേചഛ അഥവാ കളവ് എത്രത്തോളം കലർന്നിട്ടുണ്ട് എന്നും നോക്കേണ്ടതാണ്.

ഇതു സംബന്ധമായി ഏറ്റവും പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ ഒരു കാര്യമെന്നത്, ജമാഅത്തിന്റെ മജ്‌ലിസെ ശൂറയുടെ അഭിപ്രായ പ്രകാരം കാലത്തിന്റെ ഖലീഫ ഒരു ശറഹ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ പിന്നെ അതിൽ വിശ്വാസ വഞ്ചന കാണിക്കാൻ പാടില്ല എന്നതാണ്.

എത്രയാണ് അല്ലാഹു നിങ്ങൾക്ക് നൽകുന്നത് എന്നും നിങ്ങൾ എത്രയാണ് നൽകുന്നത് എന്നും അവനറിയുന്നു. നൽകിയത്

▶▶▶




# അല്ലാഹുവിന്റെ ജമാഅത്തിനോട് ഔദാര്യമോ?

മൗലവി സുൽഫിക്കർ അലി സാഹിബ് പറയുന്നു, കറംദീന്റെ കേസുമായി ബന്ധപ്പെട്ട് ഹദ്റത് സാഹിബ് ഗുർദാസ്പൂരിൽ ഉണ്ടായിരുന്നപ്പോൾ അദ്ദേഹത്തെ കാണാൻ മൂന്ന് അനഹ്മദികൾ അതിഥികളായെത്തി. അവരിൽ ഒരാളുടെ പേര് മൗലവി ഇലാഹി ബഖ്ശ് എന്നായിരുന്നു. അദ്ദേഹം ഹദ്റത് സാഹിബുമായി സംവദിക്കുകയും അവസാനം അംഗീകരിക്കുകയും ചെയ്തു.

ഒരിക്കൽ ഹദ്റത് സാഹിബ് എന്റെ വീട്ടു മുറ്റത്ത് ഉലാത്തി കൊണ്ടിരുന്നപ്പോൾ മൗലവി ഇലാഹി ബഖ്ശ് സാഹിബും കൂടെ നടക്കുന്നുണ്ടായിരുന്നു. മൗലവി ഇലാഹി ബഖ്ശ് സാഹിബ് ഹദ്റത് സാഹിബിനോട് പറഞ്ഞു, ഞാൻ ബയ്അത്ത് ചെയ്യുകയാണെങ്കിൽ എന്നോടൊപ്പം ധാരാളം ആളുകളും ബയ്അത്ത് ചെയ്യുന്നതാണ്. ഹദ്റത് സാഹിബ് പെട്ടെന്ന് നടത്തം നിർത്തി. അദ്ദേഹത്തിന്റെ മുഖം ചുവന്ന് തുടുത്തു. അദ്ദേഹം പറഞ്ഞു, ഞാനതിനെ എന്ത് വിലമതിക്കാനാണ്. ഇത് അല്ലാഹുവിന്റെ ജോലിയാണ്. അവൻ സ്വയം ആളുകളെ എന്റടുക്കലേക്ക് എത്തിക്കുന്നതാണ്, എത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഖാൻ സാഹിബ് പറയുന്നു, മൗലവി ഇലാഹി ബഖ്ശ് സാഹിബ് ഔദാര്യം ചെയ്യുന്നു എന്ന നിലയ്ക്കാണ് അത് പറഞ്ഞത്.

പറയുന്നു, അടുത്ത ദിവസം മൗലവി സാഹിബും കൂട്ടരും മടങ്ങാൻ തുടങ്ങിയപ്പോൾ ഹദ്റത് സാഹിബുമായി കൂടിക്കാഴ്ച നടത്തി. അപ്പോൾ ഞാനും അവിടെ ഉണ്ടായിരുന്നു. ഞാൻ മൗലവി സാഹിബിനോട് ചോദിച്ചു, പറഞ്ഞാലും മൗലവി സാഹിബ്! ഇനി ആക്ഷേപങ്ങൾ ഒന്നും ശേഷിക്കുന്നില്ലല്ലോ? മൗലവി സാഹിബ് പറഞ്ഞു, ഇല്ല. എനിക്ക് തൃപ്തിയായി. ഞാൻ ചോദിച്ചു, അപ്പോൾ പിന്നെ ബയ്അത്തോ?

ഹദ്റത് സാഹിബ് പറഞ്ഞു, ഖാൻ സാഹിബ് നിങ്ങൾക്കിത് പറയാനുള്ള അവകാശമില്ല. നമ്മുടെ ജോലി എത്തിക്കുക എന്നതാണ്. വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ എന്നുള്ളത് അവരുടെ ജോലിയാണ്.

എന്തായാലും അവർ മടങ്ങിപ്പോയി. മൂന്നാമത്തെയോ നാലാമത്തെയോ ദിവസം ഹദ്റത് സാഹിബ് ഖാദിയാനിൽ എത്തി. കൂടെ ഞാനും വന്നിരുന്നു. അപ്പോൾ ഹുസൂർ എന്നെ വിളിച്ച് പുഞ്ചിരിച്ചു കൊണ്ട് സ്വന്തം ഉറുമാലിൽ നിന്നും ഒരു പോസ്റ്റ് കാർഡെടുത്ത് എനിക്ക് തന്നുകൊണ്ട് പറഞ്ഞു, തഹ്സീൽദാർ സാഹിബ്, താങ്കൾക്ക് ധൃതിയായിരുന്നു. നോക്കുക, അദ്ദേഹത്തിന്റെ കത്തു വന്നിരിക്കുന്നു.

ഞാൻ കത്ത് നോക്കിയപ്പോൾ അത് ഇലാഹി ബഖ്ശ് സാഹിബിന്റേതായിരുന്നു. പെൻസിൽ കൊണ്ടാണ് എഴുതിയിരുന്നത്. അത് അദ്ദേഹം യാത്രാമദ്ധ്യേ ലഖ്നൗവിൽ നിന്ന് അയച്ചതായിരുന്നു. അതിൽ അദ്ദേഹം ഇപ്രകാരം എഴുതിയിരുന്നു, ഞാൻ തീവണ്ടിയിൽ ഇരുന്നു കൊണ്ട് ആലോചിച്ചു. എന്നിൽ സത്യം വെളിപ്പെട്ട നിലക്ക് ഞാൻ വഴിയിൽ വെച്ച് മരണപ്പെടുകയാണെങ്കിൽ അല്ലാഹുവിനോട് എന്ത് മറുപടി പറയും. അതിനാൽ ഞാൻ ഹുസൂറിന്റെ പ്രസ്ഥാനത്തിൽ പ്രവേശിച്ച് കൊള്ളുന്നു. എന്റെ ബയ്അത്ത് സ്വീകരിച്ചാലും.

ഹദ്റത് സാഹിബ് പറഞ്ഞു, പിരിഞ്ഞ് പോയിക്കഴിയുമ്പോൾ അവന് ചിന്തിക്കാനുള്ള നല്ല അവസരം ലഭിക്കുന്നു. അങ്ങിനെ അവന് കഴിഞ്ഞ കാര്യങ്ങളെ കുറിച്ച് ചിന്തിച്ച് ഒരു നല്ല തീരുമാനത്തിലെത്താൻ സാധിക്കുന്നു.

**(സീറത്തുൽ മഹ്ദി, വാള്യം 1)**

**സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മുവ്വാറ്റുപുഴ**

---

▸▸▸

അവൻ തന്നെയായിരിക്കെ അവന് എങ്ങിനെ ചതി പറ്റാനാണ്. എത്രമാത്രം വിഢിത്തരമാണത്.

....... അതായത്, അവർ അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിക്കുന്നു. എങ്ങിനെയാണ് വഞ്ചിക്കാൻ ശ്രമിക്കുന്നത് ....' നേരിട്ട് അല്ലാഹുവിനെ ആർക്കും വഞ്ചിക്കാൻ സാധിക്കില്ല. എന്നാൽ അല്ലാഹുവിൽ വിശ്വസിക്കുന്നവർ അല്ലാഹുവിന്റെ പേരിൽ അവരുമായി ഇടപാടു നടത്തുമ്പോൾ അവരെ വഞ്ചിക്കാൻ ശ്രമിക്കുന്നു. അത് അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിക്കുന്നതിന് തുല്ല്യമാണ്.

എന്നാൽ അവരുടെ അത്തരം ശ്രമങ്ങളുടെ ചുരുക്കമെന്താണ് .... തങ്ങളെത്തന്നെയല്ലാതെ അവർ വഞ്ചിക്കുന്നില്ല.

ലോകത്ത് എല്ലാ കർമ്മത്തോടൊപ്പവും വ്യാപിച്ചിരിക്കുന്ന കാപട്യത്തിന്റെ കാര്യമാണിത്. ദൈവത്തിൽ നിന്നുള്ളതെന്നു വാദിക്കുന്ന ഓരോ മതത്തിന്റെയും ചരിത്രമെന്നത് അവയിലെല്ലാം തന്നെ വലിയൊരളവോളം ഇത്തരത്തിലുള്ളവരും ഉൾപ്പെടുന്നു എന്നതാണ്. അവർ തങ്ങളെ തന്നെ വഞ്ചിക്കുന്നവരായിക്കൊണ്ട് സ്വയം മനസ്സിലാക്കുന്നത് ദൈവത്തോട് കള്ളത്തരം കാണിക്കാൻ സാധിക്കുമെന്നാണ്.

ഒരിക്കലുമതിനു സാധിക്കുകയില്ല. വിഭവങ്ങൾ നൽകുന്നത് അവനാണ്. ............. പ്രവർത്തകർ വെറും കരുക്കൾ മാത്രമാണ് അവർക്ക് സ്വന്തമായ ഒരു നിലയുമില്ല. അവരെ വഞ്ചിക്കാൻ ശ്രമിക്കുകയാണെ ങ്കിൽ ഞാൻ അത് കണ്ടു കൊണ്ടിരിക്കുന്നു. നിങ്ങളുടെ ഹൃദയങ്ങളിലും, നിങ്ങളുടെ നാവുകളിലും നിങ്ങളുടെ ലിഖിതങ്ങളിലും എന്റെ ദൃഷ്ടി പതിയുന്നു. ഞാൻ നിങ്ങളുടെ ചതിയിൽ ഒരിക്കലും പെടുകയില്ല. ഈ വിശ്വാസികളും നിങ്ങളുടെ ചതിയിൽ അകപ്പെടുകയില്ല, പെരുമാറ്റ മര്യാദ മുന്നിൽ വെച്ച് കൊണ്ടും ഞങ്ങൾക്ക് അവരുടെ മേൽ വിശ്വാസമില്ല എന്ന തോന്നലുണ്ടായി അവർ വേദനിക്കരുത് എന്നു വിചാരിച്ചും ഒരു പക്ഷെ നിങ്ങളോട് അവർ വളരെ നല്ലത് ഞങ്ങൾ ഇതാ സ്വീകരിച്ചിരിക്കുന്നു എന്നെല്ലാം പറയും. എന്നാൽ ഇവരും സൂക്ഷ്മബുദ്ധിയുള്ള ദാസരാണ്. എന്നെയും എന്റെ ദാസരേയും വഞ്ചിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല.

നിങ്ങളുടെ ജീവിതരീതിയും നിങ്ങളുടെ ചുറ്റുപാടും നിങ്ങളുടെ ജീവിത നിലവാരവും എല്ലാം തന്നെ നിങ്ങൾക്ക് എത്ര സമ്പത്തുണ്ട് എന്ന് കാണിക്കുന്നു.

എന്നാൽ ഇതൊരു ടാക്സ് വ്യവസ്ഥിതിയല്ല അതിനാൽ സൽപെരുമാറ്റം, സഭ്യത എന്ന നിലക്കും ഈ ജമാഅത്തു വ്യവസ്ഥിതിയെ അനുസരിക്കുന്നു എന്നതിനാലും ആരെങ്കിലും വായ കൊണ്ട് പറഞ്ഞുകഴിഞ്ഞാൽ ആ വ്യക്തി പറയുന്നത് സത്യമല്ല എന്നറിഞ്ഞിട്ടും അവരതു സ്വീകരിക്കുന്നു.

എന്നാൽ പിന്നീട് നടക്കുന്ന സംഭവങ്ങൾ തെളിയിക്കുന്നത് ഇത്തരം വഞ്ചന കാണിക്കുന്നവർക്ക് അങ്ങേയറ്റം അപകടകരമായി ഭവിക്കുന്നു എന്നാണ്.


അവരുടെ ആയുഷ്കാലമത്രയും ചെയ്ത ത്യാഗങ്ങൾ നിഷ്ഫലമായി പോകുന്നു. അവരുടെ സമ്പത്തിൽ നിന്നും സമൃദ്ധി തട്ടിപ്പറിക്കപ്പെടുന്നു. പല തരത്തിലുള്ള ആപത്തുകളിലും പെട്ടു പോകുന്നു .............. രിസ്ഖിൽ നിന്നും കിട്ടിക്കൊണ്ടിരുന്ന ബർക്കത്തുകളും, അവരുടെ സുഖാശ്വാസങ്ങളും മറ്റെല്ലാം അനുഗ്രഹങ്ങളും തട്ടിപ്പറിക്കപ്പെടുന്നു. പലപ്പോഴും ഇങ്ങിനെയുള്ള കുടുംബങ്ങളിലെ സന്താനങ്ങൾ അവരുടെ കൺമുമ്പാകെ പാഴായി പോകുകയും അവർക്ക് ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥ വരികയും ചെയ്യുന്നു.

**ഖുത്വുബ ജുമുഅ 1982 ജൂലൈ 23**

**മസ്ജിദ് അഖ്സ റബ്‌വ**

**(ഖുത്ബാത്തെ ത്വാഹിർ വാള്യം 1, പേജ്:59 64)**

**സമ്പാ: നജ്മുദ്ദീൻ**




# സാമ്പത്തികത്യാഗം

ഖുദ്സിയായ ഹദീസിൽ നബി തിരുമേനി (സ) പറയുന്നു, അല്ലയോ ആദം സന്തതികളെ! ഹൃദയം തുറന്ന് ചെലവ് ചെയ്യുക. അല്ലാഹു നിങ്ങളുടെ മേലും ചെലവ് ചെയ്യുന്നതാണ്. *(മുസ്ലിം, കിതാബുസ്സക്കാത്ത്)*

ഹദ്റത് ഹസൻ (റ) നിവേദനം ചെയ്യുന്നു, നബി തിരുമേനി (സ) പറയുന്നു, തങ്ങളുടെ ധനത്തെ സക്കാത്ത് നൽകി സുരക്ഷിതമാക്കുക. തങ്ങളുടെ രോഗത്തിന്റെ ചികിൽസ സദഖകൾ മുഖേനയും ചെയ്യുക. തിരമാലകളെ പോലെ വന്നെത്തുന്ന വിപത്തുകളെ ദുആകൾ കൊണ്ടും വിനയം കൊണ്ടും ചെറുക്കുക. *(അബൂദാവൂദ്)*

നബി തിരുമേനി (സ) പറഞ്ഞു, സക്കാത്ത് നൽകാത്ത വ്യക്തിയുടെ നമസ്കാരം അല്ലാഹു സ്വീകരിക്കുന്നതല്ല. അത് രണ്ടിനേയും (നമസ്കാരം, സക്കാത്ത്) പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാകുന്നു. കാരണം അല്ലാഹു അവ രണ്ടിനേയും യോജിപ്പിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ അതിനെ വേർതിരിക്കരുത്. *(കൻസുൽ ഉമ്മാൽ)*

നബി (സ) പറഞ്ഞു, നിശ്ചയമായും ജനങ്ങൾക്ക് ഒരു കാലഘട്ടം വരുന്നതാണ്. അന്ന് ജനങ്ങൾക്ക് തങ്ങളുടെ ധനത്തിൽ നിന്ന് സക്കാത്ത് കൊടുക്കുന്നത് വിഷമകരമായി തോന്നുന്നതാണ്. *(കൻസുൽ ഉമ്മാൽ)*

ഹദ്റത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു, ഒരിക്കൽ നബി (സ) ഒരു സംഭവം വിവരിച്ചു. ഒരു വ്യക്തി തരിശായ ഭൂമിയിലൂടെ പോകുകയായിരുന്നു. മഴമേഘങ്ങൾ ഉരുണ്ടു കൂടിയിരുന്നു. അയാൾ മേഘങ്ങളിൽ നിന്ന് ഒരു ശബ്ദം ശ്രവിച്ചു, അല്ലയോ മേഘമെ! ഇന്ന വ്യക്തിയുടെ തോട്ടത്തെ നനക്കുക. ആ മേഘം ആ ഭാഗത്തേക്ക് നീങ്ങി. പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശത്ത് മഴ വർഷിച്ചു. വെള്ളം ഒരു ചെറിയ ചാലിലൂടെ ഒഴുകാൻ തുടങ്ങി. ആ വ്യക്തിയും ആ തോടിന്റെ അരികിലൂടെ നടക്കാൻ തുടങ്ങി. ഈ തോട് ഒരു തോട്ടത്തിലേക്ക് പ്രവേശിക്കുന്നതായി അയാൾ കാണുന്നു. തോട്ടത്തിന്റെ ഉടമസ്ഥൻ മൺവെട്ടി കൊണ്ട് വെള്ളത്തെ അങ്ങോട്ടുമിങ്ങോട്ടും തിരിച്ചു വിടുന്നു. ആ വ്യക്തി തോട്ടത്തിന്റെ ഉടമസ്ഥനോട് ചോദിച്ചു; അല്ലാഹുവിന്റെ ദാസാ! താങ്കളുടെ പേരെന്താണ്? അയാൾ പറഞ്ഞ പേര് ആ വ്യക്തി മേഘത്തിൽ നിന്ന് കേട്ട പേര് തന്നെയായിരുന്നു. പിന്നീട് തോട്ടത്തിന്റെ ഉടമസ്ഥൻ ആ യാത്രക്കാരനോട് ചോദിച്ചു, അല്ലാഹുവിന്റെ ദാസാ! താങ്കൾ എന്റെ പേര് ചോദിച്ചത് എന്തിനാണ്? അയാൾ പറഞ്ഞു, നിങ്ങൾ വെള്ളം നനയ്ക്കുന്ന ആ മഴയുടെ മേഘത്തിൽ നിന്ന് ഇന്ന വ്യക്തിയുടെ തോട്ടത്തെ നനയ്ക്കുക എന്ന് പറയുന്നതായി കേട്ടു. നിങ്ങൾക്ക് ഇത്ര പ്രതിഫലം ലഭിക്കുവാൻ തക്ക എന്ത് പുണ്യമാണ് നിങ്ങൾ ചെയ്തത്? തോട്ടത്തിന്റെ ഉടമസ്ഥൻ പറഞ്ഞു, നിങ്ങൾ ചോദിച്ചതുകൊണ്ട് കേട്ടു കേൾക്കുക, ഈ തോട്ടത്തിൽ നിന്ന് ലഭിക്കുന്ന വിളവിന്റെ മൂന്നിലൊന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നു. മറ്റൊരു ഭാഗം എന്റെയും എന്റെ കുടുംബത്തിന്റെയും ചെലവിനായി വെക്കുന്നു. മൂന്നാമത്തെ ഭാഗം വീണ്ടും ഈ കൃഷിയിടത്തിൽ വിത്തായി ഉപയോഗിക്കുന്നു. ഇതാണ് എന്റെ രീതി. *(മുസ്ലിം)*

ഹദ്റത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു, നബി തിരുമേനി (സ) പറഞ്ഞു, എന്നും പ്രഭാതത്തിൽ രണ്ട് മലക്കുകൾ ഇറങ്ങുന്നു. അതിൽ നിന്ന് ഒന്ന് പറയും, അല്ലാഹുവെ! ചെലവു ചെയ്യുന്നവർക്ക് ഉത്തമമായ പ്രതിഫലം നൽകേണമെ. അവരുടെ കാലടികളെ പിൻതുടരുന്നവരെ ജനിപ്പിക്കേണമെ. രണ്ടാമത്തെ മലക്ക് പറയും, അല്ലാഹുവെ! ധനത്തെ തടഞ്ഞ് വെച്ചിരിക്കുന്നവരെ നശിപ്പിക്കേണമെ. *(ബുഖാരി)*

നബി (സ) പറഞ്ഞു, ഒരു മുസ്ലിം നൽകുന്ന സദഖ അയാളുടെ ആയുസ് വർദ്ധിപ്പിക്കുകയും മോശമായ മരണത്തിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്യുന്നു. (കൻസുൽ ഉമ്മാൽ)

ഹദ്റത് അബൂമൂസാ അശ്അരി(റ) നിവേദനം ചെയ്യുന്നു, നബി(സ) പറഞ്ഞു, എല്ലാ മുസ്ലിംകൾക്കും സദഖ നിർബന്ധമാണ്. സഹാബാക്കൾ പറഞ്ഞു, അതിന് കഴിവില്ലാത്തവരോ? നബി (സ) പറഞ്ഞു, അവർ തങ്ങളുടെ കൈകൾ കൊണ്ട് വേല ചെയ്ത് സ്വയം പ്രയോജനം എടുക്കുകയും സമ്പാദിച്ചതിൽ നിന്ന് സദഖ നൽകുകയും ചെയ്യട്ടെ. *(ബുഖാരി)*

ഹദ്റത് കഅബ് (റ) ഇബ്നു അയാസ് നിവേദനം ചെയ്യുന്നു, നബി തിരുമേനി(സ) പറഞ്ഞു, നിശ്ചയമായും ഓരോ ഉമ്മത്തിനും ഓരോ പരീക്ഷണമുണ്ട്. എന്റെ ഉമ്മത്തിന്റെ പരീക്ഷണം സമ്പത്തിലാണ്. *(തിർമിദി)*

നബി (സ) പറഞ്ഞു, ഭൗതീക സമ്പത്ത് മനോഹരവും ആനന്ദദായകവും ആസ്വാദ്യവുമായി കാണപ്പെടുന്നു. അത് കരസ്ഥമാക്കുന്നവർ അതിന്റെ അവകാശം നൽകുക. അതായത് അല്ലാഹുവിന് വേണ്ടി അതിൽ നിന്ന് അല്പം ചെലവ് ചെയ്യുക. അങ്ങിനെയെങ്കിൽ അതിൽ അല്ലാഹുവിന്റെ അനുഗ്രഹം പതിക്കുന്നതാണ്. എന്നാൽ ധാരാളം പേർ അല്ലാഹുവിന്റെ ധനത്തെ കൈവശപ്പെടുത്തുകയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നുമില്ല. മറിച്ച് സ്വന്തം ആവശ്യത്തിനായി അനാവശ്യമായി ചെലവഴിക്കുന്നു. അവർക്ക് പരലോകത്ത് അഗ്നിയല്ലാതെ മറ്റൊന്നും ലഭിക്കില്ല. *(തിർമിദി)*

നബി തിരുമേനി(സ) പറഞ്ഞു, നിശ്ചയമായും സദഖ അല്ലാഹുവിന്റെ കോപത്തെ ദൂരപ്പെടുത്തുകയും മോശം അവസ്ഥയെ അകറ്റുകയും ചെയ്യുന്നു. *(തിർമിദി)*

നബി(സ) പറഞ്ഞു, ഖിയാമത്ത് ദിനത്തിൽ കണക്കെടുപ്പ് തീരുന്നത് വരെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചവർ ആ ധനത്തിന്റെ തണലിൻ കീഴിലായിരിക്കും.

നബി തിരുമേനി(സ) അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുന്നവന്റെയും ലുബ്ധന്റെയും ഉപമ രണ്ട് വ്യക്തികളുടേത് പോലെയാണെന്ന് പറയുകയുണ്ടായി. അവർ രണ്ടു പേരും നെഞ്ച് മുതൽ കഴുത്ത് വരെയുള്ള ഇരുമ്പിന്റെ കുപ്പായം ധരിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന വ്യക്തി ചെലവു ചെയ്യുമ്പോഴെല്ലാം തന്നെ ആ കുപ്പായം വിശാലമായിക്കൊണ്ടിരിക്കുകയും അവസാനം മുഴുവൻ ശരീരവും വിരലുകളടക്കം പൊതിയുന്നു. ലുബ്ധൻ ഓരോ തവണയും ചെലവ് ചെയ്യുന്നതല്ല എന്ന് തീരുമാനിക്കുമ്പോൾ അയാളുടെ കുപ്പായം ചെറുതാകാൻ തുടങ്ങുന്നു. അത് വലുതാക്കാൻ ശ്രമിച്ചാലും സാധ്യമാകില്ല. *(ബുഖാരി)*

നബി (സ) തിരുമേനി ഉപദേശിച്ചു കൊണ്ട് പറഞ്ഞു, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുന്നതിനായി ജീവിതത്തിന്റെ അവസാന ഘട്ടത്തെ പ്രതീക്ഷിച്ചിരിക്കുകയും, അവസാനം ജീവൻ വെടിയുന്ന സമയം സമാഗതമാകുമ്പോൾ ഇത് ഇന്ന വ്യക്തിക്ക് നൽകുക ഇന്ന് ഇന്ന വ്യക്തിക്ക് നൽകുക എന്ന് പറയുകയും ചെയ്യുന്നു. അവസാന നിമിഷത്തിലുള്ള ഈ ഹൃദയവിശാലത കൊണ്ട് എന്ത് പുണ്യം ലഭിക്കാനാണ്? ആ സമ്പത്ത് മുമ്പേ തന്നെ മറ്റാരുടേയോ ഉടമസ്ഥതയിലാകേണ്ടതാണ്. നിങ്ങളുടെ അവസ്ഥ അങ്ങിനെ ആകാതിരിക്കട്ടെ. *(ബുഖാരി)*

ഹദ്റത് അബൂമസ്ഊദ് (റ) നിവേദനം ചെയ്യുന്നു, നബി (സ) ഞങ്ങൾക്ക് സദഖയ്ക്കുള്ള കല്പന നൽകുമായിരുന്നു. സദഖ നൽകാൻ ഞങ്ങളുടെ പക്കൽ ഒന്നും ഉണ്ടാകില്ലായിരുന്നു. അപ്പോൾ ഞങ്ങളിലാരെങ്കിലും അങ്ങാടിയിൽ പോകുകയും ഭാരം ചുമക്കുകയും ചെയ്യുന്നു. പിന്നീട് അല്പം ഭക്ഷണം കൊണ്ട് വന്ന് നബി തിരുമേനി(സ)യ്ക്ക് നൽകുന്നു. അബൂ മസ്ഊദ് (റ) പറയുന്നു, എനിക്ക് ഒരു വ്യക്തിയെ അറിയാം. അദ്ദേഹത്തിന്റെ പക്കൽ ഇപ്പോൾ ഒരു ലക്ഷം ദിർഹമുണ്ട്. അന്നാളുകളിൽ ഒരു ദിർഹം പോലും ഉണ്ടായിരുന്നില്ല. *(സുനൻ നസായി)*

*അവലംബം: മാലി നിസാം സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

അൽഹഖ്
വാർത്താപത്രിക
2013 ഏപ്രിൽ
പുസ്തകം 22 ലക്കം 4


യുഗനാദം
ഹദ്റത് അഹ്മദ്(അ)



# സാമ്പത്തിക സംവിധാനം

അംഗങ്ങൾ നൽകുന്ന വരിപ്പണവും സംഭാവനകളും കൊണ്ട് മാത്രം നാനാതരത്തിൽപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്ന ലോകത്തിലെ ഏക പ്രസ്ഥാനമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്.

കഴിഞ്ഞ നൂറിലധികം വർഷമായി സംഘടനാപരവും, അല്ലാത്തതുമായ നിരവധി പദ്ധതികളാണ് അഹ്മദിയ്യാ പ്രസ്ഥാനം പ്രാവർത്തികമാക്കിയത്.

ലോകത്ത് മുഴുവനും പ്രവർത്തന സജ്ജമായ ആയിരക്കണക്കിന് മിഷനറിമാർക്കുപുറമെ, ലക്ഷക്കണക്കിന് പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നു. കൂടാതെ മിക്കവാറും എല്ലാ രാഷ്ട്രങ്ങളിലും ജൽസാ സാലാന അഥവാ വാർഷിക സമ്മേളനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, ബുക്ക്സ്റ്റാൾ, പ്രദർശനങ്ങൾ എം.ടി.എ ചാനലുകൾ, പര്യടനങ്ങൾ, കലാകായിക പരിപാടികൾ, മത്സരങ്ങൾ, അന്താരാഷ്ട്ര സമാധാന സമ്മേളനങ്ങൾ, മസ്ജിദ് നിർമ്മാണം, മിഷൻ ഹൗസുകൾ, ദരിദ്ര മേഖലകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ,... അതേ പ്രവർത്തനമേഖല വളരെ വിശാലമാണ്. സാമ്പത്തിക മാന്ദ്യത്തിൽ വൻകിട രാഷ്ട്രങ്ങളുടെ ഖജനാവുകൾ പോലും അസ്വസ്ഥമായപ്പോഴും അഹ്മദിയ്യാ ജമാഅത്തിന്റെ വാർഷിക ബജറ്റിനെ അതൊരിക്കലും ബാധിച്ചില്ല.

ഇവിടെ ഓരോ അംഗവും തങ്ങളുടെ വരുമാനത്തിന്റെയും സ്വത്തിന്റെയും 10 ശതമാനം മുതൽ 30 ശതമാനം വരെ സ്വേഷ്ടപ്രകാരം നൽകുന്നു. ചുരുങ്ങിയത് 16 ൽ ഒന്നെങ്കിലും മാസം തോറും നൽകുന്നവരാണ് അഹ്മദികൾ., അതിനു പുറമേയാണ് മറ്റ് സാമ്പത്തിക പദ്ധതികളിലെ പങ്കാളിത്തം.

ചുരുക്കത്തിൽ സ്വന്തം കാലിൽ നിന്ന് പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടുകൊണ്ടുപോകുന്ന പ്രസ്ഥാനമെന്നതിനു പുറമേ ഇന്നേവരെ സാമ്പത്തിക പ്രശ്നങ്ങൾ അലട്ടിയിട്ടില്ല എന്നതും അഹ്മദിയ്യാ ജമാഅത്തിന്റെ സവിശേഷതകളിൽ പെട്ടതാണ്. നമ്മുടെ സാമ്പത്തിക വ്യവസ്ഥിതിയെക്കുറിച്ച് ഓരോ അഹ്മദിയും മനസ്സലാക്കേണ്ടത് അനിവാര്യമാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) ഉം അവിടുത്തെ ഖലീഫമാരും ബൈഅത്തിൽ മാൽ സംബന്ധമായി നൽകിയ ഉപദേശങ്ങളും നിർദേശങ്ങളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സാമ്പത്തിക സേവനത്തിൽ അലംഭാവം കാണിക്കരുത്

സമുദായം എല്ലാനിലയിലും ഈ ജമാഅത്തിന് സേവനം ചെയ്യേണ്ടതാണ്. സാമ്പത്തികമായ സേവനം ചെയ്യുന്നതിൽ അലംഭാവം ഉണ്ടാകരുത്. നോക്കുക, ലോകത്ത് ഒരു പ്രസ്ഥാനവും ചന്ദ കൂടാതെ നില നിന്നിട്ടില്ല. റസൂൽ തിരുമേനി(സ), ഹദ്റത് മൂസാ(അ), ഹദ്റത് ഈസാ (അ) തുടങ്ങി എല്ലാവരുടേയും കാലത്ത് ചന്ദ സ്വരുക്കൂട്ടിയിരുന്നു. അതിനാൽ നമ്മുടെ ജമാഅത്തംഗങ്ങളും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാകുന്നു. അഥവാ ഇവർ കൃത്യമായി ഓരോ പൈസയും വർഷത്തിൽ നൽകുകയാണെങ്കിൽ തന്നെയും പലതും നടക്കുന്നതാണ്. എന്നാൽ ഒരു പൈസ പോലും നൽകുന്നില്ലായെങ്കിൽ എന്തിനാണ് അവർ ജമാഅത്തിൽ തുടരുന്നത്? (മൽഫൂസാത്ത്: ഭാഗം 3)

## ഇത് സാമ്പത്തിക സേവനത്തിന്റെ സമയമാകുന്നു

സ്വയം തങ്ങളെ ബയ്അത്ത് ചെയ്തവരിൽ ഗണിക്കുന്ന ഓരോരുത്തരും ഇപ്പോൾ സാമ്പത്തികമായും ജമാഅത്തിനെ സേവിക്കേണ്ട സമയമാണെന്ന് മനസ്സിലാക്കുക ........ ബയ്അത്ത് ചെയ്തിട്ടുള്ള ഓരോരുത്തരും കഴിവനുസരിച്ച് സഹായിക്കേണ്ടതാണ്. അപ്പോൾ അല്ലാഹുവും അവരെ സഹായിക്കുന്നതാണ്. അഥവാ മുടക്കമില്ലാതെ ഓരോ മാസവും അല്പമാണെങ്കിൽ പോലും അവരുടെ സഹായം എത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ, അത് ഒരു നീണ്ട കാലത്തോളം മൗനം ദീക്ഷിച്ചതിനു ശേഷം സ്വയം തോന്നി നൽകുന്നതിനേക്കാൾ ഉത്തമമാകുന്നു. ഓരോരുത്തരുടെയും സത്യസന്ധത അവരുടെ സേവനത്തിലൂടെയാണ് തിരിച്ചറിയപ്പെടുക. പ്രിയരെ! ഇത് ദീനിന് വേണ്ടിയും ദീനിന്റെ ഉദ്ദേശ്യങ്ങൾക്കു വേണ്ടിയും സേവനത്തിനുള്ള സമയമാണ്. ഇതിനെ സുവർണ്ണാവസരമായി കാണുക. പിന്നീട് ഇത് കൈവരുന്നതല്ല. (റൂഹാനി ഖസാഇൻ, ഭാ:9, പേ: 83)

## ചന്ദ നൽകാത്തവരിൽ നിന്ന് എന്ത് പ്രതീക്ഷിക്കാനാണ്?

തന്റെ കഴിവും പ്രാപ്തിയും അനുസരിച്ച് ഏതാനും പൈസകൊണ്ട് ഈ ജമാഅത്തിനെ സഹായിക്കാത്തവരിൽ നിന്ന് എന്ത് പ്രതീക്ഷിക്കാനാണ്? ഈ ജമാഅത്തിന് അവരെ കൊണ്ട് എന്ത് ഗുണമാണുള്ളത്? ഒരു നിസാര വ്യക്തി അയാൾ എത്ര തന്നെ സാധുവാണെങ്കിലും അങ്ങാടിയിൽ പോകുമ്പോൾ തന്റെ കഴിവനുസരിച്ച് തനിക്കായും തന്റെ കുട്ടികൾക്കായും എന്തെങ്കിലും കൊണ്ടു വരുന്നു. അപ്പോൾ തന്റെ അതിമഹത്തായ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി അല്ലാഹു സ്ഥാപിച്ച ഈ ജമാഅത്ത്, അതിനു വേണ്ടി കുറച്ച് പൈസ പോലും ത്യജിക്കാൻ അത് യോഗ്യമല്ലേ?

(മൽഫൂസാത്ത്: ഭാഗം 3)

## ചന്ദ നൽകുന്നത് ഔദാര്യമല്ല

നിങ്ങൾക്ക് രണ്ടു വസ്തുക്കളെയും സ്നേഹിക്കാൻ കഴിയില്ല എന്നത് വ്യക്തമാണ്. സമ്പത്തിനേയും അല്ലാഹുവിനേയും സ്നേഹിക്കുക എന്നത് നിങ്ങൾക്ക് അസാധ്യമാണ്. ഒന്നിനെ മാത്രമെ സ്നേഹിക്കാൻ സാധിക്കൂ. അല്ലാഹുവിനെ സ്നേഹിക്കുന്നവനാണ് ഭാഗ്യവാൻ. അഥവാ നിങ്ങളിലാരെങ്കിലും അല്ലാഹുവിനെ സ്നേഹിച്ചു കൊണ്ട് അവന്റെ മാർഗത്തിൽ ധനം ചെലവഴിക്കുകയാണെങ്കിൽ അവന്റെ ധനത്തിലും മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ അനുഗ്രഹം നൽകപ്പെടുന്നതാണെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. കാരണം ധനം സ്വയം വരുന്നതല്ല. മറിച്ച് അല്ലാഹുവിന്റെ ഇംഗിതത്താലാണ് വരുന്നത്. അതിനാൽ അല്ലാഹുവിന് വേണ്ടി ആരാണോ ധനത്തിന്റെ ഒരു ഭാഗം ഉപേക്ഷിക്കുന്നത് നിശ്ചയമായും അയാൾ അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതാണ്.... നിങ്ങൾ ധനത്തിൽ നിന്ന് അല്പം നൽകിയോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ സേവനം ചെയ്തുകൊണ്ടോ അല്ലാഹുവിലും അവന്റെ സദ്‌വൃത്തരിലും എന്തെങ്കിലും ഔദാര്യം ചെയ്തെന്ന് ധരിക്കരുത്. മറിച്ച്, നിങ്ങളെ ഈ സേവനത്തിനായി വിളിച്ചു എന്നത് അവന്റെ ഔദാര്യമാകുന്നു. (മജ്മൂഅയെ ഇശ്തിഹാറാത്: ഭാഗം 3)

# ചന്ദകൾ

ചന്ദകൾ രണ്ടു തരത്തിലുള്ളവയാണ്

1. നിർബന്ധ ചന്ദകൾ    2. ഐഛരിക ചന്ദകൾ

## നിർബന്ധ ചന്ദകൾ

1. സക്കാത്ത്
2. സദഖത്തുൽ ഫിത്വ്റ്
3. ഹിസ്സ ആമദ്
4. ഹിസ്സ ജായ്ദാദ്
5. ചന്ദ ആം
6. ചന്ദ ജൽസ സാലാന
7. ചന്ദ ശർതെ അവ്വൽ
8. ചന്ദ ഇഅ്‌ലാനെ വസിയ്യത്ത്

### സക്കാത്ത്

എല്ലാ സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാകുന്നു എന്ന ഹദീസിന്റെ വെളിച്ചത്തിൽ എല്ലാ മനുഷ്യർക്കും അല്ലാഹുവിന്റെ സവിധത്തിൽ സമാന പദവിയും അവകാശവുമാണുള്ളത്. ലോകത്തുള്ള മുഴുവൻ സമ്പത്തിലും അവർ സമാന അവകാശികളാണ്. എന്നാൽ ചിലർ തങ്ങളുടെ കഴിവുകൾ ഉപയോഗിച്ചുകൊണ്ട് കൂടുതൽ സമ്പത്ത് കരസ്ഥമാക്കുന്നു. മറ്റ് ചിലർ അതിൽ നിന്ന് പിന്തള്ളപ്പെടുന്നു. അക്കാരണത്താൽ നിങ്ങളുടെ ധനത്തിൽ ചോദിക്കുന്നവർക്കും പിന്തള്ളപ്പെട്ടവർക്കും അവകാശം ഉണ്ടെന്ന് അല്ലാഹു വിശുദ്ധഖുർആനിൽ പ്രഖ്യാപിക്കുന്നു.(51: 20) പ്രസ്തുത ദൈവകല്പനയുടെ ഒരു പ്രത്യക്ഷ രൂപമാണ് സക്കാത്ത്.

**സക്കാത്തിന്റെ തോത്**

പണം,സ്വർണ്ണം,വെള്ളി തുടങ്ങിയ എല്ലാ മൂലധനത്തിനുമായുള്ള അടിസ്ഥാനതോത് വെള്ളിയാകുന്നു. അതായത് ആരുടെ പക്ക ലാണോ 560 ഗ്രാം വെള്ളിയോ അല്ലെങ്കിൽ അത്രയും ഗ്രാം വെള്ളിയുടെ തുകയ്ക്കു സമാനമായ സ്വർണ്ണമോ, പണമോ ഉണ്ടെങ്കിൽ അതിൽ ഒരു വർഷം കഴിഞ്ഞാൽ സക്കാത്ത് നിർബന്ധമായിത്തീരുന്നു. സക്കാത്തിന്റെ അളവ് മുഴുവൻ മൂലധനത്തിന്റെ നാൽപ്പതിൽ ഒന്ന് ഭാഗമാകുന്നു. അതായത് രണ്ടര ശതമാനം.

**സ്വർണ്ണത്തിന്റെ സക്കാത്ത്**

ഇടയ്ക്കിടക്ക് സാധുക്കൾക്ക് ധരിക്കുന്നതിനായി നൽകുന്ന സ്വർണ്ണത്തിന് സക്കാത്തില്ല. എന്നാൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ രീതിയും അഭിപ്രായവും അനുസരിച്ച് അത്തരത്തിലുള്ള ആഭരണങ്ങൾക്കും സക്കാത്ത് നൽകുന്നതാണ് ഉത്തമം.

**ശ്രദ്ധിക്കുക**

●തോതിൽ കൂടുതലുള്ള തുകയ്ക്ക് മാത്രമല്ല മറിച്ച്, മുഴുവൻ തുകയ്ക്കും സക്കാത്ത് നൽകേണ്ടതാണ്. ● സക്കാത്തിന്റെ മുഴുവൻ തുകയും കേന്ദ്രത്തിലേക്ക് അയക്കേണ്ടതാണ്. ●പ്രാദേശിക ജമാഅത്തിന് അതിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതല്ല.

### സദഖത്തുൽ ഫിത്വ്ർ

ഈദുൽ ഫിത്വ്റിന്റെ അവസരത്തിൽ നൽകപ്പെടുന്ന ചന്ദയെയാണ് സദഖത്തുൽ ഫിത്വ്ർ എന്ന് പറയപ്പെടുന്നത്. അതിന്റെ തോത് ഒരു സാഅ് അഥവാ രണ്ടര കിലോ ധാന്യമാകുന്നു. അഥവാ ആർക്കെങ്കിലും മുഴുവൻ തോതും നൽകാൻ സാധിക്കുന്നില്ലായെങ്കിൽ പകുതി തോതനുസരിച്ച് നൽകാവുന്നതാണ്. എല്ലാ മുസ്‌ലിം സ്ത്രീകൾക്കും, പുരുഷന്മാർക്കും, കുട്ടികൾക്കും, നവജാതശിശുവിന് പോലും സദഖത്തുൽ ഫിത്വ്ർ നൽകൽ അനിവാര്യമാകുന്നു. സദഖത്തുൽ ഫിത്വ്റിന്റെ പത്തിലൊരു ഭാഗം കേന്ദ്രത്തിലേക്ക് അയക്കേണ്ടതും അനിവാര്യമാകുന്നു.

### ചന്ദ ഹിസ്സ ആമദ്

വസിയ്യത്ത് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ വരുമാനത്തിൽ നിന്ന് പിരിച്ചെടുക്കുന്ന ചന്ദയാണ് ഹിസ്സ ആമദ്. ഇതിന്റെ തോത് കുറഞ്ഞത് പത്തിൽ ഒന്നാകുന്നു. കൂടിയത് മൂന്നിൽ ഒന്നും. ഓരോ മാസവും വരുമാനത്തിനനുസരിച്ച് ഈ ചന്ദ നൽകേണ്ടത് വസിയ്യത്ത് ചെയ്തവർക്ക് അനിവാര്യമാകുന്നു.

### ഹിസ്സ ജായ്ദാദ്

മൂസികൾ തങ്ങളുടെ സ്വത്തുക്കളുടെ നിർണ്ണയം നടത്തിയ ശേഷം നൽകുന്ന ചന്ദയാണ് ഹിസ്സ ജായ്ദാദ്. ഹിസ്സ ജായ്ദാദ് നൽകിയതിന് ശേഷവും മുൻപും പ്രസ്തുത സ്വത്തിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ പതിനാറിൽ ഒന്ന് ചന്ദയായി നൽകേണ്ടതാണ്. മൂസിയ്ക്ക് അവകാശമായി ലഭിച്ചതും, സ്വന്തമായി സമ്പാദിച്ചതും, സ്വന്തം പേരിലുള്ളതും, മറ്റുള്ളവരുടെ പേരിലാക്കിയ സ്വത്തും മൂസിയുടെ സ്വത്തായി ഗണിക്കുന്നതാണ്. ഹിസ്സ ജായ്ദാദിന്റെ തോത് പതിനാറിൽ ഒന്നാകുന്നു.

### ചന്ദ ആം

വസിയ്യത്ത് പദ്ധതിയിൽ അംഗമായിട്ടില്ലാത്ത വരുമാനമുള്ള എല്ലാ അഹ്മദി സ്ത്രീ പുരുഷന്മാർക്കും തങ്ങളുടെ വരുമാനത്തിനനുസരിച്ച് മാസാമാസം നൽകുന്ന ചന്ദയാണ് ചന്ദ ആം. വരുമാനത്തിന്റെ പതിനാറിലൊന്നാണ് ചന്ദ ആം ആയി നൽകേണ്ടത്.

### ചന്ദ ജൽസാ സാലാന

ഹിസ്സ ആമദോ ചന്ദ ആമോ നൽകുന്ന വ്യക്തികൾ തങ്ങളുടെ വാർഷിക വരുമാനത്തിന്റെ 120 ൽ ഒരു ഭാഗമോ അല്ലെങ്കിൽ ഒരു മാസത്തെ വരുമാനത്തിന്റെ പത്തിൽ ഒരു ഭാഗമോ വർഷത്തിൽ ചന്ദ ജൽസാ സാലാനയായി നൽകേണ്ടതാണ്.

### ചന്ദ ശർത്തെ അവ്വൽ

ഹദ്റത് മസീഹ് മൗഊദ് (അ) വസിയ്യത്ത് ചെ യ്യുന്ന എല്ലാവരോടും മോടിപിടിപ്പിക്കുന്നതിനും മറ്റ് നിർമാണാവശ്യങ്ങൾക്കുമായി ചന്ദ ശർത്തെ അവ്വൽ നൽകുന്നത് അനിവാര്യമാക്കിയിരുന്നു. ഓരോ മൂസിയും തങ്ങളുടെ കഴിവനുസരിച്ച് പ്രസ്തുത ചന്ദ നൽകേണ്ടതാണ്.

### ചന്ദ ഇഅ്‌ലാനെ വസിയ്യത്ത്

വസിയ്യത്ത് ചെയ്യുന്നവരുടെ വസിയ്യത്ത് രണ്ട് ജമാഅത്തീ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഈ പ്രസിദ്ധീകരണത്തിനായി നിശ്ചിത അളവിൽ നൽകുന്ന ചന്ദയ്ക്കാണ് ഇഅ്‌ലാനെ വസിയ്യത്ത് എന്ന് പറയുന്നത്. വസിയ്യത്ത് ചെയ്യുന്ന എല്ലാവർക്കും ഇത് നൽ കേണ്ടത് അനിവാര്യമാകുന്നു.

# ഐച്ഛിക ചന്ദകൾ

1. ഈദ് ഫണ്ട്
2. ചന്ദ തഹ്‌രീകെ ജദീദ്
3. ചന്ദ വഖ്ഫെ ജദീദ്
4. അമാനത് സാറ്റലൈറ്റ് ഫണ്ട്
5. ഇംദാദ് ത്വലബാഅ്
6. അമാനത് ഖിദ്മത് ഖൽഖ്
7. ചന്ദ ബുയൂത്തുൽ ഹംദ്
8. യതാമാ ഫണ്ട്
9. തഅ്മീർ മസാജിദ് ഫണ്ട്
10. സദഖ/ ഫിദ്‌യ
11. മർയം ശാദി ഫണ്ട്
12. സയ്യിദ്നാ ബിലാൽ ഫണ്ട്
13. ലോക്കൽ ഫണ്ട്
14. ത്വാഹിർ ഫൗണ്ടേഷൻ ഫണ്ട്
15. പോഷക സംഘടനകളുടെ ചന്ദകൾ തുടങ്ങിയവ

## ഈദ് ഫണ്ട്

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടം മുതൽ നിലനിൽക്കുന്ന ചന്ദയാണ് ഈദ് ഫണ്ട്. സന്തോഷ വേളകളിൽ മനുഷ്യർ വിവിധങ്ങളായ ചെലവുകൾ ചെയ്യുന്നതിന്റെ കൂട്ടത്തിൽ ദീനീ ഉദ്ദേശ്യത്തിനു വേണ്ടിയും ചെലവഴിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. സ്വന്തം ഇഷ്ടത്തിനും കഴിവിനും അനുസരിച്ചാണ് ഇതിന്റെ തോത് നിശ്ചയിച്ചിട്ടുള്ളത്. എന്നിരുന്നാലും പൊതുവിൽ പെരുന്നാൾ ദിവസം സാധാരണയായി ചെയ്യുന്ന ചെലവിന്റെ പകുതി ഈ ഫണ്ടിലേക്ക് നൽകുന്നതാണ് ഉചിതം. ഇത് കേന്ദ്ര ചന്ദയാണ്. മുഴുവനായും കേന്ദ്രത്തിലേക്ക് അയക്കേണ്ടതാണ്. പ്രാദേശിക തലത്തിൽ ചെലവഴിക്കുന്നതിനുള്ള അനുവാദമില്ല.

## ചന്ദ തഹ്‌രീകെ ജദീദ്

1934 ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) തുടക്കം കുറിച്ച പദ്ധതിയാണ് തഹ്‌രീകെ ജദീദ്. വിദേശ രാജ്യങ്ങളിൽ ഇസ്‌ലാമിന്റെ പ്രചരണം ആസൂത്രിതമായ നിലയിൽ നടത്തുന്നതിനു വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. ആരംഭത്തിൽ ഏതാനും വർഷത്തേക്ക് വേണ്ടി മാത്രമായിരുന്നു ഈ ആഹ്വാനം. പിന്നീട് വർദ്ധിപ്പിച്ച് 19 വർഷം വരെ നീണ്ടു. പിന്നീട് 19 വർഷങ്ങൾക്കു ശേഷം ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ഇതിനെ സ്ഥിര സാമ്പത്തിക പദ്ധതിയായി നിലനിർത്തുന്നതായി വിളംബരം നടത്തി.

**നുസ്റത് ജഹാൻ സ്കീം**

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) തഹ്‌രീകെ ജദീദിന്റെ കീഴിൽ ആഫ്രിക്കൻ രാഷ്ട്രങ്ങളുടെ പുരോഗതി ക്കു വേണ്ടി തുടക്കം കുറിച്ച പദ്ധതിയാണ് നുസ്റത് ജഹാൻ സ്കീം. ഇതിന്റെ കീഴിൽ ആഫ്രിക്കയിൽ ധാരാളം സ്കൂളുകളും ആശുപത്രികളും മറ്റും പ്രവർത്തിച്ചു വരുന്നുണ്ട്.

## ചന്ദ വഖ്ഫെ ജദീദ്

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) 1957 ൽ തുടക്കമിട്ട സാമ്പത്തിക പദ്ധതിയാണ് വഖ് ഫെ ജദീദ്. ഇതിൽ പ്രാദേശിക ഗ്രാമീണ ജമാഅത്തുകളിൽ വിദ്യാഭ്യാസ ശിക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതു കൂടാതെ വിഗ്രഹാരാധകരായ ജനങ്ങളിലേക്ക് ഏക ദൈവത്തിന്റെ സന്ദേശം എത്തിക്കുക എന്നതും ഉദ്ദേശ്യമാണ്.

## അമാനത്ത് സാറ്റലൈറ്റ് ഫണ്ട്

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ ഹിജ്റത്തിന്റെ അനേകം മധുര ഫലങ്ങളിൽ ഒന്ന് എം.ടി. എ യുടെ രൂപത്തിൽ ജമാഅത്തിന് ലഭിക്കുകയുണ്ടായി. 1991 ൽ ഏതാനും മണിക്കൂറുകൾ മാത്രമായി നിത്യവും സംപ്രേഷണം ആരംഭിച്ച എം.ടി.എ ഇന്ന് 24 മണിക്കൂറും ലോകത്തിലെ എല്ലാ വൻകരകളിലും സംപ്രേഷണം ചെയ്തു കൊണ്ടിരിക്കുന്ന ഇസ്‌ലാമിക ചാനലാണ്. ഇതിന്റെ സംപ്രേക്ഷണത്തിനായി വലിയൊരു സംഖ്യ തന്നെ ജമാഅത്തിന് ചെലവാക്കേണ്ടി വരുന്നുണ്ട്. അതിലേക്കായി നൽകപ്പെടുന്ന ചന്ദയാണ് അമാനത്ത് സാറ്റലൈറ്റ് ഫണ്ട് എന്നറിയപ്പെടുന്നത്.

## ഇംദാദ് ത്വുലബാഅ്

നസാറത് തഅ്‌ലീം മുഖേന അർഹരായ സാധു വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് പഠനത്തിനായി സാമ്പത്തിക സഹായം നൽകപ്പെടുന്നു. അതിലേക്കുള്ള ഫണ്ടിനെയാണ് ഇംദാദ് ത്വുലബാഅ് എന്ന് പറയുന്നത്.

## അമാനത്ത് ഖിദ്മത്തെ ഖൽഖ്

ഫള്‌ലെ ഉമർ ആശുപത്രിയിൽ ചികിൽസയ്ക്കായി എത്തുന്ന കഴിവില്ലാത്ത സാധുക്കളായ രോഗികൾക്ക് ഈ ഫണ്ടിൽ നിന്നാണ് ചികിൽസാ സഹായം നൽകുന്നത്. അതിൽ ഭാഗവാക്കാകാൻ ആഗ്രഹിക്കുന്നവർ ഈ വിഭാഗ ത്തിൽ ചന്ദ നൽകേണ്ടതാണ്.

## ബുയൂത്തുൽ ഹംദ് ഫണ്ട്

29.10.1982 ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം നൂറ്റാണ്ടിനെ സ്വാഗതം ചെയ്തു കൊണ്ടും ഒന്നാം നൂറ്റാണ്ടിലുണ്ടായ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിസൂചകമായും 100 സാധുക്കൾക്ക് സൗജന്യമായി വീട് നിർമിച്ച് നൽകുന്നതിനുള്ള പദ്ധതി ആഹ്വാനം ചെയ്യുകയുണ്ടായി. കൂടാതെ മറ്റ് ധാരാളം ദരിദ്രരായ അഹ്മദികൾക്ക് വീട് നിർമാണത്തിൽ ഭാഗികമായി സാമ്പത്തിക സഹായവും നടത്തി വരുന്നുണ്ട്.

## യതാമാ ഫണ്ട്

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) അനാഥരുടെ സംരക്ഷണാർത്ഥം ആരംഭിച്ച പദ്ധതിയാണിത്. ഈ പദ്ധതിയുടെ കീഴിൽ ജമാഅത്ത് ആയിരക്കണക്കിന് അനാഥരെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തു വരുന്നു.

## തഅ്മീർ മസാജിദ് ഫണ്ട്

അല്ലാഹുവിന്റെ ഭവനം നിർമിക്കുക എന്നത് സ്വർഗത്തിൽ ഭവനം നിർമിക്കുന്നതിന് സമാനമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജമാഅത്തുകൾക്കും രാഷ്ട്രങ്ങൾക്കും പള്ളി നിർമിച്ചു നൽകുന്നതിനായി സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഓരോ വർഷവും ബജറ്റിൽ തുക ഉൾക്കൊള്ളിക്കുന്നു. എന്നാൽ വർദ്ധിച്ച ആവശ്യങ്ങളും ചെലവും നിമിത്തം ഈ ബജറ്റ് മതിയാകാതെ വരുന്നു. അല്ലാഹുവിന്റെ ഭവന നിർമാണത്തിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർക്ക് ഈയിനത്തിൽ ചന്ദ നൽകാവുന്നതാണ്.

## സദഖ

സദഖ വിപത്തിനെ തടയുന്നു. ഏതെങ്കിലും ആവശ്യക്കാരന്റെ ആവശ്യത്തെ പൂർത്തിയാക്കുന്നവരുടെ ആവശ്യത്തെ അല്ലാഹു പൂർത്തിയാക്കുന്നു. സദഖയായി ലഭിക്കുന്ന തുകയിൽ നിന്നും ജമാഅത്ത് അർഹരായവർക്ക് ആവശ്യസമയത്ത് സഹായം നൽകുന്നു.

## ഫിദ്‌യ

ഏതെങ്കിലും രോഗത്താലോ, യാത്രയാലോ, മറ്റെന്തെങ്കിലും കാരണത്താലോ പരിശുദ്ധ റമദാനിലെ നോമ്പ് അനുഷ്ഠിക്കാൻ സാധിക്കാത്തവർക്ക് വിശുദ്ധഖുർആൻ നൽകുന്ന കല്പ

നയാണ് ഫിദ്‌യ. സൽക്കർമത്തിൽ നിന്ന് പിന്തള്ളപ്പെട്ടതിന്റെ പ്രായശ്ചിത്തവും ഭാവിയിൽ നോമ്പ് അനുഷ്ടിക്കുന്നതിനുള്ള തൗഫീഖ് ലഭിക്കുന്നതിനുമായിട്ടാണ് ഫിദ്‌യ നൽകുന്നത്.

**അളവ്**

സ്വന്തം നിലവാരമനുസരിച്ച് ഏതെങ്കിലും അർഹനായ വ്യക്തിക്ക് ഒരു നോമ്പിന് പകരം രണ്ട് നേരത്തെ ഭക്ഷണമോ അതിനുള്ള ചെലവോ നൽകുക. ഇത് സ്വയം അർഹരായവരെ കണ്ടെത്തി നൽകാവുന്നതാണ്. അല്ലെങ്കിൽ ജമാഅത്തിന് നൽകാവുന്നതാണ്. ജമാഅത്ത് ആ തുക കേന്ദ്രത്തിലേക്ക് അയക്കേണ്ടതാണ്.

## മർയം ശാദി ഫണ്ട്

വിവാഹ വേളകളിൽ ഉണ്ടാകുന്ന അനാചാരങ്ങളിൽ നിന്ന് വിട്ടു നിൽക്കാൻ ഹദ്റത് മസീഹ് മൗഊദ്(അ) നിർദേശിക്കുകയുണ്ടായി. അതിനാൽ അത്തരം അനാചാരങ്ങളിൽ നിന്നും അനാവശ്യ ചെലവുകളിൽ നിന്നും വിട്ടു നിൽക്കേണ്ടത് അനിവാര്യമാണ്. അതോടൊപ്പം വിവാഹവേളകളിൽ നന്ദിസൂചകമായി ശാദി ഫണ്ടിലേക്ക് ചന്ദ നൽകിക്കൊണ്ട് ഏതെങ്കിലും സാധുപെൺകുട്ടിയുടെ സന്തോഷത്തിൽ നമുക്ക് ഭാഗവാക്കാകാൻ സാധിക്കുന്നതാണ്. ഈ ഫണ്ടിന്റെ കീഴിൽ ജമാഅത്ത് ധാരാളം സാധു പെൺകുട്ടികളുടെ വിവാഹവേളകളിൽ സഹായധനം നൽകി അവർക്ക് ആശ്വാസമേകി വരുന്നു. 21.2.2001 ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)യാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്.

## സയ്യദ്നാ ബിലാൽ ഫണ്ട്

1986 മാർച്ച് 15 നാണ് ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഈ പദ്ധതിക്ക് രൂപം നൽകിയത്. അഹ്മദിയ്യത്തിനായി തങ്ങളുടെ ജീവൻ സമർപ്പിക്കുന്നവരുടെ കുടുംബത്തിന്റെ പരിപാലനത്തിനായിട്ടാണ് ഈ ഫണ്ട് ഉപയോഗിക്കുന്നത്. ഈ ഫണ്ടിലേക്ക് തങ്ങളുടെ കഴിവനുസരിച്ച് ചന്ദ നൽകുന്നവരുടെ ലിസ്റ്റ് എല്ലാ മാസവും ഖലീഫാതിരുമനസിന്റെ സവിധത്തിലേക്ക് ദുആയ്ക്കായി അയക്കാറുണ്ട്.

## ലോക്കൽ ഫണ്ട്

പ്രാദേശിക ജമാഅത്തിന്റെ ആവശ്യങ്ങളെ ലോക്കൽ ഫണ്ടിൽ നിന്നാണ് പൂർത്തിയാക്കുന്നത്. ആ ഫണ്ട് ചന്ദ ഹിസ്സ ആമദിന്റെയും ചന്ദ ആമിന്റെയും മൊത്തം തുകയുടെ മുപ്പതിൽ ഒരു ഭാഗമാണ്. അഥവാ ഇതിൽ കൂടുതൽ ആവശ്യമുണ്ടെങ്കിൽ ആവശ്യം വ്യക്തമാക്കി നസാറത് ബയ്ത്തുൽ മാലിൽ നിന്ന് അനുമതി വാങ്ങേണ്ടത് അനിവാര്യമാണ്.

- നിർബന്ധചന്ദ കുടിശികയുള്ളവരിൽ നിന്ന് ലോക്കൽ ഫണ്ടോ സംഭാവനയോ പിരിക്കാൻ പാടുള്ളതല്ല.
- ലോക്കൽ ഫണ്ടും സംഭാവനയും പ്രാദേശിക ജമാഅത്തംഗങ്ങളിൽ നിന്ന് മാത്രമേ സ്വീകരിക്കാവൂ. മറ്റുള്ളവരിൽ നിന്ന് സ്വീകരിക്കണമെങ്കിൽ നസാറത് ബയ്ത്തുൽ മാലിൽ നിന്നും അനുമതി കരസ്ഥമാക്കേണ്ടതാണ്.
- ലോക്കൽ ഫണ്ടോ സംഭാവനയോ എത്ര തന്നെ നിസാര തുകയാണെങ്കിലും രസീദില്ലാതെ സ്വീകരിക്കാവുന്നതല്ല.
- ചെലവുകളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ബില്ലുകളിൽ ബന്ധപ്പെട്ട ഭാരവാഹികളുടെ ഒപ്പും ഉണ്ടാകേണ്ടതാണ്.

## ചന്ദ ഇശാഅത്തെ ഇസ്‌ലാം

കച്ചവടാവശ്യത്തിനും മറ്റുമായി ബാങ്കിൽ തുക നിക്ഷേപിക്കുന്നവർക്ക് ബാങ്കിൽ നിന്നും പലി ശയിനത്തിൽ ലഭിക്കുന്ന തുക സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതല്ല. കാരണം പലിശ അല്ലാഹു നിരോധിച്ചതാണ്. എന്നാൽ നിർബന്ധിത സാഹചര്യത്തിലോ മറ്റോ ഇത്തരത്തിലുള്ള നിക്ഷേപങ്ങൾക്കായി ലഭിക്കുന്ന തുക ഇശാഅത്തെ ഇസ്‌ലാം എന്ന ഫണ്ടിലേക്ക് അയക്കേണ്ടതാണ്. ഇതിൽ നിന്നും ഇസ്‌ലാമിന്റെ പ്രചരണത്തിനായുള്ള പ്രസിദ്ധീകരണത്തിനും മറ്റുമുള്ള ചെലവ് വഹിക്കുന്നു.

## ത്വാഹിർ ഫൗണ്ടേഷൻ

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് രൂപം നൽകിയ പദ്ധതിയാണ് ത്വാഹിർ ഫൗണ്ടേഷൻ. ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തുടക്കം കുറിച്ച എല്ലാ പദ്ധതികളെയും പൂർത്തിയാക്കുകയും അദ്ദേഹത്തിന്റെ വിജ്ഞാന സമുദ്രത്തിന്റെ ക്രോഡീകരണത്തിനും പ്രസിദ്ധീകരണത്തിനുമായിട്ടാണ് ഇതിലെ തുക ചെലവഴിക്കുന്നത്.

# പോഷക സംഘടനകളുടെ ചന്ദ

**മജ്‌ലിസ് അൻസാറുല്ലാഹ്:**

*ചന്ദ മജ്‌ലിസ്:* വരുമാനമുള്ളവർക്ക് വരുമാനത്തിന്റെ 1 ശതമാനം.

*ചന്ദ ഇജ്തിമ:* വരുമാനമുള്ളവരുടെ മാസ വരുമാനത്തിന്റെ 1.5% വാർഷിക ചന്ദയായി നൽകേണ്ടതാണ്.

**മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ:**

*ചന്ദ മജ്‌ലിസ്:* വരുമാനമുള്ളവർക്ക് വരുമാനത്തിന്റെ 1 ശതമാനം. വരുമാനമില്ലാത്തവർക്കും വിദ്യാർത്ഥികൾക്കും മാസം കുറഞ്ഞത് 5 രൂപ.

*ചന്ദ ഇജ്തിമ:* വരുമാനമുള്ളവരുടെ മാസ വരുമാനത്തിന്റെ 5% വാർഷിക ചന്ദയായി നൽകേണ്ടതാണ്. വരുമാനമില്ലാത്തവർക്കും വിദ്യാർത്ഥികൾക്കും വർഷത്തിൽ കുറഞ്ഞത് 40 രൂപ.

**മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യ:**

*ചന്ദ മജ്‌ലിസ്:* ഓരോ ത്വിഫിലിനും മാസം കുറഞ്ഞത് രണ്ടര രൂപയാണ് ചന്ദ മജ്‌ലിസ്.

*ചന്ദ ഇജ്തിമ:* വർഷത്തിൽ കുറഞ്ഞത് 5 രൂപ.

**ലജ്ന ഇമാഇല്ലാഹ്:**

*ചന്ദ മജ്‌ലിസ്:* വരുമാനമില്ലാത്തവർക്ക് കുറഞ്ഞത് മാസം 3 രൂപ. വരുമാനമുള്ളവർക്ക് വരുമാനത്തിന്റെ ഒരു ശതമാനം.

*ചന്ദ ഇജ്തിമ:* വരുമാനമുള്ളവർക്ക് വർഷത്തിൽ 50 രൂപയും മറ്റുള്ളവർക്ക് 24 രൂപയും.

**നാസിറാത്തുൽ അഹ്മദിയ്യ:**

*ചന്ദ മജ്‌ലിസ്:* മാസത്തിൽ 1 രൂപ.

*ചന്ദ ഇജ്തിമ:* വർഷത്തിൽ 15 രൂപ.

# വരുമാനത്തിന്റെ നിർവചനം

വിവിധ മാർഗങ്ങളിലൂടെ കരസ്ഥമാകുന്ന മൊത്തം വരുമാനത്തെ വരുമാനമായി ഗണിക്കുന്നതാണ്. ചന്ദ നൽകുന്ന ഓരോരുത്തരും ദൈവഭയത്തിന്റെ നിബന്ധനയെ ആധാരമാക്കി തന്റെ ആത്മാർത്ഥതയുടെയും മനസ്സാക്ഷിയുടെയും അളവുകോലിൽ തോതനുസരിച്ച് ചന്ദ നൽകേണ്ടതാണ്. വീടിന്റെ വാടകയും മറ്റും കുറക്കുക അനുവദനീയമല്ല. എന്നാൽ ജോലിസംബന്ധമായ കടമകൾ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട യാത്രാവേളകളിൽ ലഭിക്കുന്ന യാത്രാബത്തകളെ വരുമാനത്തിൽ ഉൾപ്പെട്ടതായി ഗണിക്കുന്നതല്ല. എന്നാൽ അതിൽ നിന്നും മിച്ചം വെച്ച് ആരെങ്കിലും സ്വയം ചന്ദ നൽകുകയാണെങ്കിൽ ഉത്തമമായിരിക്കും.

പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്ത്തദയ്തും ഇഹ്തദയ്തും
എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത് അബുൽഹൈസം അൻസാരി (റ)

## വംശാവലി

മദീനയിലെ ഔസ് ഗോത്രവുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. യഥാർത്ഥ പേര് മാലിക് ഇബിനു ബല്ലി എന്നാണ്. പിതാവിന്റെ സ്ഥാനപ്പേര് അത്തൈഹാൻ. മാതാവ് ലൈല.

## ഇസ്ലാം മതത്തിലേക്ക്

മദീനയിൽ നിന്നും ആരംഭകാലത്തു തന്നെ ഇസ്ലാം മതം സ്വീകരിച്ചവരിൽ രണ്ടാം സ്ഥാനത്താണ് അദ്ദേഹം. ആദ്യം മുതൽക്ക് തന്നെ അദ്ദേഹം ഏകദൈവ വിശ്വാസിയായിരുന്നു. അതിനാൽ വളരെ പെട്ടെന്ന് തന്നെ ഇസ്ലാമിലേക്ക് ആകൃഷ്ടനായി. ഉഖ്ബയിൽ വെച്ച് നബി(സ) തിരുമേനിയുമായി ആദ്യ കൂടിക്കാഴ്ച നടത്തിയ ആറു പേരിൽ അദ്ദേഹവും ഉൾപ്പെടുന്നു. പിന്നീട് മദീനയിൽ വന്ന് അവിടെ ഇസ്ലാമിന്റെ സന്ദേശം എത്തിക്കുന്നതിനുള്ള തൗഫീഖ് അദ്ദേഹത്തിന് ലഭിച്ചു.

## ആത്മാർത്ഥതയും കൂറും

ഉഖ്ബയിൽ വെച്ചു നടന്ന ബയ്അത്ത് വേളയിൽ അദ്ദേഹം പ്രകടിപ്പിച്ച നിസ്വാർത്ഥ സ്നേഹം നബി (സ)യോട് അദ്ദേഹത്തിനുണ്ടായിരുന്ന ആത്മാർത്ഥതയുടെയും കൂറിന്റെയും ഉജ്വല മാതൃകയാണ്. അദ്ദേഹം പറഞ്ഞു, അല്ലാഹുവിന്റെ ദൂതരെ! എനിക്കൊരപേക്ഷയുണ്ട്. അങ്ങയുമായി ഞങ്ങൾക്കിപ്പോൾ സുദൃഢ ബന്ധമാണുള്ളത്. അല്ലാഹു അങ്ങയെ സഹായിക്കുകയും സ്വന്തം സമുദായത്തിനുമേൽ അങ്ങയ്ക്ക് വിജയം നൽകുകയും ചെയ്താൽ അങ്ങ് ഞങ്ങളെ ഉപേക്ഷിച്ച് പോകുമോ? നബി (സ) പുഞ്ചിരിച്ചു കൊണ്ട് മറുപടി പറഞ്ഞു, ഇപ്പോൾ നിങ്ങളുടെ രക്തം എന്റെ രക്തമായി മാറി. ഞാനിപ്പോൾ നിങ്ങളിൽ നിന്നാണ്. നിങ്ങൾ എന്നിൽ നിന്നും. നിങ്ങളുമായി യുദ്ധം ചെയ്യുന്നവർ ഞാനുമായിട്ടാണ് യുദ്ധം ചെയ്യുന്നത്. നിങ്ങളുമായി രഞ്ജിപ്പുണ്ടാക്കുന്നവർ ഞാനുമായി രഞ്ജിപ്പുണ്ടാക്കുന്നു.

## യുദ്ധങ്ങളിൽ ഒപ്പത്തിനൊപ്പം

അദ്ദേഹത്തിന് എല്ലാ യുദ്ധങ്ങളിലും നബി (സ)യ്ക്കൊപ്പം പടപൊരുതുന്നതിനുള്ള തൗഫീഖ് ലഭിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ബദ്ർ, ഉഹ്ദ്, ഖന്തക്ക് യുദ്ധങ്ങളിൽ അദ്ദേഹത്തിന് തന്റെ യുദ്ധപാടവം തെളിയിക്കുന്നതിനുള്ള അവസരം ലഭിക്കുകയുണ്ടായി. മുഅ്ത യുദ്ധവേളയിൽ നബി (സ) അദ്ദേഹത്തെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ദൗത്യം ഏൽപ്പിക്കുകയും ചെയ്തു.

## സൽക്കാരവും സഹാബാക്കളുടെ ദുആയും

അങ്ങേയറ്റം അതിഥി സൽക്കാരപ്രിയനായിരുന്നു അദ്ദേഹം. തൽഫലമായി നബി (സ)യുടെ ധാരാളം ദുആക്ക് അദ്ദേഹം അവകാശിയായിത്തീരുകയുണ്ടായി. ഒരിക്കൽ അദ്ദേഹം നബി (സ)യേയും സഹാബാക്കളെയും ഭക്ഷണത്തിനായി ക്ഷണിച്ചു. ഭക്ഷണത്തിനു ശേഷം നബി (സ) സഹാബാക്കളോട് പറഞ്ഞു, ഇനി അദ്ദേഹത്തിന് പ്രതിഫലം നൽകുക. സഹാബാക്കൾ ചോദിച്ചു, എന്ത് പ്രതിഫലമാണ് നൽകേണ്ടത്? നബി (സ) പറഞ്ഞു, നിങ്ങൾ ആരുടെയെങ്കിലും വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്താൽ ആ വീട്ടുകാർക്കു വേണ്ടി ദുആ ചെയ്യുക. അതാണവരുടെ പ്രതിഫലം. അങ്ങിനെ റസൂൽ തിരുമേനി (സ) അദ്ദേഹത്തിനായി ദുആ ചെയ്യുകയും സഹാബാക്കളെ കൊണ്ട് ചെയ്യിപ്പിക്കുകയും ചെയ്തു.

## സേവനങ്ങൾ

ഒരിക്കൽ നബി (സ) പൊതുവിൽ ആരും പുറത്തിറങ്ങാത്ത സമയത്ത് അതായത് നട്ടുച്ച സമയത്ത് വീട്ടിൽ നിന്നും പുറത്തിറങ്ങി മസ്ജിദ് നബവിയിൽ എത്തി. അപ്പോൾ യാദൃശ്ചികമായി ഹദ്റത് അബൂബക്കർ (റ) വും അവിടെ എത്തി. നബി (സ) ചോദിച്ചു, എന്താണ് വന്നത്? ഹദ്റത് അബൂബക്കർ (റ) പറഞ്ഞു, അങ്ങയെ കാണാനും സലാം പറയാനും. അപ്പോഴേക്കും ഹദ്റത് ഉമർ (റ) വും എത്തി. നബി (സ) ചോദിച്ചു, എന്താണ് വന്നത്? ഉമർ (റ) പറഞ്ഞു, എനിക്ക് വിശക്കുന്നു. നബി (സ) പറഞ്ഞു, എനിക്കും നല്ല വിശപ്പുണ്ട്. വരൂ, നമുക്ക് അബൂ ഹൈസമിന്റെ വീട്ടിലേക്ക് പോകാം. അങ്ങിനെ അവർ അവിടെ എത്തി വീട്ടുകാർക്ക് സലാം പറഞ്ഞു. അബുൽ ഹൈസമിന്റെ ഭാര്യ അവരെ വിളിച്ചിരുത്തി. അബുൽഹൈസം എവിടെ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം വെള്ളം കൊണ്ടുവരാൻ പോയിരിക്കുന്നു എന്ന് പറഞ്ഞു. അല്പ നേരത്തിനുള്ളിൽ അദ്ദേഹം മടങ്ങി വന്നു. നബി (സ) യെ കണ്ടപ്പോൾ സന്തോഷത്തോടെ ഓടി വന്ന് കെട്ടിപ്പിടിച്ചു. അന്നാളിൽ അദ്ദേഹത്തിന് കാരക്ക തോട്ടവും കുറെ ആടുകളും ഉണ്ടായിരുന്നു. അദ്ദേഹം അവരെ തന്റെ തോട്ടത്തിലേക്ക് ക്ഷണിച്ചു. അവിടെ പുതപ്പ് വിരിച്ച് അവരെ ഇരുത്തി. ശേഷം പഴുത്ത കാരക്ക കുലയോടു കൂടി പറിച്ച് കൊണ്ടുവന്നു കൊടുത്തു. പിന്നീട് വെള്ളവും കൊടുത്തു. അനന്തരം ഒരു ആടിനെ അറുത്ത് അവർക്കായി ഭക്ഷണമൊരുക്കി.

## നബി(സ)യുടെ ഉപഹാരം

അദ്ദേഹം എല്ലാ വീട്ടുജോലിയും സ്വന്തം ചെയ്യുന്നത് കണ്ട നബി (സ) അദ്ദേഹത്തോട് ഭൃത്യനൊന്നും ഇല്ലേ എന്ന് ചോദിച്ചു. ഇല്ല എന്ന് പറഞ്ഞപ്പോൾ ഇനി എന്റെ പക്കൽ തടവുകാരായി ആരെങ്കിലും എത്തുമ്പോൾ താങ്കൾക്ക് ഒരു ഭൃത്യനെ നൽകാം എന്ന് തിരുമേനി (സ) പറഞ്ഞു. പിന്നീട് നബി (സ)യുടെ പക്കൽ രണ്ട് തടവുകാർ എത്തിയപ്പോൾ നബി (സ) അദ്ദേഹത്തെ വിളിപ്പിച്ച് ഒന്നിനെ എടുത്തു കൊള്ളാൻ കല്പിച്ചു. അങ്ങ് തന്നെ തിരഞ്ഞെടുത്തു തന്നാലും എന്ന് അദ്ദേഹം പറഞ്ഞപ്പോൾ അതിൽ ഒരാളെ അദ്ദേഹത്തിനായി നബി (സ) നൽകി. അതോടൊപ്പം ആ ഭൃത്യനോട് നല്ല നിലയിൽ പെരുമാറണം എന്നും പറഞ്ഞു. സന്തോഷത്തോടെ വീട്ടിൽ എത്തിയ അദ്ദേഹം ആ ഭൃത്യനെ തന്റെ ഭാര്യയുടെ കയ്യിൽ ഏൽപ്പിച്ച് അതിനോട് നല്ല നിലയിൽ പെരുമാറണം എന്ന നബി (സ) യുടെ നിർദേശവും കേൾപ്പിച്ചു. അപ്പോൾ ആ സ്ത്രീ പറഞ്ഞു, അങ്ങിനെയെങ്കിൽ അതിനെ സ്വതന്ത്രനാക്കി അതിന്റെ അവകാശം പൂർത്തിയാക്കുക. അങ്ങിനെ അദ്ദേഹം ഉടൻ തന്നെ അവൻ സ്വതന്ത്രനാണെന്ന് വിളംബരപ്പെടുത്തി.

## ശഹാദത്ത്

ഒരു രിവായത്തനുസരിച്ച് അബുൽ ഹൈസം(റ) ന്റെ വഫാത്ത് ഹിജ്രി 20 നാണെന്നും മറ്റൊരു രിവായത്തനുസരിച്ച് സിഫ്ഫൈൻ യുദ്ധത്തിൽ ഹദ്റത് അലി (റ) നോടൊപ്പം യുദ്ധം ചെയ്താണ് ശഹീദായതെന്നുമാണ് രേഖപ്പെട്ടു കിടക്കുന്നത്.

# കർമശാസ്ത്രം

# നിക്കാഹ്

**ചട്ടം നമ്പർ 3. നിക്കാഹിന്റെ ഉദ്ദേശ്യം**
നിക്കാഹിന്റെ ഉദ്ദേശ്യം മനുഷ്യവംശത്തിന്റെ നിലനിൽപ്പും, ചാരിത്ര സംരക്ഷണവും, സ്നേഹ സമ്പാദനവും, സംതൃപ്തിയിൽ അധിഷ്ഠിതമായ സമാധാന കുടുംബ ജീവിതത്തിന്റെ ജാമ്യം സാധ്യമാക്കുക എന്നതാകുന്നു.

**വിശദീകരണം.**
വിശുദ്ധഖുർആനിൽ വിവാഹിതരായ പുരുഷന്മാരെയും സ്ത്രീകളെയും മുഹ്സിൻ, മുഹ്സിന എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. (3:25). അതിന്റെ അർത്ഥം കോട്ട കെട്ടി സുരക്ഷിതരാകുക എന്നാണ്. ഇത് സൂചിപ്പിക്കുന്നത്, സ്ത്രീപുരുഷന്മാരെ പൈശാചിക ദുർബോധനങ്ങളിൽ നിന്നും ശരീരേഛകളുടെ ആക്രമണത്തിൽ നിന്നും സുരക്ഷിതരാക്കുക എന്നതാണ് വിവാഹത്തിന്റെ ഉദ്ദേശ്യം എന്നാണ്. ചുരുക്കത്തിൽ ചാരിത്ര സംരക്ഷണവും ഭയഭക്തിയിലധിഷ്ഠിതമായ ജീവിതവും നിക്കാഹിന്റെ സുപ്രധാന ലക്ഷ്യങ്ങളിൽ പെട്ടവയാകുന്നു.

അതുപോലെ മനുഷ്യതലമുറയുടെ നിലനിൽപും, വംശാവലിയുടെ സംരക്ഷണവും, കുടുംബ ജീവിതത്തെ സുദൃഢമായ അടിത്തറയിൽ ഉറപ്പിച്ചു നിർത്തുക എന്നതും നിക്കാഹിന്റെ ഉദ്ദേശ്യങ്ങളിൽ പെട്ടവയാണ്.

**ചട്ടം നമ്പർ 3. നിക്കാഹിന്റെ അർഹത**
എല്ലാ ബുദ്ധിസ്ഥിരതയുള്ളതും പ്രായപൂർത്തിയായതുമായ അഹ്മദി നിക്കാഹിന് അർഹനാണ്.

**വിശദീകരണം.**
നിക്കാഹിനു ശേഷം രണ്ടു കൂട്ടർക്കും ശരീഅത്ത് പരമായിട്ടും നിയമപരമായിട്ടും പൂർത്തിയാക്കേണ്ട ചില അവകാശങ്ങളും നിർബന്ധ കടമകളും ബാധ്യതയായി മാറുന്നു. അതിനാൽ ഈ ഉടമ്പടിയുടെ രണ്ട് സുപ്രധാനമായ ഗുണങ്ങളായ ബുദ്ധിസ്ഥിരതയും, പ്രായപൂർത്തിയും ആകേണ്ടത് അനിവാര്യമാകുന്നു. അക്കാരണത്താൽ തന്നെ ഭ്രാന്തനും, മന്ദബുദ്ധിയും, പ്രായപൂർത്തിയാകാത്തവരും സ്വയം തങ്ങളുടെ നിക്കാഹ് ചെയ്യുന്നതിനുള്ള അർഹരല്ലാത്തത്. എന്നാൽ അവരുടെ ഭാഗത്ത് നിന്നും അവരുടെ രക്ഷാധികാരിക്ക് ഈ ഉടമ്പടി ചെയ്യാവുന്നതാണ്. അത്തരം അവസരത്തിൽ മന്ദബുദ്ധിയുടെയോ അല്ലെങ്കിൽ പ്രായപൂർത്തിയാകാത്തവരുടെയോ രക്ഷാധികാരി നിക്കാഹ് ചെയ്യപ്പെടുന്ന സ്ത്രീയുടെയും രക്ഷാധികാരി എന്ന നിലയിൽ അവരുടെ ആഹാരത്തിന്റെയും മഹറിന്റെയും ഉത്തരവാദിയായിരിക്കും.

**ചട്ടം നമ്പർ 4. പ്രായപൂർത്തി**
നിക്കാഹിനു വേണ്ടി പുരുഷന്മാരുടെയും സ് ത്രീകളുടെയും സ്വാഭാവിക പ്രായപൂർത്തി മതിയാവുന്നതും വിശ്വാസയോഗ്യവുമാണ്. എന്നിരുന്നാലും രാജ്യത്തിന്റെ അവസ്ഥയും പ്രദേശത്തിന്റെ കാലാവസ്ഥയും പരിഗണിച്ചു കൊണ്ട് പുരുഷന്റെയും സ്ത്രീയുടെയും പ്രായപൂർത്തിയാകുന്നതിനുള്ള പ്രായനിർണയത്തിനായി ഉചിതമായ നിയമം ഉണ്ടാക്കാവുന്നതാണ്.

**വിശദീകരണം**
നിക്കാഹിനായി ശരീഅത്തിനനുസരിച്ച് ആൺ കുട്ടിയോ പെൺകുട്ടിയോ പ്രായപൂർത്തിയായതായി മനസ്സിലാക്കുന്നത് അവർ ശാരീരികമാ യി പ്രായപൂർത്തിയാകുമ്പോഴാണ്. അതിന്റെ ഒരു സ്വാഭാവിക ലക്ഷണം ആൺകുട്ടികൾ ക്ക് സ്ഖലനം ഉണ്ടാകുക എന്നതും പെൺകുട്ടികൾക്ക് ആർത്തവ ആരംഭവുമാണ്. പ്രായപൂർത്തിയാകുന്ന ആ പ്രായം കുടുംബപശ്ചാത്തലം, ഭക്ഷണക്രമം, ആരോഗ്യം, രാഷ്ട്രത്തിന്റെ കാലാവസ്ഥ എന്നിവയനുസരിച്ച് വ്യത്യസ്ഥങ്ങളാകാം.

എന്നാൽ ഒരേപോലെയാക്കുക എന്ന ഉദ്ദേശ്യത്തിനായി നിയമം അനുശാസിക്കുന്നുവെങ്കി ൽ വിവിധ ഉദ്ദേശ്യങ്ങൾക്കായി പ്രായപൂർത്തിയാകേണ്ട വയസ് വർഷങ്ങളായി നിശ്ചയിക്കാവുന്നതാണ്. ഉദാഹരണമായി, വിവാഹത്തിനായി ആൺകുട്ടികളുടെ പ്രായം 18 ഉം പെൺ കുട്ടികളുടെ പ്രായം പ്രായം 16 ഉം ആയി നിശ്ചയിക്കാവുന്നതാണ്. അതുപോലെ സാമ്പത്തിക ഇടപാടുകൾക്കായി ആൺപെൺകുട്ടികളുടെ പ്രായം 18 ആയും നിശ്ചയിക്കാവുന്നതാണ്. ശരീഅത്ത് ഇതിൽ യാതൊരു തടസ്സമായിരിക്കില്ല.

(ഫിഖ്ഹ് അഹ്മദിയ്യ ഭാഗം 2, പേജ് 18–20)

# പുനർജനിക്കുന്നവരുടെ പിന്തുടർച്ചാവകാശം

ഇസാലയെ ഔഹാം എന്ന ഗ്രന്ഥം അച്ചടിക്കുന്ന അവസരത്തിൽ ഉണ്ടായ ഒരു സംഭവത്തെ കുറിച്ച് ശേഖ് നൂർ അഹ്മദ് സാഹിബ് പറയുന്നു, " ഇസാലയെ ഔഹാം എന്ന ഗ്രന്ഥം അച്ചടിക്കുന്നതിനായി എന്റെ അച്ചടിശാലയിൽ എത്തുകയുണ്ടായി. അച്ചടിക്കേണ്ട കാര്യങ്ങൾ ഹദ്റത് സാഹിബ് ലുധിയാനയിൽ ഇരുന്ന് എഴുതുകയും അത് എന്റെ അടുക്കലേക്ക് അയക്കുകയുമായിരുന്നു ചെയ്തിരുന്നത്. പ്രസ്തുത ഗ്രന്ഥത്തിൽ 'മൃതർ പുനർജനിച്ച് വരികയില്ലെന്ന് മാത്രമല്ല, ഹദ്റത് മസീഹ് യഥാർത്ഥത്തിൽ മരിച്ച ആരെയും ജനിപ്പിച്ചിട്ടില്ല തന്നെ' എന്നെഴുതിയത് വായിച്ചപ്പോൾ പഴയ വിശ്വാസത്തിന്റെ കാരണത്താൽ ഹദ്റത് സാഹിബ് ഇതെന്താണ് എഴുതി വെച്ചിരിക്കുന്നത് എന്നതിൽ ഞാനൽഭുതപ്പെട്ടു.ഞാനത് തത്വത്തിൽ അംഗീകരിച്ചെങ്കിലും എന്റെ പക്കൽ അതിന് തെളിവൊന്നും ഉണ്ടായിരുന്നില്ല. ഞാനപ്പോൾ തന്നെ ചോദിച്ചറിയുന്നതിനായി ഹദ്റത് സാഹിബിന്റെ പക്കൽ ലുധിയാനയിൽ എത്തി. ഹുസൂർ അന്നേരം ശഹ്സാദ ഗുലാം ഹൈദർ സാഹിബിന്റെ ഭവനത്തിലായിരുന്നു തങ്ങിയിരുന്നത്. എന്നെ കണ്ട ഉടൻ ഹദ്റത് സാഹിബ് സലാം പറഞ്ഞതിനു ശേഷം ചോദിച്ചു, ഗ്രന്ഥം ഉടനെ വേണ്ടതായിരുന്നു. താങ്കൾ എന്തിനാണ് വന്നത്? ഞാൻ പറഞ്ഞു, എനിക്കൊരു സംശയം ഉണ്ട്. അത് ചോദിച്ചു മനസ്സിലാക്കാനാണ് ഞാൻ വന്നത്. അതു കഴിഞ്ഞ ഉടൻ മടങ്ങിക്കൊള്ളാം. ഹുസൂർ ഇസാലയെ ഔഹാം എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു, 'മൃതർ പുനർജനിച്ച് വരികയില്ലെന്ന് മാത്രമല്ല, ഹദ്റത് മസീഹ് യഥാർത്ഥത്തിൽ മരിച്ച ആരെയും ജനിപ്പിച്ചിട്ടില്ല തന്നെ' ഇതിന്റെ യാഥാർത്ഥ്യം എന്താണ്? അദ്ദേഹം പറഞ്ഞു, വിശുദ്ധഖുർആൻ പരിപൂർണ്ണ ഗ്രന്ഥമാണെന്നും അത് അല്ലാഹുവിന്റെ വചനങ്ങളാണെന്നും എല്ലാ മുസ്‌ലിംകളും വിശ്വസിക്കുന്നു. ഏതെങ്കിലും മൃതർ പുനർജനിച്ച് മടങ്ങി വന്നിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ വരുന്നതാണെങ്കിൽ പിൻതുടർച്ചാവകാശത്തിൽ എപ്രകാരം ജീവിച്ചിരിക്കുന്നവർക്ക് അവകാശമുണ്ടോ അതേ പ്രകാരത്തിൽ പുനർജനിച്ച് വരുന്നവരുടെയും അവകാശത്തെ കുറിച്ച് തീർച്ചയായും അതിൽ പ്രതിപാദിച്ചേനെ. അപ്പോൾ കാലങ്ങൾക്ക് ശേഷം മടങ്ങിവരുന്നവരുടെ അവകാശം അംഗീകരിക്കുന്നില്ല എന്ന കാരണത്താൽ വിശുദ്ധഖുർആനെ അപൂർണ്ണമായി കരുതേണ്ടി വരുന്നതാണ്, നഊദുബില്ലാഹ്. അതിനാൽ ജഢികമായി മരിച്ചവർ ഒരിക്കലും പുനർജനിച്ച് മടങ്ങി വരില്ലെന്ന് അംഗീകരിക്കേണ്ടി വരും. ഈ മറുപടി കേട്ടപ്പോൾ എനിക്ക് സംതൃപ്തി കൈവരുകയും ഉടൻ മടങ്ങി പോകുകയും ചെയ്തു.

(താരീഖെ അഹ്മദിയ്യത്ത്: വാല്യം 1, പേജ് 420,421)

പുണ്യാത്മാക്കൾ

# ഹദ്റത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് (റ)



**കുടുംബ പശ്ചാത്തലം**

അദ്ദേഹത്തിന്റെ പൂർവികർ ബുഖാറയിലെ സയ്യിദ് കുടുംബത്തിൽ നിന്നും ഇന്ത്യയിലേക്ക് കുടിയേറിയവരായിരുന്നു. നഖ്ശ്ബന്ദി ശൃംഖലയിലെ സന്താനപരമ്പരയിൽ പെട്ടവരായിരുന്നു. ഇന്ത്യയിലെത്തിയ അവരെ മുഗൾ രാജകുടുംബം സ്വീകരിച്ച് വലിയ പദവിയിൽ ഉപവിഷ്ഠരാക്കി. 1857ലെ സ്വാതന്ത്രസമരയുദ്ധത്തിൽ ഡൽഹിയിൽ കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ പിതാവ് മീർ നാസിർ നവാബ് സാഹിബ് തന്റെ അമ്മാവൻ ജോലിചെയ്തിരുന്ന പാനിപത്തിൽ എത്തിച്ചേർന്നു. അവിടെ അമ്മാവനോടൊപ്പം നദീജല വിഭാഗത്തിൽ ജോലിയും ലഭിച്ചു. പിന്നീട് ജോലിസംബന്ധമായി ഖാദിയാനിൽ എത്തുകയും ഹദ്റത് മസീഹ് മൗഊദ് (അ) മായി വ്യക്തിബന്ധം സ്ഥാപിക്കുകയും അദ്ദേഹത്തിന്റെ ശിഷ്യനും ഭാര്യാപിതാവുമാകുന്നതിനുള്ള തൗഫീഖ് ലഭിക്കുകയും ചെയ്തു.

**ജനനം**

മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ ജനനം 1881 ജൂലൈ 18 നായിരുന്നു.

**വിദ്യാഭ്യാസം**

1900 ൽ മീർ സാഹിബ് എഫ്. എസ്. സി ഒന്നാം ക്ലാസ്സോടു കൂടി പാസായി. തുടർന്ന് ഹദ്റത് മസീഹ് മൗഊദ് (അ) ഉം അനുചരന്മാരും അദ്ദേഹത്തിനോട് മെഡിക്കൽ വിദ്യാഭ്യാസം കരസ്ഥമാക്കുന്നതിനായി അഭിപ്രായപ്പെട്ടു. എന്നാൽ പിതാവിന്റെ തുഛമായ പെൻഷനിൽ അത് അസാധ്യമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സഹോദരിയും ഹദ്റത് മസീഹ് മൗഊദ് (അ) പത്നിയുമായിരുന്ന ഹദ്റത് നുസ്റത് ജഹാൻ ബീഗം സാഹിബ സ്വന്തം ചെലവിൽ നിന്ന് അദ്ദേഹത്തിന് പഠനാവശ്യത്തിനുള്ള തുക നൽകാമെന്നേൽക്കുകയും അങ്ങിനെ അദ്ദേഹം ലാഹോർ മെഡിക്കൽ കോളേജിൽ പ്രവേശനം നേടുകയും ചെയ്തു.

**സർക്കാരിൽ നിന്നും സ്റ്റൈഫന്റ്**

ഒന്നാം ക്ലാസ്സോടു കൂടി അദ്ദേഹം പാസായിരുന്ന കാരണത്താൽ മെഡിക്കൽ പഠനത്തിനായി സർക്കാരിൽ നിന്ന് അദ്ദേഹത്തിന് പഠനകാലം മുഴുവനും സ്റ്റൈഫന്റ് ലഭിച്ചിരുന്നു.

**അസിസ്റ്റന്റ് സർജൻ**

വിദ്യാഭ്യാസത്തിന്റെ അവസാന വർഷത്തിലാണ് കാങ്കടയിൽ അതിശക്തമായ ഭൂചലനം ഉണ്ടായത്. അതായത് 1905 ഏപ്രിലിൽ. അന്നേരം ലാഹോറിൽ നിന്ന് എല്ലാവരും മസീഹ് മൗഊദ് (അ)ന് തങ്ങൾ സുരക്ഷിതരാണെന്ന് എഴുതി അറിയിച്ചിരുന്നു. എന്നാൽ മീർ സാഹിബിന്റെ അടുത്തു നിന്നും മൂന്നു ദിവസം വരെ യാതൊരു അറിയിപ്പും വന്നില്ല. അതിനെ കുറിച്ച് ആശങ്കപ്പെട്ട സമയത്ത് അല്ലാഹുവിൽ നിന്നും ഹദ്റത് മസീഹ് മൗഊദ് (അ) ന് *അസിസ്റ്റന്റ് സർജൻ* എന്ന വെളിപാട് ലഭിച്ചു. തുടർന്ന് മീർ സാഹിബിന്റെ കത്തും ലഭിച്ചു.

**മനുഷ്യസേവനത്തിലേക്ക്**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മുഴുവൻ പഞ്ചാബിൽ നിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കി കൊണ്ട് അവസാന വർഷ പരീ ക്ഷ പാസായി. തുർന്ന് അദ്ദേഹം ഡൽഹിയിൽ അസിസ്റ്റന്റ് സർജനായി നിയമിതനായി. പിന്നീട് ലാഹോർ, പാനിപത്, ഗോജ്റ, ചക്വാൽ, സർഹദ്, ഫൈസലാബാദ്, ഫാജിൽക, ഗുർദാസ്പൂർ എന്നിവിടങ്ങളിൽ സർജനായി നിയമനം ലഭിച്ചു. പിന്നീട് സിവിൽ സർജനായി 1936 ൽ വിരമിച്ചു.

**വിജയ വാർത്ത ബദ്റിൽ**

1905 ജൂലൈ 2 ലെ ബദ്ർ പത്രത്തിൽ മീർ സാഹിബിന്റെ ഉജ്വലവിജയത്തിന്റെ വിളംബരം വളരെ പ്രാധാന്യത്തോടു കൂടി പ്രസിദ്ധീകരിക്കുകയുണ്ടായി.

**വിവാഹം**

ആദ്യവിവാഹം പിതൃസഹോദരീപുത്രിയുമായി നടന്നെങ്കിലും ദീർഘകാലം സന്താനങ്ങളൊന്നും ഉണ്ടാകാതിരുന്നതിനാൽ 1917 ൽ ഹദ്റത് മീർസാ മുഹമ്മദ് ശഫീ സാഹിബിന്റെ മകളായ സയ്യിദ അമത്തു ലത്വീഫ് സാഹിബയുമായി രണ്ടാം വിവാഹം നടന്നു. ഇതിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 3 പുത്രന്മാരും 7 പുത്രിമാരും ജനിക്കുകയുണ്ടായി. ഒരു മകൾ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയുടെ പത്നിയും മറ്റൊരു മകൾ ഹദ്റത് മിർസാ വസീം അഹ്മദ് സാഹിബിന്റെ പത്നിയുമാണ്.

**ഖാദിയാനിൽ സ്ഥിരതാമസം**

ജോലിയിൽ നിന്ന് വിരമിച്ചതിനു ശേഷം ഖാദിയാനിൽ സ്ഥിര താമസം ആരംഭിച്ചു. ദാറുൽ ഉലൂമിനോട് ചേർന്ന് ദാറുസ്സുഫ്ഫയിൽ ആയിരുന്നു താമസം. ഖാദിയാൻ പട്ടണത്തിലും അദ്ദേഹത്തിന് ഒരു ഭവനമുണ്ടായിരുന്നു. അത് ജമാഅത്തിനായി വഖ്ഫ് ചെയ്തു. അവിടെ ആദ്യം അൽഫള്ൽ ഓഫീസും വിഭജനത്തിന് ശേഷം ആശുപത്രിയും പ്രവർത്തിച്ചിരുന്നു.

**സേവനങ്ങൾ**

പഞ്ചാബിൽ പ്ലേഗ് പടർന്നുപിടിച്ച സമയത്ത് ഹദ്റത് മസീഹ് മൗഊദ് (അ) ഡോക്ടർ സാഹിബിനെ ഗുർദാസ്പൂരിലെ പ്ലേഗ് ഡ്യൂട്ടി ഇൻചാർജായി നിയമിച്ചിരുന്നു. 1906 ജനുവരിയിൽ ഹദ്റത് മസീഹ് മൗഊദ് (അ) സദ്ർ അഞ്ചുമൻ അഹ്മദിയ്യ സ്ഥാപിച്ചപ്പോൾ മീർ സാഹിബിനെ മജ്‌ലിസ് മുഅ്തമിദീന്റെ അംഗമായി നാമനിർദേശം ചെയ്തു. 1924 ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) യൂറോപ്യൻ പര്യടനത്തിനായി പുറപ്പെട്ട സമയത്ത് ഡോക്ടർ സാഹിബിനെ നാസിർ അഅ്‌ലയായി നിയമിക്കുകയുണ്ടായി. കൂടാതെ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) നിയമിച്ചിട്ടുള്ള എല്ലാ കമ്മീഷനിലും അദ്ദേഹം അംഗമായിരുന്നു.

**രൂപവും സ്വഭാവവും**

വളരെ ഉന്നതവും ആകർഷകവുമായ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. സാമാന്യ ഉയരം, ഗോതമ്പു നിറം, ചന്ദ്ര മുഖം, വിശാലമായ നെറ്റി, ഇടതൂർന്ന താടി, ബലിഷ്ഠമായ ശരീരം, മാന്യമായ നടത്തം, മൃദുവായ സംസാരം, എളിമ എന്നിവ അദ്ദേഹത്തിന്റെ വ്യക്തിമുദ്രകളായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും രചനകളും അത്യന്തം ഹൃദയഹാരിയായിരുന്നു. ഭൗതീകതയോട് അല്പം പോലും ആസക്തിയുണ്ടായിരുന്നില്ല. പ്രശ്നങ്ങളെ കുറിച്ച് ആഴത്തിൽ പഠിക്കുമായിരുന്നു. ആഗാധമായ ഖുർആനിക ജ്ഞാനവും അദ്ദേഹം കരസ്ഥമാക്കിയിരുന്നു. അദ്ദേഹത്തിന്റെ തൊഴിലിൽ അക്കാലഘട്ടത്തിൽ സമന്മാരില്ലായിരുന്നു. കണ്ണിന്റെ ഓപ്പറേഷനിൽ അദ്ദേഹം അതിവിദഗ്ദനായിരുന്നു. ജീവിതകാലം മുഴുവനും അദ്ദേഹം മനുഷ്യസേവനത്തിൽ നിരതനായിരുന്നു.

**രോഗാവസ്ഥയും മരണവും**

ജോലിയിൽ നിന്ന് വിരമിച്ചതിന് ശേഷം അദ്ദേഹത്തിന്റെ ആരോഗ്യം മോശമായി. അധികവും രോഗിയായാണ് കഴിച്ചു കൂട്ടിയിരുന്നത്. 1947 മാർച്ച് ഏപ്രിൽ മാസത്തിൽ കലശലായ അസ് ത്മ രോഗം പിടിപെട്ടു. ജൂലൈയോടു കൂടി രോഗം സങ്കീർണ്ണമായി. ഹദ്റത്ത് ഖലീഫത്തു ൽ മസീഹ് സാനി (റ) ഖുത്വുബ ജുമുആയിൽ പ്രത്യേക ദുആക്കായി വിളംബരം നടത്തി. സാധ്യമായത്ര ചികിൽസ ലഭ്യമാക്കി. അതോടൊപ്പം ശക്തമായ ന്യൂമോണിയ ഉണ്ടാകുകയും അബോധാവസ്ഥയിൽ ആകുകയും ചെയ്തു. ജൂലൈ 17 ന് നില അത്യന്തം ഗുരുതരമാകുകയും ഖലീഫാ സാനി (റ) അദ്ദേഹത്തിന്റെ വസതിയിൽ വരികയും ചെയ്തു. ജൂലൈ 18 ന് വൈകുന്നേരം 7.40 ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

**ഖബ്റടക്കം**

അടുത്ത ദിവസം സദ്ർ അഞ്ചുമന്റെ മുഴുവൻ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ വസിയ്യത്തനുസരിച്ച് ഭായി അബ്ദുർ റഹീം സാഹിബ് ഖാദിയാനി, ശേഖ് മുഹമ്മദ് ഇസ്മാഈൽ സാഹിബ് പാനിപതി, ഹക്കീം അബ്ദുൽ ലതീഫ് സാഹിബ് ഗുജറാത്തി എന്നിവർ അദ്ദേഹത്തെ കുളിപ്പിച്ചു. തുടർന്ന് മീർ സാഹിബ് സ്വയം തയ്യാറാക്കി വെച്ചിരുന്ന കഫനിൽ അദ്ദേഹത്തെ പൊതിഞ്ഞു. പിന്നീട് അദ്ദേഹത്തിന്റെ ജനാസയെ ബഹിശ്തി മഖ് ബറയിൽ കൊണ്ടു വരികയും 7000 പേരുടെ സാന്നിദ്ധ്യത്തിൽ ഖലീഫ സാനി (റ) ജനാസ നമസ്കരിപ്പിക്കുകയും ചെയ്തു. ഹദ്റത് ഖലീഫ സാനി (റ) സ്വന്തം കൈകൊണ്ടാണ് അദ്ദേഹത്തിന്റെ ജനാസയെ ഖബ്റിലേക്ക് ഇറക്കിയത്.

അൻസാർ കോളം

# സമീപസ്തരെ സമുദ്ധരിക്കുക

പരിപൂർണ്ണ ജാഗ്രതയും ഉണർവും ഇല്ലാതെ ഒരിക്കലും സമൂഹം ജീവൻ കൈവരിക്കുന്നതല്ല എന്ന വസ്തുത ഖാദിയാനിലും പുറത്തുമുള്ള അൻസാറുല്ലാഹ് സംഘടനകൾ മനസ്സിലാക്കേണ്ടതാണ്. അയൽക്കാരുടെ സമുദ്ധാരണത്തിലൂടെ സ്വന്തം സമുദ്ധാരണവും സാധ്യമാകുന്നു. അയൽക്കാരുടെ പ്രഭാവം സ്വാധീനം ചെലുത്തുന്ന രീതിയാലാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്.

മനുഷ്യൻ മാത്രമല്ല, ലോകത്തുള്ള എല്ലാ വസ്തുക്കളും തങ്ങളുടെ സമീപ വസ്തുക്കളാൽ പ്രഭാവിതമാകുന്നു. സമീപത്തുള്ള വസ്തുക്കൾ പരസ്പരം പ്രഭാവം ആഗിരണം ചെയ്യുന്നതായി നാം കാണുന്നു. മൃഗങ്ങളുടെയും പക്ഷികളുടെയും നിറം അവ വസിക്കുന്നയിടത്തെ സമീപ വസ്തുക്കൾ കാരണത്താലാണെന്ന് ആധുനിക ശാസ്ത്രം പറയുന്നു. മത്സ്യങ്ങൾ വെള്ളത്തിൽ വസിക്കുന്നതിനാൽ, വെള്ളവും വെള്ളത്തിൽ പതിക്കുന്ന സൂര്യകിരണത്താലും അതിന്റെ നിറം വെളുത്തതോ തിളങ്ങുന്നതോ ആയിത്തീരുന്നു. തവളകൾ കരയിൽ വസിക്കുന്നതിനാൽ അവയുടെ നിറം കരയിലെ പച്ചപ്പുള്ള പുല്ല് കാരണത്താൽ പച്ചമയമുള്ളതായിത്തീരുന്നു. മണലാരണ്യത്തിൽ വസിക്കുന്ന ജീവികൾ മണ്ണിന്റെ നിറമുള്ളവയായിത്തീരുന്നു. പച്ചളിപ്പുള്ള വൃക്ഷങ്ങളിൽ കൂടു കൂട്ടുന്ന തത്തകൾ പച്ച നിറമുള്ളതായിത്തീരുന്നു. വനങ്ങളിൽ ഉണങ്ങിയ കുറ്റിച്ചെടികളിൽ വസിക്കുന്ന കാടപ്പക്ഷികളുടെ നിറം ഉണക്കച്ചെടിയുടേതായിത്തീരുന്നു......

അപ്പോൾ മൃഗങ്ങളുടെയും പക്ഷികളുടെയും നിറം സമീപവസ്തുക്കളാൽ പ്രഭാവിതമായി മാറുമെങ്കിൽ ബുദ്ധിശക്തിയുള്ള മനുഷ്യന്റെ നിറം സമീപത്തുള്ളവരുടെ നിറത്തെ എന്ത് കൊണ്ട് മാറ്റുന്നില്ല?.....

ചുരുക്കിപ്പറഞ്ഞാൽ ജമാഅത്തിന്റെ പോഷക സംഘടനകളിലും ജമാഅത്തിലും ദീനീ ആത്മാവ് സ്ഥാപിക്കുകയും അതിനെ ജീവസ്സുറ്റതാക്കി നിലനിർത്തുന്നതിനുമായി ഓരോ വ്യക്തിയും തന്റെ സമീപസ്തരുടെ സമുദ്ധാരണത്തിനായി ശ്രമിക്കേണ്ടതുണ്ട്......... സ്വയം തന്നെ അതിനുപരിയായി ഗണിക്കുന്ന വ്യക്തി തന്റെ ആത്മീയവളർച്ചയുടെ മാർഗത്തിൽ തടസ്സമായി നിലകൊള്ളുന്നു. ഏറ്റവും വലിയവർ പോലും കൂടുതൽ ആത്മീയപുരോഗതിയുടെ ആശ്രിതരാണ്.......

അതിനാൽ താനുമായി ബന്ധപ്പെടുന്നവരുടെയും ചുറ്റുപാടുമുള്ളവരുടെയും സമുദ്ധാരണത്തിനായി സംഘടന ശ്രമിക്കേണ്ടതാണ്. അതിലൂടെ സ്വന്തം സമുദ്ധാരണവും സാധ്യമാകുന്നു. തൽഫലമായി സമുദായത്തിൽ ജീവൻ ഉടലെടുക്കുന്നു. വിജയത്തിനുള്ള ഏക മാർഗം ഇതാകുന്നു........

കേന്ദ്ര മജ്‌ലിസ് അൻസാറുല്ലാഹ് ഈ ഇജ്തിമാക്ക് ശേഷം സ്വന്തം ഉത്തരവാദിത്വത്തിന്റെ പ്രാധാന്യത്തെ നല്ലവണ്ണം മനസ്സിലാക്കി തീവ്രതയോടും പരിശ്രമത്തോടും കൂടി എല്ലായിടത്തും അൻസാറുല്ലാഹ് സംഘടന സ്ഥാപിക്കുന്നതിനായി ശ്രമിക്കുന്നതാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എങ്കിൽ മാത്രമെ അവരുടെ സമുദ്ധാരണത്തിനുള്ള പ്രവർത്തനങ്ങൾ നദിയെ പോലെ മുന്നോട്ട് ഗമിച്ചു കൊണ്ടിരിക്കുകയും ലോകത്തിന്റെ എല്ലാ കോണുകളുടെയും ദാഹശമനത്തിന് ഹേതുവായിത്തീരുകയും ചെയ്യുകയുള്ളു.

ഇനി ഞാൻ ദുആ മുഖാന്തിരം ജൽസ ഉൽഘാടനം ചെയ്യുകയാണ്. മജ്‌ലിസ് അൻസാറുല്ലായുടെ ഇന്നത്തെ ഇജ്തിമയും ഇന്നത്തെ പരിശ്രമവും വിത്തിനെ പോലെയാകട്ടെ. ഇതിൽ നിന്ന് അല്ലാഹു തുടർന്ന് ആയിരക്കണക്കിന് മടങ്ങ് വിത്തുകൾ സൃഷ്ടിക്കട്ടെ. പിന്നീട് ആ വിത്തുകൾ മറ്റ് വിളവുകൾക്കുള്ള വിത്തുകളായി മാറട്ടെ. അവസാനം ലോകത്ത് അല്ലാഹുവിന്റെ ആത്മീയ ഭരണം ഭൗതീക ഭരണത്തെ പോലെ സ്ഥാപിതമാകട്ടെ. ആമീൻ

*(25.12.44 ന് കേന്ദ്ര മജ്‌ലിസ് അൻസാറുല്ലായുടെ പ്രഥമ ഇജ്തിമായുടെ അവസരത്തിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) നടത്തിയ ഉൽഘാടന പ്രഭാഷണത്തിൽ നിന്ന്)*

അവലംബം: താരീഖെ അൻസാറുല്ലാഹ്

നുറുങ്ങുകൾ

ടി.എം

# വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ

ഒരു സാത്വികന്റെ സംഭവം ഇപ്രകാരം രേഖപ്പെട്ടു കിടക്കുന്നു. ഒരിക്കൽ അദ്ദേഹത്തിന് സർക്കാരിന്റെ സമൻസ് വന്നു. അതിൽ എഴുതിയിരുന്നത് ചിലർ നിങ്ങൾക്കെതിരിൽ ആരോപണം ഉന്നയിച്ചിരിക്കുന്നു. അതിന്റെ മറുപടി പറയുന്നതിന്നായി താങ്കൾ ഉടൻ ഭരണാധികാരിക്കു മുമ്പിൽ ഹാജരാകുക. അത് കേട്ട് അദ്ദേഹം അത്ഭുത പരതന്ത്രനായി. കാരണം അദ്ദേഹം എപ്പോഴും ദൈവസ്മരണയിൽ മുഴുകിയിരിക്കുന്ന വ്യക്തിയായിരുന്നു. എന്നാൽ സർക്കാർ സമൻസായിരുന്ന കാരണത്താൽ അനുസരിക്കേണ്ടതും അനിവാര്യമായിരുന്നു.പത്തിരുപത് മൈലുകൾ സഞ്ചരിച്ചു കഴിഞ്ഞപ്പോൾ കൊടുങ്കാറ്റടിക്കാൻ തുടങ്ങി. അന്ധകാരം വ്യാപിച്ചു. ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി. മഴ പെയ്യാൻ തുടങ്ങി. അന്നേരം അദ്ദേഹം ഒരു വനത്തിലൂടെയായിരുന്നു സഞ്ചരിച്ചു കൊണ്ടിരുന്നത്. അടുത്തെങ്ങും ആരെയും കാണുന്നില്ലായിരുന്നു. എന്നാൽ അവിടെ ഏതാനും കുടിലുകൾ കണ്ടു. അദ്ദേഹം ഒരു കുടിലിനടുത്തേക്ക് ചെന്നു. അകത്ത് പ്രവേശിക്കാൻ അനുമതി തേടി. അകത്തേക്ക് വരുവാനായി അനുമതി ലഭിച്ചപ്പോൾ അദ്ദേഹം കുതിരയെ പുറത്ത് കെട്ടി അകത്തേക്ക് കടന്നുചെന്നു. അവിടെ വികലാംഗനായ ഒരു വ്യക്തി കട്ടിലിൽ കിടക്കുന്നതായി അദ്ദേഹം കണ്ടു. ആ വ്യക്തി വളരെയധികം സന്തോഷത്തോടും സ്നേഹത്തോടും അദ്ദേഹത്തെ തന്റെ അടുക്കൽ ഇരുത്തി. എന്നിട്ട് ചോദിച്ചു, താങ്കളുടെ പേരെന്താണ്? എവിടെ നിന്നാണ് വരുന്നത്? അദ്ദേഹം തന്റെ പേരു പറഞ്ഞതിനു ശേഷം പറഞ്ഞു, രാജാവിന്റെ പക്കൽ നിന്നും എനിക്ക് ഒരു സമൻസ് വന്നിട്ടുണ്ട്. അത് അനുസരിക്കുന്നതിനായിട്ടാണ് ഞാൻ പോകുന്നത്. എനിക്ക് എന്തിനാണ് സമൻസ് വന്നതെന്നതിൽ ഞാൻ അൽഭുതപ്പെടുകയാണ്. കാരണം ഞാനൊരിക്കലും ഭൗതീക കലഹങ്ങളിൽ ഇടപെട്ടിട്ടില്ല. അത് കേട്ടപ്പോൾ ആ വ്യക്തി പറഞ്ഞു, താങ്കൾ പരിഭ്രമിക്കേണ്ട. താങ്കളെ എന്റടുക്കൽ എത്തിക്കുന്നതിനു വേണ്ടിയാണ് അല്ലാഹു ഈ അവസ്ഥ ഒരുക്കിയത്.ഞാൻ ഒരു വികലാംഗനാണ്. രാത്രിയും പകലും കട്ടിലിൽ തന്നെ കഴിച്ചു കൂട്ടുന്നു. എനിക്ക് അനങ്ങാൻ കഴിയില്ല. എന്നാൽ ഞാൻ എന്റെ സുഹൃത്തുകളിൽ നിന്ന് താങ്കളെ സംബന്ധിച്ച് ധാരാളം കേട്ടിട്ടുണ്ട്. താങ്കളുടെ സാത്വികതയുടെ പരാമർശം ഞാൻ കേട്ടിട്ടുണ്ട്. ഞാൻ അല്ലാഹുവിനോട് എപ്പോഴും ഇങ്ങിനെ ദുആ ചെയ്യുമായിരുന്നു. അല്ലാഹുവെ! ഭാഗ്യമുള്ളവർ അവിടെ പോയി അദ്ദേഹത്തെ സന്ദർശിക്കുന്നു. എന്നാൽ വിവശനും എളിയവനുമായ ഞാൻ എങ്ങിനെ അവിടെ എത്തി അദ്ദേഹത്തെ സന്ദർശിക്കും? അദ്ദേഹവുമായി കാണുന്നതിനുള്ള ഒരു മാർഗം നീ തന്നെ ഒരുക്കി തരേണമെ. ഈ സമൻസിന്റെ മറവിൽ അല്ലാഹു താങ്കളെ എനിക്കായി മാത്രമാണ് ഇവിടെ എത്തിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ പുറത്ത് നിന്ന് ആരോ അകത്ത് പ്രവേശിക്കാനായി അനുവാദം ചോദിക്കുന്ന ശബ്ദം വന്നു. അദ്ദേഹം വാതിൽ തുറന്നപ്പോൾ ഒരു വ്യക്തി അകത്തേക്ക് പ്രവേശിച്ചു. അതൊരു സർക്കാർ ഗുമസ്തനായിരുന്നു. ഇപ്പോൾ എവിടേക്കാണ് പോകുന്നതെന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു, രാജാവിൽ നിന്നും ലഭിച്ച കല്പനയനുസരിച്ച് ഞാൻ ഇന്ന വ്യക്തിയുടെ അടുക്കലേക്ക് ഒരു സന്ദേശവുമായി പോകുകയാണ്. പേരിന്റെ സദൃശ്യതയാൽ അതേ പേരിലുള്ള മറ്റൊരാൾക്കയക്കേണ്ട സമൻസ് അദ്ദേഹത്തിന്റെ പേരിൽ അയച്ചു പോയി. അതിനാൽ അദ്ദേഹം ഹാജരാകേണ്ടതില്ലാ എന്ന് അറിയിക്കുവാനാണ് ഞാൻ പോകുന്നത്. അത് കേട്ടപ്പോൾ വികലാംഗനായ ആ വ്യക്തി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, കണ്ടില്ലേ, ഞാൻ താങ്കളോട് പറഞ്ഞില്ലേ അല്ലാഹു താങ്കളെ ഇവിടെ എത്തിക്കുന്നതിന് വേണ്ടി മാത്രമായി തയ്യാറാക്കിയ ഒരു സാഹചര്യമാണിത്. സമൻസ് ഒരു മാധ്യമം മാത്രമായിരുന്നു. ഇക്കാര്യമാണ് അല്ലാഹു **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** എന്ന ഖുർആനിക വചനത്തിൽ പറഞ്ഞിട്ടുള്ളത്. അതായത് ആരാണോ നമ്മിലായിക്കൊണ്ട് നമ്മോട് സഹായമർത്ഥിച്ചു കൊണ്ട് തന്റെ ലക്ഷ്യത്തിനായി കഠിനപ്രയത്നം ചെയ്യുന്നത് അവരുടെ ലക്ഷ്യപ്രാപ്തിക്കായി നാം കവാടങ്ങൾ തുറന്നു കൊടുക്കുന്നു. (സേറേ റൂഹാനി: പേജ് 386,387)




# ബന്ധുക്കളെ ക്ഷണിക്കുന്നു


ഒരു സത്കാരത്തിനുള്ള ഏർപ്പാടു ചെയ്യാനും അബ്ദുൽ മുത്തലിബിന്റെ സന്താ നങ്ങളെ അതിലേക്ക് ക്ഷണിക്കാനും നബി(സ) ഹദ്റത് അലിയോട് നിർദ്ദേശിക്കുകയുണ്ടായി. സത്യസന്ദേശം അതിലൂടെ അവരിലേക്കെത്തിക്കാനായിരുന്നു ഈ ഏർപ്പാട് ചെയ്തത്. അങ്ങനെ ഹദ്റത് അലി സത്കാരത്തിനുള്ള സൗകര്യങ്ങൾ ചെയ്തു. നബി (സ) തന്റെ കുടുംബത്തിലെ നാൽപതോളം വ്യക്തികളെ ഈ സത് കാരത്തിലേക്ക് ക്ഷണിച്ചു. കുടുംബാംഗങ്ങൾ ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ നബി (സ) അവരെ സംബോധന ചെയ്തുകൊണ്ട് ചില കാര്യങ്ങൾ പറയാനായി ഒരുങ്ങിയെങ്കിലും ദുഷ്ടനായ അബൂ ല്ലഹബ് എന്തോ പറഞ്ഞ കാരണത്താൽ എല്ലാവരും പിരിഞ്ഞു പോയി. അപ്പോൾ, നബി (സ) ഹ: അലിയോട് പറഞ്ഞു. ഈ അവസരം ഏതായാലും പോയി, ഇനി വേറൊരു സത് കാരത്തിനുള്ള ഏർപ്പാട് ചെയ്യു. അങ്ങനെ തിരുമേനിയുടെ കുടുംബക്കാർ പിന്നെയും ഒരുമിച്ച് കൂടി. അവരെ തിരുമേനി ഇപ്രകാരം സംബോധനം ചെയ്തു. "അല്ലയോ അബ്ദുൽ മുത്തലിബിന്റെ സന്തതികളെ! നോക്കുക? ഞാൻ നിങ്ങളുടെ അടുക്കലേക്ക് കൊണ്ടുവന്നി ട്ടുള്ള ഇതിനേക്കാൾ മഹത്തായ കാര്യം ഒരാളും തന്റെ ഗോത്രത്തിലേക്ക് കൊണ്ടുവന്നിട്ടില്ല. ഞാൻ നിങ്ങളെ ദൈവത്തിലേക്ക് വിളിക്കുന്നു. നിങ്ങൾ എന്നെ വിശ്വസിച്ചാൽ ദീനിന്റെയും ദുനിയാവിന്റെയും മഹത്തായ അനുഗ്രഹങ്ങൾക്ക് നിങ്ങൾ അവകാശിയായി മാറും. ഇനി പറയൂ! ഈ ഉദ്യമത്തിൽ എന്നെ സഹായിക്കാൻ ആരുണ്ട്? എങ്ങും നിശബ്ദത അലയടിച്ചു. പെട്ടെന്ന്, മെലിഞ്ഞുണങ്ങിയ പതിമൂന്ന് വയസ്സ് പ്രായമുള്ള ഒരു ബാലൻ ഒരു മൂലയിൽ നിന്നെഴുന്നേറ്റു ഈറനണിഞ്ഞ കണ്ണുകളോടെ അവൻ പറഞ്ഞു: എല്ലാവരേക്കാളും ദുർബലനും പ്രായം കൊണ്ട് ചെറിയവനുമാണ് ഞാൻ. എന്നിരുന്നാലും ഞാനങ്ങയെ സഹായിക്കുന്നതാണ്. ഹ: അലി യുടെ ശബ്ദമായിരുന്നു അത്. ഹ:അലിയിൽ നിന്ന് ഈ വാക്കുകൾ കേട്ട നബി (സ) തന്റെ ബന്ധുക്കളെ നോക്കിക്കൊണ്ട് പറഞ്ഞു."നിങ്ങൾക്ക് ഈ കുട്ടിയുടെ വാക്കു കേൾക്കാനും അത് വിശ്വസിക്കാനും സാധിച്ചിരുന്നെങ്കിൽ!

ഇത് കേട്ട സഭാവാസികൾ അതിൽ നിന്നും പാഠം ഉൾക്കൊള്ളുന്നതിന് പകരം ചിരിച്ചു തള്ളുകയാണ് ചെയ്തത്. അബൂല്ലഹബാണെങ്കിൽ തന്റെ മൂത്ത സഹോദരൻ അബൂ ത്വാലിബിനോട് ഇപ്രകാരം പറഞ്ഞു: നിങ്ങൾ കാണുന്നില്ലെ? നിങ്ങൾ നിങ്ങളുടെ മകനെ പിൻതുടരണം എന്നാണ് മുഹമ്മദ് കൽപ്പിക്കുന്നത്. ഇസ്‌ലാമിന്റെയും തിരുമേനി(സ) യു ടെയും നിസ്സഹായതയിൽ പരിഹസിച്ചു കൊണ്ടങ്ങനെ അവർ കടന്നു പോയി.

**ആദ്യത്തെ പ്രബോധന കേന്ദ്രം**

ഏതാണ്ട് ഈ ദിനങ്ങളിലാണെന്ന് തോന്നുന്നു മുസ്‌ലിംകൾക്ക് യാതൊരു തടസ്സവു മില്ലാതെ നമസ്കാരം നിർവ്വഹിക്കുന്നതിനും സമാധാനത്തോടും സംതൃപ്തിയോടും കൂടി വ്യവ സ്ഥാപിതമായ പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഒരു പ്രബോധന കേന്ദ്രം സ്ഥാപിക്കണമെന്ന ചിന്ത നബി (സ) ക്ക് ഉണ്ടായി. കേന്ദ്രനിലവാരത്തിലുള്ള ഒരു കെട്ടിടം അതിനാവശ്യമായിരുന്നു. അങ്ങനെ അർഖം ബ്ന് അബീ അർഖം എന്ന ഒരു നവ മുസ്ലി മിന്റെ വീട് നബി തിരുമേനി തിരഞ്ഞെടുത്തു. സഫാ പർവ്വതത്തിന് താഴ്ഭാഗത്തായിരുന്നു ആ വീട് സ്ഥിതി ചെയ്തിരുന്നത്. പിന്നീടങ്ങോട്ട് മുസ്‌ലിംകൾ ഒത്തു കൂടിയതും നമസ്ക്കരിച്ചതും എല്ലാം വീട്ടിലായിരുന്നു. സത്യാന്വേഷികൾ ഈ വീട്ടിൽ വരുകയും നബി (സ) അവരെ പ്രബോധിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ ആ വീട് ദാറുൽ ഇസ്‌ലാം എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ചതും ഇക്കാരണത്താലാണ്. നബി (സ) മൂന്ന് വർഷക്കാലം ദാറുൽ അർഖമിൽ പ്രവർത്തിച്ചു. അതായത്, പ്രവാചക നിയോഗത്തിന്റെ നാലാം വർഷം അതിനെ പ്രബോധനം കേന്ദ്രമാക്കുകയും ആറാം വർഷം അവസാനം വരെ അതിൽ പ്രവർത്തിക്കുകയും ചെയ്തു. ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ, ദാറുൽ അർഖമിൽ വെച്ച് അവസാനം ഇസ്‌ലാം സ്വീകരിച്ച വ്യക്തി ഹദ്റത് ഉമർ (റ) ആണ്. അദ്ദേഹം ഇസ്‌ലാം മതം സ്വീകരിച്ചതു മുതലാണ് മുസ്‌ലിംകൾക്ക് ശക്തി കൈവരിച്ചതും അങ്ങനെ അവർ പരസ്യമായി പ്രബോധനത്തിന് ഇറങ്ങുകയും ചെയ്തു. ദാറുൽ അർഖമിൽ വെച്ച് വിശ്വസിച്ചവർ ആദ്യകാല വിശ്വാസികളിൽ ഉൾപ്പെടുന്നവരാണ്. അവരിൽ കൂടുതൽ പ്രശസ്ഥർ ഇവരാണ്. ഒന്നാമതായി ബനൂ അബ്ദുദാർ ഗോത്രത്തിൽ നിന്നുള്ള മസ്അബ് ബിനു ഉമൈർ ആണ്. സുന്ദരനും നല്ല ശരീരപ്രകൃതവും ഉള്ള വ്യക്തിയായിരുന്നു അദ്ദേഹം. തന്റെ കുടുംബത്തിന് വളരെ പ്രിയങ്കരനായിരുന്നു അദ്ദേ ഹം, ഇസ്‌ലാം മദീനയിൽ എത്തിച്ചേരുന്നതിന് മുമ്പേ മദീനയിലേക്ക് ആദ്യമായി ഇസ്‌ലാം മത പ്രചാരണത്തിനായി നിയമിക്കപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം, അദ്ദേഹം മുഖേന ഇസ്‌ലാം മദീനയിൽ പ്രചരിക്കുകയുണ്ടായി.

ഹദ്റത് ഉമർ (റ) ന്റെ മൂത്ത സഹോദരനായ സൈദ്ബിനുൽ ഖത്താബ് ആയിരുന്നു മറ്റൊരാൾ. തിരുനബിയുടെ വഫാത്തിന് ശേഷം യമാമ യുദ്ധത്തിൽ വെച്ച് അദ്ദേഹം ശഹീ ദാവുകയായിരുന്നു. അദ്ദേഹത്തിന്റെ വഫാത്ത് ഹ: ഉമർ (റ) നെ വളരെയധികം വേദനി പ്പിച്ചു. അദ്ദേഹം ഖലീഫയായപ്പോൾ ഒരു കവി അദ്ദേഹത്തിന്റെ സഹോദരനെ സംബന്ധിച്ച് ഒരു വിലാപകാവ്യം പാടുകയുണ്ടയി. അപ്പോൾ അദ്ദേഹം പറഞ്ഞു: ഞാനൊരു കവി യായിരുന്നെങ്കിൽ ഇത് പോലെ ഒരു വിലാപകാവ്യം ഞാൻ രചിക്കുമായിരുന്നു. അപ്പോൾ ആ കവി പറഞ്ഞു: അല്ലയോ, അമീറുൽ മുഅ്മിനീൻ! അങ്ങയുടെ സഹോദരന് ലഭിച്ചത് പോലുള്ള മരണം എന്റെ സഹോദരനാണ് ലഭിച്ചിരുന്നതെങ്കിൽ ഞനൊരിക്കലും വില പിക്കുകയോ വിലാപകാവ്യം രചിക്കുകയോ ചെയ്യുമായിരുന്നില്ല.



# വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )**

**10.09.1982 ന് ഹുസൂർ സ്പെയിനിൽ വെച്ച് നടത്തിയ ഖുത്‌ബയിൽ സാമ്പത്തിക ത്യാഗ ത്തിന്റെ (ചന്ദ:) പ്രാധാന്യവും ആവശ്യകതയും സ്പഷ്ടമായി വിശദീകരിച്ചിരുന്നു. ഇതിന് ലഭിച്ച പ്രതികരണത്തെക്കുറിച്ചും തുടർന്നുണ്ടായ ധനത്യാഗനിലവാരത്തെക്കുറിച്ചും വ്യക്ത മാക്കാമോ?**

ജൽസാ സാലാന പ്രസംഗങ്ങളിലും മറ്റു പ്രഭാഷണങ്ങളിലും ഞാനിത് വ്യക്തമാക്കിയി രുന്നു. പ്രതികരണം എന്റെ പ്രതീക്ഷകളെ പോലും കടത്തിവെട്ടുന്ന രീതിയിൽ അത്ഭു തകരമായിരുന്നു. യൂറോപ്പിലെ ചില സ്ഥലങ്ങളിൽ ചന്ദ: വരുമാനം ഇരട്ടിയാവുകയും മറ്റു ചില സ്ഥലങ്ങളിൽ പല മടങ്ങ് ഇരട്ടിയാവുകയും ചെയ്തു. ചന്ദ: ശറഹ നുസരിച്ച് (ശരിയായ തോത്) നൽകുവാൻ സാധിക്കാത്തവർ എനിക്ക് കാരണം കാണിച്ച് എഴുതു കയും അത്തരക്കാർ തങ്ങൾക്ക് സാധിക്കുന്ന തോതനുസരിച്ച് ചന്ദ: നൽകുകയും ചെയ്യുവാൻ ഞാൻ ആ ഖുത്‌ബയിൽ അനുവാദം നൽകിയിരുന്നു. എന്നാൽ ജമാഅ ത്തംഗങ്ങൾ വ്യത്യസ്തമായാണ് പ്രതികരിച്ചത്. പഴയ കുടിശ്ശിക മാപ്പാക്കുന്നതിനും ചന്ദ: യുടെ തോത് കുറക്കുന്നതിനും പകരം ഭൂരിപക്ഷവും തങ്ങളുടെ ചന്ദ: അടവ് ശരിയാക്കു കയും ചന്ദ: അടക്കാതിരുന്നവർ തുടങ്ങുകയും ചെയ്തു. ഈ പ്രക്രിയ തുടർന്നു വന്നു. സാമ്പത്തിക ആവശ്യങ്ങൾക്കായി മറ്റു ജമാഅത്തുകളെ ആശ്രയിച്ചിരുന്ന മിഷനുകൾ സ്വയം പര്യാപ്തരാവുകയും മാത്രമല്ല മറ്റു സുസ്ഥാപിതങ്ങളല്ലാത്ത രാഷ്ട്രങ്ങളെ സഹാ യിക്കുക കൂടി ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതാണ് എല്ലാ സ്ഥലത്തു മുള്ള അവസ്ഥ. ഒരു രാഷ്ട്രവും പ്രതീക്ഷക്കനുസരിച്ച് ഉയരാതിരുന്നിട്ടില്ല.പല കാരണ ങ്ങളാലും കടുത്ത സാമ്പത്തിക പ്രയാസങ്ങളുള്ള ചിലർ എനിക്കെഴുതാറുണ്ട്, അത്തരക്കാ ർക്ക് ഞാൻ തോത് കുറച്ച് നൽകാറുണ്ട്. എന്നാൽ തീരെ കൊടുക്കാതിരിക്കാൻ അനു വാദിക്കാറില്ല. അത് അവർക്ക് തന്നെ ഹാനികരമാവും. അല്ലാഹുവിന്റെ പ്രീതി തേടുവാൻ കുറച്ചെങ്കിലും നൽകുവാൻ ഞാൻ ആവശ്യപ്പെടുന്നു. ചന്ദ: നൽകാതിരുന്നാൽ ആത്മീയ മായ മരണം സംഭവിക്കുന്നു. കൂടാതെ സാമ്പത്തിക പുരോഗതിയും നിലക്കും.

ഇങ്ങിനെ അനുവാദം നൽകിയ പലരും തിരിച്ച് എനിക്ക് എഴുതാറുണ്ട്. തങ്ങൾ ചന്ദ: അടക്കുന്നതിൽ ശ്രദ്ധ കാണിക്കുക വഴി സാമ്പത്തിക പ്രയാസം നീങ്ങിയെന്ന്. ചന്ദ:യുടെ തോത് കുറച്ച് നൽകിയ ചിലരും പിന്നീട് എഴുതുകയുണ്ടായി, തങ്ങളുടെ മന:സാക്ഷി തങ്ങളെ കുറഞ്ഞ തോതിൽ ചന്ദ: നൽകുവാൻ അനുവദിക്കുന്നില്ലെന്നും വളരെ പ്രയാ സത്തിലാണെന്നും, അതിനാൽ തങ്ങൾക്ക് നൽകിയ അനുവാദം തിരിച്ചെടുത്ത് ശരിയായ തോതിൽ ചന്ദ: നൽകുവാൻ അനുവദിക്കണമെന്നും. അത്തരക്കാരുടെ തുടർന്നുള്ള കത്തുകളിൽ സാമ്പത്തിക സ്ഥിതി വളരെ മെച്ചപ്പെട്ടതായും അറിയിക്കുകയുണ്ടായി. കടുത്ത പ്രയാസത്തിൽ നിന്നും അവർ കരേറിയതായും എഴുതി.

ഇതാണ് എനിക്ക് ലഭിച്ച പ്രതികരണം അൽഹംദുലില്ലാഹ് അതിനു ശേഷം അല്ലാഹുവിന്റെ മാർഗത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ ഒരിക്കലും ധനത്തിന്റെ കുറവ് ജമാഅത്തിന് നേരിട്ടിട്ടില്ല. ജമാഅത്തിന്റെ സാമ്പത്തിക വ്യവസ്ഥിക്ക് പകരം വെക്കാൻ ലോകത്ത് മറ്റൊ ന്നില്ല തന്നെ. കാരണം അഹ്മദിയ്യാ ജമാഅത്തിന് പകരം മറ്റൊന്നില്ല. അതിലേക്കായി സംഭാവന ചെയ്യുന്ന ആളുകൾക്കു പകരം വെക്കാൻ മറ്റാരുമില്ല.

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ,കോഴിക്കോട്*

## നമസ്കാര പാഠങ്ങൾ




### ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)



# اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ
# صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ

അല്ലാഹുവേ! ഞങ്ങൾക്ക് നേർമാർഗം കാണിച്ചു തരണെ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. എന്ത് അനുഗ്രഹം? അനുഗ്രഹം കരസ്ഥമാക്കിയവരെ കുറിച്ച് വിശുദ്ധഖുർആൻ മറ്റൊരിടത്ത് പറയുന്നുണ്ട്. ആരിലെല്ലാമാണ് അനുഗ്രഹം ഉണ്ടായത്? നബി, സിദ്ധീഖ്, ശഹീദ്, സ്വാലിഹ്. اَنْعَمْتَ എന്ന ഒരു പദത്തിൽ എത്ര കാലഘട്ടത്തിലെ വൃത്താന്തങ്ങളാണ് പരാമർശവിധേയമായിട്ടുള്ളത്. നബിമാരുടെ ആഗമനം ആരംഭിച്ച കാലത്തു തന്നെ നബിമാരോടൊപ്പം സിദ്ധീഖും, ശഹീദും, സ്വാലിഹും ജന്മമെടുത്തുകൊണ്ടിരുന്നു. നിങ്ങൾ നിത്യവും നമസ്കാരത്തിൽ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്ന് പറഞ്ഞ് അതോടൊപ്പം صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ എന്നതിലൂടെ അനുഗ്രഹവും തേടുന്നു. അതായത്, അല്ലാഹുവെ! ഞങ്ങൾക്ക് നബിമാരുടെ മാർഗം കാണിച്ചുതാ. അതിലൂടെ സഞ്ചരിച്ചു കൊണ്ടാണ് സിദ്ധീഖ് ജന്മമെടുത്തത്, അതിലൂടെ സഞ്ചരിച്ചു കൊണ്ടാണ് ശഹീദ് ജന്മമെടുത്തത്, അതിലൂടെ സഞ്ചരിച്ചു കൊണ്ടാണ് സ്വാലിഹ് ജന്മമെടുത്തത്.

അല്ലാഹുവിന്റെ ദൃഷ്ടിയിൽ എല്ലാ കർമങ്ങളും പരിശുദ്ധമായവരെയാണ് സ്വാലിഹ് എന്ന് പറയുന്നത്. നല്ലതും മോശമല്ലാത്തതുമായ കർമങ്ങളെയാണ് സ്വാലിഹായ അമൽ എന്ന് പറയുന്നത്. ഏറ്റവും താണ പദവി തന്നെ അതിമഹത്തായതായി തോന്നുന്ന ഉന്നത പദവിയാകുന്നു. അതിനാൽ നമസ്കാരത്തിൽ തേടുന്നത് എന്താണെന്ന് ആലോചിച്ചുറച്ച് തേടണം.

നീ അനുഗ്രഹിച്ചവരുടെ മാർഗം കാണിച്ചു തരണമെന്ന് നിങ്ങൾ പറയുന്നു. അനുഗ്രഹം കരസ്ഥമായവരുടെ മാർഗം. കോപം ഇറങ്ങിയവരുടെതല്ല.

എന്തിനെയാണ് അനുഗ്രഹം എന്നു പറയുന്നത്? നബി: നബിമാർക്ക് മർദ്ദനങ്ങൾ ഏൽക്കേണ്ടിവരുന്നു. എത്ര പ്രയാസങ്ങൾ നേരിടേണ്ടി വരുന്നു. ഈ അനുഗ്രഹമാണ് തേടുന്നത്.

അടുത്ത അനുഗ്രഹം: നിങ്ങൾ തേടുന്ന ഈ നാല് മാർഗങ്ങളിലും ഇത്രയേറെ പ്രയാസങ്ങൾ എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് ചിന്തിക്കാൻ പോലും കഴിയില്ല. അത് അനുഗ്രഹവുമാണ് താനും. അതിനു കാരണം അല്ലാഹുവിന് വേണ്ടി ഇത്രയേറെ ദുഖങ്ങളും, പ്രയാസങ്ങളും സഹിക്കുന്നവർ അല്ലാഹുവിന്റെ ഏറ്റവും പ്രിയരായിരിക്കും. അതിനാൽ നബിയാകുക എളുപ്പമുള്ള കാര്യമല്ല. ഏറ്റവും പ്രയാസമേറിയ ജോലി പ്രവാചകത്വമാണ്. അതിന് അനുയോജ്യർ ആരാണെന്നും അല്ലെന്നുമുള്ള തീരുമാനം അല്ലാഹുവാണ് എടുക്കുന്നത്. ഈ അനുഗ്രഹം എത്തരത്തിലുള്ളതാണെന്ന് സാധാരണക്കാർക്ക് മനസ്സിലാകില്ല. ഒരു നബി വന്നാൽ അദ്ദേഹത്തെ ഉപദ്രവിക്കുന്നു. ഒരു നബി വന്നാൽ അദ്ദേഹത്തെ അസഭ്യം പറയുന്നു. കുടുംബക്കാരും ഉപേക്ഷിക്കുന്നു, സമൂഹവും ഉപേക്ഷിക്കുന്നു ഇതാണ് പ്രവാചകത്വം. ഹദ്റത് മസീഹ് മൗഊദ് (അ) നോടൊപ്പവും ഇതൊക്കെ തന്നെയാണ് സംഭവിച്ചത്. അപ്പോൾ ആദ്യത്തെ അനുഗ്രഹം എന്നത് നീ അനുഗ്രഹിച്ചവരുടെ മാർഗം കാണിച്ചുതാ എന്നാണ്. ഇതാണ് തേടുന്നത്. അല്പം ഭയപ്പെടുക. കാരണം വലിയ കാര്യമാണ് ആവശ്യപ്പെടുന്നത്. ധൈര്യമാണെങ്കിൽ ഇല്ല താനും.

അതുകൊണ്ടാണ് ഇതിനു മുമ്പായി اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ എന്ന് പറഞ്ഞത്. അതായത് നിന്നെ മാത്രം ആരാധിക്കുന്നു, സഹായവും നിന്നോട് തന്നെയാണ് തേടുന്നത്. അഥവാ നീ സഹായിച്ചില്ലായെങ്കിൽ സൂറ ഫാതിഹായിലെ ദുആ ഞങ്ങൾക്ക് ലഭിക്കുകയില്ല തന്നെ.

അപ്പോൾ നബിമാരെ വിട്ടേക്കുക. എന്നാൽ സിദ്ധീഖ് എന്താണ്? സത്യത്തിന്റെ അവസാന അതിശയോക്തിയുടെ ക്രിയാരൂപമാണ് സിദ്ധീഖ്. അതിനർത്ഥം അവരുടെ എല്ലാ കാര്യങ്ങളും സത്യവും, സത്യത്തിന്റെ ഉന്നത നിലവാരത്തിലേക്ക് എത്തിയതുമായിരിക്കും എന്നാണ്. അവരുടെ എല്ലാ കർമങ്ങളും സത്യവും, വാക്കും കർമവും തമ്മിൽ യാതൊരു ഭിന്നതയും ഇല്ലാത്തതുമാകുന്നു. മുഴുവൻ സമുദായവും ഇവർ സത്യവാനാണെന്ന് സാക്ഷ്യം പറയുന്നു. അവരാണ് സിദ്ധീഖ്. ഒരോ നബിമാരും ആദ്യത്തിൽ സിദ്ധീഖാകുന്നു. നബി തിരുമേനി (സ) യും സിദ്ധീഖായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) സിദ്ധീഖായിരുന്നു. അതുകൊണ്ടാണ് അവർ ഏറ്റവും സത്യസന്ധരാണെന്ന് എല്ലാവരും പറയുന്നത്. അപ്പോൾ സിദ്ധീഖിന്റെ സത്യം പ്രകാശമായിക്കൊണ്ട് പരക്കുന്നു. സിദ്ധീഖ് ഒരു വിളക്കിനെപോലെ പ്രകാശിക്കുകയും ചുറ്റുപാടുമുള്ള അന്ധകാരത്തെ വെളിച്ചമാക്കി മാറ്റുകയും ചെയ്യുന്നു. അപ്പോൾ ജനങ്ങൾ പറയും ഇത് സിദ്ധീഖാണ്, ഇത് സിദ്ധീഖാണ്. പിന്നീട് അല്ലാഹു നബിയാക്കുന്നു. ജനങ്ങൾ ഈ വിളക്കിനെ, ഞങ്ങളതിനെ അംഗീകരിക്കുന്നില്ല അതിനെ അണച്ചുകളയുക എന്ന് പറഞ്ഞ് ഊതിക്കെടുത്താൻ തുടങ്ങുന്നു. എന്നാൽ അല്ലാഹു പറയുന്നു, ഈ വിളക്ക് അണയില്ല. ഒരിക്കലും അണയാൻ അനുവദിക്കില്ല. ഇതാണ് സിദ്ധീഖിന്റെ സ്ഥാനം.

അതിനു താഴെ ശഹീദ്. എന്താണ് ശഹീദ്? കാരണം ശഹീദാക്കണെ എന്നും തേടുന്നുണ്ടല്ലോ. ശഹീദിന്റെ അർത്ഥം അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുക എന്നതാണ്. വധിക്കപ്പെടേണ്ട അവസരം വരുമ്പോൾ എത്രപേർ ഓടിക്കളയും എന്നറിയില്ല. എന്നാൽ അല്ലാഹുവിനോട് തേടുന്നത് അതാണ്. അതിനാൽ ആവശ്യപ്പെടുകയും അവസരം വരുമ്പോൾ പിന്നോട്ട് മാറുകയും ചെയ്യുന്നവർ സിദ്ധീഖാകുകയില്ലല്ലോ, ശഹീദുമാകുകയില്ല.

അതിന് താഴെയാണ് സ്വാലിഹ്. എല്ലാവർക്കും സ്വാലിഹ് ആകാവുന്നതാണ്. സ്വാലിഹ് എന്നാൽ ഒരിക്കലും കളവു പറയാത്തവർ, ഒരിക്കലും ചതിച്ചിട്ടാത്തവർ, ആരുടെയും മുതൽ അന്യായപ്പെടുത്താത്തവർ, കൃത്യമായി നമസ്കരിക്കുന്നവർ. അവരുടെ കർമങ്ങൾ നല്ലതും, പരിശുദ്ധവും, സുതാര്യവുമായിരിക്കും. അതായിത്തീരുന്നതിനും നല്ല പരിശ്രമം അനിവാര്യമാണ്. അതിനാൽ നമസ്കാരം അത്യന്താപേക്ഷിതമാണ്. അഞ്ചുനേരവും നമസ്കാരത്തിലെ ഓരോ റകഅത്തിലും ഈ ദുആ അനിവാര്യമാണ്. അഥവാ ഇങ്ങിനെ ചെയ്യുന്നില്ലായെങ്കിൽ സ്വാലിഹ് പോലും ആകാൻ കഴിയില്ല. ജനങ്ങൾക്ക് സ്വാലിഹ് ആകുന്നതിനുള്ള അവസരവും ലഭിക്കില്ല.

എല്ലാവർക്കും ഭക്ഷണം നൽകുന്നു എന്നതും അല്ലാഹുവിന്റെ ഒരു അനുഗ്രഹമാണ്. റബ്ബുൽ ആലമീനാണ്. അതായത്, മുഴുവൻ ലോകത്തിനും വേണ്ടി ഭക്ഷണപാനീയങ്ങൾക്കുള്ള വ്യവസ്തിതി ഒരുക്കുന്നു. മുഴുവൻ ലോകത്തുമുള്ള ജനങ്ങൾക്കും, മൃഗങ്ങൾക്കും, പക്ഷികൾക്കും, കീടങ്ങൾക്കും, പ്രാണികൾക്കും അല്ലാഹു എന്തെങ്കിലും ഭക്ഷണമായി നൽകുന്നത് കൊണ്ടാണ് അവ നിലനിൽക്കുന്നത്.


# അൽഹഖ്

**The Editor, AL HAQ**
**C/o**
**Majlis Khuddamul Ahmadiyya**
**Karulai , Malappuram, Kerala**

**E.mail: alhaqeditor@gmail.com**

# വസിയ്യത്ത്: ചില സംശയ നിവാരണങ്ങൾ

## • വിദ്യാർത്ഥികളുടെ വരുമാനം

വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സ്റ്റൈഫന്റിന് ചന്ദ നൽകേണ്ടതില്ല. വിദ്യാർത്ഥികൾ തങ്ങളുടെ ജീവിത നിലവാരമനുസരിച്ച് ഒരു തുക നിശ്ചയിച്ച് അതനുസരിച്ച് ഹിസ്സ ആമദ് നൽകേണ്ടതാണ്.

## • വരുമാനമില്ലാത്ത സ്ത്രീകളുടെ ചന്ദ

ഭർത്താവ് ഭാര്യയുടെ ജീവിത നിലവാരത്തിനനുസരിച്ച് ഒരു തുക നിശ്ചയിക്കുകയും അത് ഭാര്യയുടെ വരുമാനമായി കണക്കാക്കി കൊണ്ട് സാമ്പത്തിക ത്യാഗത്തിന്റെ ശൃംഖലയെ നിലനിർത്തുന്നതിനായി അതനുസരിച്ച് ഹിസ്സ ആമദ് നൽകേണ്ടതാണ്.

## • വസിയ്യത്ത് നിലവിൽ വരുന്നത്

വസിയ്യത്ത് ഫോറത്തിൽ, എന്റെ വസിയ്യത്ത് രേഖപ്പെടുത്തുന്ന ദിവസം മുതൽ/ ഇന്ന ദിവസം മുതൽ/അംഗീകാരം ലഭിക്കുന്ന ദിവസം മുതൽ ഗണിക്കപ്പെടണം എന്ന് ചേർത്തിട്ടുണ്ട്. അതിൽ ഏതാണോ മൂസി തിരഞ്ഞെടുക്കുന്നത് അതനുസരിച്ചുള്ള ചന്ദയാണ് നൽകേണ്ടത്.

## • വസിയ്യത്ത് ചെയ്യുന്നതിനുള്ള കുറഞ്ഞ പ്രായം

വസിയ്യത്തിനുള്ള ഏറ്റവും കുറഞ്ഞ പ്രായ പരിധി 15 വയസ്സാണ്. നിയമപരമായി പ്രായപൂർത്തിയാകുമ്പോൾ അതായത് 18 വയസ്സ് പൂർത്തിയാകുമ്പോൾ വസിയ്യത്ത് പുതുക്കേണ്ടത് അനിവാര്യമാകുന്നു.

## • വസിയ്യത്തിന്റെ തോതിൽ മാറ്റം വരുത്തുക

വസിയ്യത്തിന്റെ അടിസ്ഥാന തോത് പത്തിലൊന്നാകുന്നു. എപ്പോഴെങ്കിലും അത് വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ ചെയ്യാവുന്നതാണ്. ഇനി അഥവാ ആരെങ്കിലും ആരംഭത്തിൽ പത്തിലൊന്നിനേക്കാൾ കൂടുതൽ വസിയ്യത്ത് ചെയ്യുകയും പിന്നീട് ചില പ്രത്യേക അവസ്ഥകൾ കാരണം അത് നിലനിർത്താൻ സാധിക്കാതെ വരികയും തോതിൽ കുറവ് വരുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ പത്തിലൊന്ന് വരെ കുറവ് വരുത്താവുന്നതാണ്.

## • ശർത്തെ അവ്വൽ വസിയ്യത്ത് ചെയ്യുന്ന സമയത്ത് അനിവാര്യമാണോ

വസിയ്യത്ത് ചെയ്യുന്ന എല്ലാവരും ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ നിർദേശമനുസരിച്ച് ബഹിശ്തി മഖ്ബറ മോടിപിടിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി തന്റെ കഴിവനുസരിച്ച് ഒറ്റ ഘഡുവായി ചന്ദ ശർത്തെ അവ്വൽ നൽകേണ്ടത് അനിവാര്യമാകുന്നു.

## • വസിയ്യത്തിനോടൊപ്പം ചന്ദ ജൽസാ സാലാന അനിവാര്യമാണോ

വസിയ്യത്തിനായി ചന്ദ വസിയ്യത്ത് മാത്രമാണ് അനിവാര്യമായിട്ടുള്ളത്. വസിയ്യത്തിന്റെ ഓഫീസ് അതനുസരിച്ചാണ് കാര്യങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നത്. എന്നാൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ശബ്ദത്തിന് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് വസിയ്യത്ത് പദ്ധതിയിൽ അംഗമാകുകയാണെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജീവിതകാലത്ത് ആഹ്വാനം ചെയ്തിട്ടുള്ള മറ്റ് ചന്ദകളിലും ഭാഗവാക്കാകേണ്ടത് തഖ്‌വയുടെ ഭാഗമാണ്. ഹദ്റത് മസീഹ് മൗഊദ്(അ) ആരംഭകാലം മുതൽക്ക് തന്നെ ചന്ദ ജൽസാ സാലാന നൽകുന്നതിന് ആഹ്വാനം ചെയ്തിരുന്നു. വരുമാനമുള്ളവർ വാർഷിക വരുമാനത്തിന്റെ നൂറ്റി ഇരുപതിൽ ഒരു ഭാഗം ചന്ദ ജൽസാസാലാനയായി നൽകേണ്ടതുണ്ട്.

## • വസിയ്യത്ത് ഫോറം പൂരിപ്പിച്ചതിന് ശേഷമുള്ള നടപടികൾ

വസിയ്യത്ത് ഫോറം പൂരിപ്പിച്ചതിന് ശേഷം പ്രസിഡന്റ് അല്ലെങ്കിൽ വസിയ്യത്ത് സെക്രട്ടറിയെ ഏൽപ്പിക്കുക. തുടർന്ന് അനിവാര്യ മായ നടപടികൾ പൂർത്തിയാക്കിയ ശേഷം അത് കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കുന്നു. കേന്ദ്രത്തിൽ ഒരു രജിസ്റ്ററിൽ അത് രേഖപ്പെടുത്തി ഫയൽ നമ്പർ നൽകുന്നു. പിന്നീട് പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.

## • വസിയ്യത്ത് പത്രത്തിൽ പ്രസിദ്ധീകരിക്കുന്നത് കൊണ്ടുള്ള ഉദ്ദേശ്യം

വസിയ്യത്ത് ഫോറത്തിൽ വസിയ്യത്ത് ചെയ്യുന്ന വ്യക്തി രേഖപ്പെടുത്തിയിട്ടുള്ള വരുമാനവും സ്വത്തുക്കളും ശരിയല്ല എന്ന് ആർക്കെങ്കിലും അറിവുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് ഓഫീസിനെ അറിയിക്കേണ്ടതാണ്. അഥവാ അറിവുണ്ടായിട്ടും വാസ്തവ വിരുദ്ധമായ കാര്യത്തെ സംബന്ധിച്ച് ഓഫീസിനെ അറിയിക്കുന്നില്ലെങ്കിൽ അത് തെറ്റായിരിക്കും. അത്തരത്തിൽ അറിയിപ്പ് നൽകുന്നവരുടെ പേര് വെളിപ്പെടുത്താതെ തന്നെ ഓഫീസ് തൽസംബന്ധമായി അന്വേഷണം നടത്തുന്നതാണ്.

### • എന്താണ് സ്വത്തുക്കളായി ഗണിക്കപ്പെടുന്നത്

വസിയ്യത്ത് ചെയ്യുന്ന വ്യക്തിയുടെ സ്ഥാവര, ജംഗമ സ്വത്തുക്കളാണ് മജ്‌ലിസ് കാർപർദാസിന്റെ പക്കൽ സ്വത്തുക്കളായി ഗണിക്കപ്പെടുന്നത്.

### • വസിയ്യത്ത് ചെയ്യുമ്പോൾ ഏതെല്ലാം സ്വത്തുക്കൾ രേഖപ്പെടുത്തണം

വസിയ്യത്ത് ചെയ്യുമ്പോൾ മൂസിയുടെ പേരിലുള്ളതോ അല്ലെങ്കിൽ തന്റെ അടുത്ത ബന്ധുക്കളുടെ ആരുടെയെങ്കിലും പേരിലാക്കിയിട്ടുള്ളതുമായ സ്വത്തുക്കൾ അയാളുടെ സ്വത്തായി കണക്കാക്കപ്പെടുന്നതാണ്. ചിലപ്പോൾ വസിയ്യത്ത് ചെയ്യുന്ന വ്യക്തി തന്നോടൊപ്പം വസിയ്യത്ത് ചെയ്യുന്ന മറ്റാരുടെയെങ്കിലും പേരിലേക്ക് സ്വത്ത് എഴുതി വെച്ചിട്ടുണ്ടാകുന്നു. ഉദാഹരണമായി പിതാവും മകനും അല്ലെങ്കിൽ ഭർത്താവും ഭാര്യയും. അത്തരം അവസരങ്ങളിൽ സ്വത്ത് പിതാവിന്റെയോ അല്ലെങ്കിൽ ഭർത്താവിന്റെയോ ആയിട്ടായിരിക്കും ഗണിക്കുക. മകന്റെയോ ഭാര്യയുടെയോ ആയിരിക്കില്ല. പിന്നീട് അവർ അതിന്റെ ഉടമസ്ഥരായിത്തീരുമ്പാൾ അതവരുടെ സ്വത്തായി ഗണിക്കുന്നതാണ്.

### • പൊതുവിൽ ഉപയോഗിക്കുന്ന ഏതെല്ലാം വസ്തുക്കൾ വസിയ്യത്തിൽ ഉൾപ്പെടുന്നു

പൊതുവായി ഉപയോഗിക്കുന്ന വസ്തുക്കളിൽ കാർ, ബൈക്ക്, മൂലധനമുള്ള കടകളോ കച്ചവടമോ തുടങ്ങിയവയും ട്രാക്ടർ ട്രാളി, പശു, എരുമ, പോത്ത്, ആട് തുടങ്ങിയവയും അതോടൊപ്പം അവകാശികൾ സ്വത്തുക്കളായി ഗണിക്കുകയും വിതരണം ചെയ്യപ്പെടുകയും ചെയ്യുന്ന വിലയേറിയ വസ്തുക്കളും വസിയ്യത്തിൽ ഉൾപ്പെടുന്നതാണ്.

### •വസിയ്യത്തിൽ വീട്ടുപകരണങ്ങൾ സ്വത്തുക്കളായി ഗണിക്കുമോ

വീട്ടുപകരണങ്ങൾ വസിയ്യത്തിൽ സ്വത്തു ക്കളായി ഗണിക്കപ്പെടുന്നതല്ല. ഇനി അഥവാ ആരെങ്കിലും അവയെ സ്വത്തുക്കളിൽ ഉൾപ്പെടുത്തി സ്വയം അതിന്റെ ഹിസ്സ ജായ്ദാദ് നൽകുകയാണെങ്കിൽ അതയാളുടെ ഇഷ്ടപ്രകാരമായിരിക്കും. ജമാഅത്ത് സംവിധാനം അതിനെ സ്വത്തായി ഗണിക്കുകയോ അതിന്റെ ഹിസ്സ ജായിദാദ് ആവശ്യപ്പെടുകയോ ചെയ്യുന്നതല്ല.

### • സ്ത്രീകളുടെ മഹർ സ്വത്തായി ഗണിക്കുമോ

സ്ത്രീകളുടെ മഹർ സ്വത്തായി ഗണിക്കുന്നതാണ്.

### • മാതാപിതാക്കളിൽ നിന്നോ മറ്റ് സ്വന്തക്കാരിൽ നിന്നോ ലഭിക്കുന്ന അനന്തരസ്വത്തിനെ വസിയ്യത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ

വസിയ്യത്ത് സമയത്ത് മാതാപിതാക്കളിൽ നിന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും ബന്ധുക്കളിൽ നിന്നോ എന്തെങ്കിലും അനന്തര സ്വത്തായി ലഭിച്ചിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് വ്യക്തമായി ഇത് ഇന്നയാളിൽ നിന്ന് അനന്തരസ്വത്തായി ലഭിച്ചതാണെന്ന് പരാമർശിക്കേണ്ടതാണ്. ഇനി അഥവാ വസിയ്യത്തിന് ശേഷമാണ് ലഭിക്കുന്നതെങ്കിൽ ലഭിച്ച ഉടൻ തന്നെ ഓഫീസിനെ അറിയിക്കേണ്ടതാണ്. അറിയിക്കാതിരിക്കുന്നത് പിന്നീട് പല തരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് കാരണമായിത്തീരുന്നു.

# - മൂസിയുടെ വരുമാന മാർഗങ്ങൾ -

**ജോലി:** പുരോഗതിക്കു ശേഷം ഗ്രേഡനുസരിച്ച് ഓരോ മാസവും ലഭിക്കുന്ന ശമ്പളം വരുമാനമായി ഗണിക്കുന്നതാണ്. സർക്കാരോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥാപനമോ അവരുടെ ജോലിക്കാർക്ക് ശമ്പളം കൂടാതെ മറ്റേതെങ്കിലും പേരിൽ എന്തെങ്കിലും തുക നൽകുന്നുണ്ടെങ്കിൽ, ഉദാഹരണമായി വീട് വാടക, വിലക്കയറ്റ അലവൻസ്, അല്ലെങ്കിലും മറ്റെന്തെങ്കിലും പേരിൽ നൽകുന്നുണ്ടെങ്കിൽ അതും വരുമാനത്തിൽ ഉൾപ്പെടുന്നതാണ്. അതുപോലെ ബോണസും വരുമാനത്തിൽ ഉൾപ്പെടുന്നതാണ്. സർക്കാർ ജോലിക്കാരുടെ ശമ്പളത്തിൽ നിന്ന് നിയമപരമായി കട്ട് ചെയ്യുന്ന നിർബന്ധ തുക വരുമാനത്തിൽ ഉൾപ്പെടുന്നതല്ല. ഉദാഹരണമായി ഇൻകംടാക്സ്, ജനറൽ ഇൻഷൂറൻസ് തുടങ്ങിയവ. ഒരു ജോലിക്കാരൻ തന്റെ ശമ്പത്തിൽ നിന്ന് കട്ട് ചെയ്യുന്ന പ്രൊവിഡന്റ് ഫണ്ടിന്റെ തുകയെ തന്റെ വരുമാനത്തിൽ നിന്ന് കുറച്ചു കൊണ്ട് കാണിക്കുകയാണെങ്കിൽ അതിനെ വരുമാനത്തിൽ ഉൾപ്പെടുത്തുന്നതല്ല. എന്നാൽ പ്രസ്തുത തുക തിരികെ ലഭിക്കുമ്പോൾ അതിന്റെ ചന്ദ നൽകേണ്ടത് അനിവാര്യമാകുന്നു. വിരമിച്ചതിന് ശേഷമോ അല്ലെങ്കിൽ സ്ഥാപനത്തിൽ നിന്ന് മാറുമ്പോഴോ ലഭിക്കുന്ന പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയ്ക്ക് നേരത്തേ ചന്ദ നൽകിയിട്ടില്ലെങ്കിൽ ലഭിക്കുന്ന മുഴുവൻ തുകയ്ക്കും അതായത് പ്രോവിഡന്റ് ഫണ്ട് അതിന്റെ ലാഭം ഗ്രാജുവേറ്റ്സ് എന്നിവയ്ക്കെല്ലാം ചന്ദ നൽകേണ്ടതാണ്. തുക ഒന്നിച്ചാണ് ലഭിക്കുന്നതെങ്കിൽ ചന്ദയും ഒന്നിച്ച് നൽകേണ്ടതാണ്. ഘട്ടം ഘട്ടമായാണ് ലഭിക്കുന്നതെങ്കിൽ അതിനനു സരിച്ച് ചന്ദ നൽകേണ്ടതാണ്.

സർക്കാരോ ബന്ധപ്പെട്ട സ്ഥാപനമോ താമസത്തിനായി സൗകര്യം ഏർപ്പെടുത്തുകയും അതിന് പകരം അയാളുടെ ശമ്പളത്തിൽ നിന്ന് വീട് വാടക തുടങ്ങിയവ കട്ട് ചെയ്യുന്നുണ്ടെങ്കിൽ ആ തുക വരുമാനത്തിൽ നിന്ന് കുറയുന്നതല്ല.

Old age benefit ആയി പെൻഷന് വേണ്ടി കട്ട് ചെയ്യുന്ന തുക വരുമാനത്തിൽ നിന്ന് കുറയുന്നതല്ല. മൂസിക്ക് ഏതെങ്കിലും മാർഗത്തിലൂടെ സ്വന്തം ഇഷ്ടമനുസരിച്ച് ചെലവാക്കാൻ സാധിക്കുന്ന തുക ലഭിക്കുകയാണെങ്കിൽ അതും വരുമാനത്തിൽ ഉൾപ്പെടുന്നതാണ്. അത് നൽകുന്ന വ്യക്തി ആ തുകയ്ക്ക് നിർബന്ധ ചന്ദ നൽകിയതാണെങ്കിൽ പോലും. ഉപഹാരമായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക ലക്ഷ്യത്തിനായോ നൽകപ്പെട്ട തുകയ്ക്ക് ചന്ദ നിർബന്ധമല്ല. ഉദാഹരണമായി, ദിനബത്ത, യാത്രാബത്ത, വിദ്യാഭ്യാസബത്ത, പെരുന്നാൾബത്ത, ഗോതമ്പ് അലവൻസ്, രോഗാവസ്ഥയിൽ ഉണ്ടാകുന്ന ചെലവിൽ ബില്ലിന് പകരമായി ലഭിക്കുന്ന തുക, വിവാഹ വേളകളിൽ

ലഭിക്കുന്ന തുക, ഏതെങ്കിലും സ്വന്തക്കാരോ മാതാപിതാക്കളോ മറ്റോ ഏതെങ്കിലും പള്ളിക്ക് വേണ്ടിയോ ചന്ദയായോ തങ്ങളുടെ ഭാഗത്ത് നിന്നോ സ്വന്തമായോ നൽകുക എന്ന് പറഞ്ഞ് നൽകുന്ന തുക തുടങ്ങിയവ. എന്നാ ൽ ആരെങ്കിലും സ്വന്തം ഇഷ്ടത്തിന് അതിൽ നിന്ന് ചന്ദ നൽകുകയാണെങ്കിൽ അത് പ്രതിഫലാർഹമായിരിക്കും. സർക്കാരോ ഏതെങ്കിലും സ്ഥാപനമോ തന്റെ ജോലിക്കാരന് വാഹനം വാങ്ങുക വീട് നിർമിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി ശമ്പളത്തിൽ നിന്ന് കുറച്ച് തുക കടമെന്ന നിലയിൽ അഡ്വാൻസായി നൽകുന്ന അവസരത്തിൽ തുക കൈപ്പറ്റിയാൽ ഉടൻ അതിന്റെ ചന്ദ നൽകേണ്ടത് അനിവാര്യമാകുന്നു. ചന്ദ നൽകിയില്ലാ എങ്കിൽ പ്രസ്തുത തുക ശമ്പളത്തിൽ നിന്ന് മാസം തോറും കട്ട് ചെയ്യുന്ന അവസരത്തിൽ ആ തു ക മാസവരുമാനത്തിൽ നിന്ന് കുറയുന്നതല്ല.

**കൃഷി:** സ്വയം കൃഷി ചെയ്യുകയോ കരാറിന് നൽകുകയോ ചെയ്യുന്ന ഭൂവുട മസ്ഥനായ വ്യക്തിക്ക് അതിന്റെ വരുമാനത്തിൽ നിന്ന് പതിനാറിൽ ഒന്ന് ഹിസ്സ ആമദായി നൽകേണ്ടതാണ്. സ്വന്തം ഭൂമിയില്ലാത്ത മറ്റുള്ളവരുടെ കൃഷിയിടത്തിൽ വിളവിറക്കുന്ന വ്യക്തിക്ക് അതിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിൽ നിന്ന് പത്തിൽ ഒന്നോ അല്ലെങ്കിൽ വസിയ്യത്തനുസരിച്ചുള്ള ഭാഗമോ ചന്ദയായി നൽകേണ്ടതാണ്. കൃഷിക്കാരൻ തന്റെ കൃഷിയിടത്തിൽ വിളവിറക്കുന്നതിനു വേണ്ടിയും വിത്ത് വിതക്കുന്നതിനു വേണ്ടിയും ചെയ്യുന്ന ചെലവുകൾ ഉദാഹരണമായി, വിത്ത് വാങ്ങൽ, ജലസേചനം നടത്തൽ,നിലം ഉഴൽ, പണിക്കാർക്കുള്ള ശമ്പളം,സർക്കാർ ടാക്സുകൾ തുടങ്ങിയ എല്ലാ ചെലവുക ളും വരുമാനത്തിൽ ഉൾപ്പെടുന്നതല്ല. കൃഷിപ്പണിക്കാരായ ജോലിക്കാർക്ക് മുഴുവൻ ശമ്പളത്തിനും പരകമായി അഥവാ അല്പം തുകയും ബാക്കി സൗകര്യങ്ങളുമാണ് നൽകുന്നതെങ്കിൽ അവർ ആ തുകയോടൊപ്പം സൗകര്യങ്ങളെയും വരുമാനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

**വ്യാപാരം:** എല്ലാ വ്യാപാരികളും കണക്കെടുപ്പ് നടത്തി തനിക്ക് ലഭിച്ചിട്ടുള്ള മുഴുവൻ ലാഭത്തിനും ചന്ദ നൽകേണ്ടതാണ്. ലാഭത്തിൽ നിന്നും എന്തെങ്കിലും തുക ബാക്കി വരുന്നുണ്ടെങ്കിൽ ചന്ദ വസിയ്യത്ത് നൽകിയ ശേഷം അതിനെ വീണ്ടും കച്ചവടത്തിൽ ഇറക്കുക. ഹദ്റത് ഖലീ ഫത്തുൽ മസീഹ് റാബിഅ് (റഹ്) പറയുന്നു, ' കച്ചവടക്കാരുടെ വരുമാന നിർണ്ണയത്തിനായി എന്റെ മനസ്സിലുള്ള മാർഗം ഇപ്രകാരമാണ്, തനിക്കായും, തന്റെ കുട്ടികൾക്കായും, അടുത്ത ബന്ധുക്കൾക്കായും, സുഹൃത്തുക്കൾക്കായും അല്ലെങ്കിൽ മറ്റ് ഐശ്ചിക ചന്ദകൾ നൽകുന്നതിനായും എടുക്കുന്ന മുഴുവൻ ചെലവുകളിലും ആദ്യം ചന്ദ വസിയ്യത്ത് നൽകുക.'

**• ഏതെങ്കിലും ഭൗമീകമോ ആകാശീയമോ ആയ വിപത്തുകളാലോ അല്ലെങ്കിൽ മറ്റെന്തെങ്കിലും നിലയിലോ കച്ചവടത്തിലുണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി ഏതെങ്കിലും സ്വത്ത് വിൽക്കുകയാണെങ്കിൽ അങ്ങിനെയുള്ള സ്വത്ത് വിറ്റ് ലഭിക്കുന്ന തുകയിൽ നിന്ന് ചന്ദ നൽ കേണ്ടത് അനിവാര്യമാണോ**

**അത്തരത്തിലുള്ള സ്വത്ത് വിൽപന നടത്തുമ്പോൾ ചന്ദ നൽകേണ്ടത് അനിവാര്യമല്ല. എന്നാൽ മജ്ലിസ് കാർപർദാസിന് അതിനെ സംബന്ധിച്ചുള്ള മുഴുവൻ അവസ്ഥയും എഴുതി അറിയിക്കേണ്ടത് അനിവാര്യമാകുന്നു.**

**• ഏതെങ്കിലും സ്വത്തിനെ ആശ്രയിച്ച് അതിന്റെ വരുമാനത്തിൽ നിന്നും ജീവിതം കഴിച്ചു കൂട്ടുന്ന ഒരു വ്യക്തിക്ക് പ്രസ്തുത സ്വത്തിന്റെ കേടുപാട് തീർക്കുന്നതിന്നായി ചെലവഴിക്കുന്ന തുക വരുമാനത്തിൽ നിന്നും കുറക്കാൻ സാധിക്കുമോ**

**ആരുടെയെങ്കിലും വരുമാനമാർഗമായ സ്വത്തുക്കളുടെ കേട്പാട് തീർക്കുന്നതിന്റെ ചെലവുകളും ടാക്സ് തുടങ്ങിയ സർക്കാരിന്റെ അനിവാര്യമായ ചെലവുകളും വരുമാനത്തിൽ നിന്ന് കുറയ്ക്കാവുന്നതാണ്.**

# വസിയ്യത്തും ഹിസ്സ ജായ്ദാദും

വസിയ്യത്ത് ചെയ്ത ഉടൻ തന്നെ ഹിസ്സ ജായ്ദാദ് നൽകേണ്ടത് അനിവാര്യമല്ല. വസിയ്യത്ത് ചെയ്തതിനു ശേഷം മൂസിക്ക് തന്റെ ജീവിത കാലത്ത് സ്വത്ത് നിർണ്ണയം നടത്തി ഹിസ്സ ജായ്ദാദ് നൽകാവുന്നതാണ്. അഥവാ എന്തെങ്കിലും കാരണത്താൽ ജീവിതകാലത്ത് സ്വത്ത് നിർണ്ണയം നടത്താൻ സാധിച്ചിട്ടില്ലെങ്കിൽ അല്ലെങ്കിൽ സ്വത്ത് നിർണ്ണയം നടത്തിയ ശേഷം ഹിസ്സ ജായ്ദാദ് നൽകാൻ അവസരം ലഭിച്ചിട്ടില്ലായെങ്കിൽ വഫാത്ത് സമയത്ത് ഏതായാലും ഹിസ്സ ജായ്ദാദ് ഒന്നിച്ച് നൽകേണ്ടത് അനിവാര്യമാണ്.

സ്വത്ത് നിർണ്ണയം നടത്താതെയും ഹിസ്സ ജായ്ദാദ് നൽകാവുന്നതാണ്. എന്നാൽ പിന്നീട് കൃത്യമായ നിർണ്ണയം നടത്തിയതിനു ശേഷമെ കേന്ദ്രത്തിൽ നിന്ന് സർട്ടിഫിക്കറ്റ് നൽകുകയുള്ളു. അതിനു ശേഷമെ നൽകിയ തുക ഹിസ്സ ജായ്ദാദിൽ രേഖപ്പെടുത്തുകയുള്ളു. സ്വത്ത് നിർണ്ണയത്തിന്റെ കാലാവധി സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ അംഗീകാരം ലഭിക്കുന്ന ദിവസം മുതലാണ് ഗണിക്കപ്പെടുന്നത്. സ്വത്ത് നിർണ്ണയത്തിനു ശേഷം കേന്ദ്രത്തിൽ നിന്ന് അത് നൽകേണ്ട രീതിയെ സംബന്ധിച്ച് നിർദേശം ലഭിക്കുന്നു. ജീവിച്ചിരിക്കുന്ന കാലത്ത് സ്വത്ത് നിർണ്ണയം നടത്തിയതിനു ശേഷം സ്വയം താമസിക്കുന്ന സ്വത്തുക്കളുടെ ഹിസ്സ ആമദ് നൽകാവുന്ന കാലാവധി 5 വർഷമാകുന്നു. ഓരോ വർഷവും വില നിർണ്ണയിക്കപ്പെട്ട സ്വത്തിന്റെ അഞ്ചിൽ ഒരു ഭാഗം നൽകേണ്ടത് നിർബന്ധമാകുന്നു. ഒരു വർഷത്തെ തുക ഒന്നിച്ചും നൽകാവുന്നതാണ്. സ്വയം താമസമില്ലാത്ത സ്വത്തുക്കളുടെ ഹിസ്സ ജായ്ദാദിന്റെ കാലാവധി 2 വർഷമാകുന്നു. ഇനി ഏതെങ്കിലും സ്വത്തിന്റെ മൂല്യനിർണ്ണയം നടത്തുകയും എന്നാൽ സമയ പരിധിക്കുള്ളിൽ ഹിസ്സ ജായ്ദാദ് അടച്ചു തീർക്കുന്നില്ലായെങ്കിൽ ആദ്യം നടത്തിയ മൂല്യ നിർണ്ണയം റദ്ദായി പോകുന്നതാണ്. വീണ്ടും സമർപ്പിക്കുന്ന അപേക്ഷയിൽ മൂല്യ നിർണ്ണയം നടത്തുന്നതാണ്. ആദ്യ മൂല്യ നിർണ്ണയത്തിൽ ഭാഗികമായി ചന്ദ നൽകിയിട്ടുണ്ടെങ്കിൽ രണ്ടാമത്തെ മൂല്യനിർണ്ണയത്തിനു ശേഷം ആദ്യത്തേതിന് അനുസൃതമായ നിലയിലായിരിക്കും ചന്ദ നിശ്ചയിക്കുക. ഉദാഹരണമായി, ആദ്യ തവണയിൽ സ്വത്തിന്റെ മൂല്യം 10 ലക്ഷമായി നിർണ്ണയിക്കുകയും അതിന്റെ ഹിസ്സാ ജായ്ദാദിന്റെ ഭാഗമായ 1 ലക്ഷത്തിന് പകരം 60,000 രൂപ മാത്രമെ അടക്കാൻ സാധിച്ചുള്ളു. അതായത് 60%. അത്തരം അവസരത്തിൽ രണ്ടാമതും മൂല്യനിർണ്ണയം നടത്തുമ്പോൾ മൂല്യത്തിന്റെ 60% അടച്ചതായി ഗണിക്കപ്പെടുന്നതാണ്. രണ്ടാമത്തെ തവണ 12 ലക്ഷമാണ് മൂല്യം നിർണ്ണയിക്കുന്നതെങ്കിൽ അതിന്റെ ഭാഗം 1,20,000 ആകുന്നു. അപ്പോൾ അതിന്റെ 60% ഭാഗം അതായത് 72,000 രൂപ അടച്ചു കഴിഞ്ഞതായി ഗണിക്കുന്നതാണ്. ബാക്കി 48,000 രൂപയാണ് നൽകേണ്ടത്.

ഒന്നിൽ കൂടുതൽ സ്വത്തുക്കൾ ഉണ്ടെങ്കിൽ ഒന്നിച്ച് മൂല്യനിർണ്ണയം നടത്തുകയോ അല്ലെങ്കിൽ പ്രത്യേകം പ്രത്യേകമായി മൂല്യനിർണ്ണയം നടത്തി ഒന്നിന് ശേഷം മറ്റൊന്നായോ അടച്ചു തീർക്കാവുന്നതുമാണ്. അതുപോലെ ഓരോന്നിന് പകരമായി ചെറിയ ചെറിയ ഭാഗങ്ങളാക്കി ഓരോ ഭാഗത്തിന്റെയും വെവ്വേറെ മൂല്യ നിർണ്ണയം നടത്താവുന്നതുമാണ്.

ഹിസ്സ ജായ്ദാദ് അടച്ചു കഴിഞ്ഞതാണെങ്കിലും അല്ലെങ്കിലും അതിൽ നിന്ന് ലഭിക്കുന്ന എല്ലാ വരുമാനത്തിനും ചന്ദ നൽകേണ്ടത് അനിവാര്യമാകുന്നു. അതിന്റെ തോത് പതിനാറിലൊന്ന് ആകുന്നു.

കേന്ദ്രത്തിൽ നിന്നും അംഗീകരിച്ചു വന്ന മൂല്യത്തിൽ അഥവാ മൂസിക്ക് പരാതി ഉണ്ടെങ്കിൽ അത് വ്യക്തമായ നിലയിൽ കാര്യകാരണ സഹിതം കേന്ദ്രത്തെ അറിയിക്കേണ്ടതാണ്. കേന്ദ്രം വീണ്ടും ജമാഅത്തിനെ കൊണ്ട് മൂല്യ നിർണ്ണയം നടത്തുന്നതാണ്. വീണ്ടും അതേ മൂല്യം തന്നെ ജമാഅത്ത് നിർണ്ണയിച്ച് അയക്കുകയും മജ്‌ലിസ് കാർപർദാസ് അംഗീകാരം നൽകി സദ്ർ അഞ്ചുമൻ അഹ്മദിയ്യായെ അറിയിക്കുകയും ചെയ്താൽ അതേ മൂല്യം തന്നെ സ്വീകരിക്കേണ്ടതാണ്. വസിയ്യത്തിന് ശേഷം സ്വത്തുക്കളിൽ ഉണ്ടാകുന്ന മാറ്റം സമയാസമയങ്ങളിൽ കേന്ദ്രത്തെ അറിയിച്ചിരിക്കേണ്ടതാണ്.

വസിയ്യത്ത് ചെയ്യുന്ന വ്യക്തിയുടെ സ്വത്ത് പൈസയായിട്ടാണ് ഉള്ളതെങ്കിൽ വസിയ്യത്ത് ചെയ്യുമ്പോൾ അതിന്റെ ഹിസ്സ ജായ്ദാദ് ഉടൻ തന്നെ നൽകേണ്ടതാണ്. പണം മാത്രമല്ല മറ്റ് സ്വത്തുക്കളും ഉണ്ടെ ങ്കിൽ വസിയ്യത്തിന് അംഗീകാരം ലഭിച്ച ഉടൻ പൈസയുടെ ഹിസ്സ ജായ്ദാദ് നൽകേണ്ടത് അനിവാര്യമാകുന്നില്ല.

ഹിസ്സ ജായ്ദാദായി സ്വത്തുക്കളെ പൊതുവിൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യ സ്വീകരിക്കാറില്ല. മറിച്ച് അത്തരം അവസരങ്ങളിൽ ഉടമസ്ഥനോട് സ്വയം ആ സ്വത്ത് വിൽപന നടത്തി തന്റെ ഹിസ്സ ജായ്ദാദ് നൽകാനാണ് പറയുക.

ഒരു സ്വത്ത് വിറ്റ് മറ്റൊരു സ്വത്ത് വാങ്ങുന്ന അവസരത്തിൽ മൂല്യം ഒന്നു തന്നെയാണെങ്കിൽ അതിന്റെ അറിയിപ്പ് ഓഫീസിന് നൽകുന്നത് മതിയാവുന്നതാണ്. ഇനി കുറഞ്ഞ മൂല്യത്തിനാണ് വസ്തു വാങ്ങിക്കുന്നതെങ്കിൽ അധികമുള്ള മൂല്യത്തിന്റെ ഹിസ്സ ജായ്ദാദ് അടച്ചു കൊണ്ട് ഓഫീസിന് വിവരം നൽകേണ്ടതാണ്. അഥവാ മൂല്യം കൂടുതലുള്ള വസ്തുവാണ് വാങ്ങുന്നതെങ്കിൽ മൂല്യ നിർണ്ണയം നടത്തുന്നത് പുതിയ വസ്തുവിന്റെതായിരിക്കും.

തന്റെ വരുമാനത്തിൽ നിന്ന് മുഴുവൻ ചന്ദയും നൽകിയതിനു ശേഷം സ്വരുക്കൂട്ടുന്ന ബാക്കി തുക കൊണ്ട് സ്വത്തുണ്ടാക്കുകയാണെങ്കിൽ അതിന്റെ ഹിസ്സ ജായ്ദാദും നൽകേണ്ടതാണ്.

(അവലംബം: മാലി നിസാം)


**എന്റെ അഭിലാഷത്തിനനുസരിച്ച് എന്റെ ഉദ്ദേശ്യങ്ങളിൽ സഹായിക്കുന്നവർ ഖിയാമത്ത് നാളിലും എന്നോടൊപ്പം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.**

**(ഹദ്റത് മസീഹ് മൗഊദ് (അ)**
**മജ്മൂഅ ഇശ്തിഹാറാത്, വാല്യം 3, പേജ് 497)**



# തങ്ങളുടെ ധനത്തെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക

ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)



ദൈവീക അനുഗ്രഹം കരസ്ഥമാക്കാനായി അല്പം ഭയവും ഉണ്ടാകേണ്ടത് അനിവാര്യമാകുന്നു. എന്തിന്റെ ഭയം? അല്ലാഹുവിന്റെ ഭയം, ശത്രുക്കളുടെ ഭയം, ചില അല്പജ്ഞരായ ദുർബല വിശ്വാസികളുടെ മതപരിത്യാഗത്തിന്റെ ഭയം. എന്നാൽ ഇത് വളരെ കുറച്ചായിരിക്കും. ഇത് ഒരു പ്രവചനമാണ്. അല്ലാഹു സ്വയം പറയുന്നു, വലനബ്‌ലു വന്നക്കും ബിശയ്ഇൻ മിനൽ ഖൗഫി വൽ ജൂഇ വനഖ്സിൻ മിനൽ അംവാലി വൽ അൻഫുസി വസ്സമറാത്തി. അല്ലാഹു പറയുന്നു, എന്റെ മാർഗത്തിൽ അല്പം ഭയം ഉണ്ടാകുന്നതാണ്. അല്പം വിശപ്പ് ഉണ്ടാകുന്നതാണ്. വിശപ്പ് ഒന്നുകിൽ വ്രതമനുഷ്ഠിക്കുമ്പോഴാണ് ഉണ്ടാകുക. അതായത് അല്പം വ്രതം അനുഷ്ഠിക്കുക. അല്ലെങ്കിൽ ചില സമയത്ത് പട്ടിണിയുടെ അവസ്ഥയിലേക്കെത്തുന്ന തരത്തിൽ ദാനധർമങ്ങൾ അനുഷ്ഠിക്കുക വഴി സ്വയം വിശപ്പ് സ്വീകരിക്കുക. കുറഞ്ഞു പോകുന്ന തരത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുക. ജീവനേയും അവന്റെ മാർഗത്തിൽ ചെലവഴിക്കുക. അതേപോലെ ഫലങ്ങളേയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക.

(ഖുത്വുബ ജുമുഅ: 5.6.1908)

## സ്വന്തം ധനത്തെ അല്ലാഹുവിന്റെ നിർദേശാനുസരണം ചെലവഴിക്കുക

മനുഷ്യൻ ഒരു ചെറു പ്രപഞ്ചമാകുന്നു. അവന്റെ സാമ്രാജ്യ സംവിധാനത്തിനായി ഒരു രാഷ്ട്രം അനിവാര്യമാണ്. പിന്നീട് മനുഷ്യൻ തന്റെ ആവശ്യങ്ങൾ പൂർത്തീകരികരിക്കുന്ന ഒരുവന്റെ ആശ്രിതനാണ്. ഈ മൂന്ന് സവിശേഷഗുണങ്ങളുടെയും യഥാർത്ഥ അർഹൻ അല്ലാഹുവാണ്. ഗുപ്തമായ നിലയിലുള്ള, പിന്നോക്കം കൊണ്ടു പോകുന്ന, പുരോഗതിയിൽ തടസ്സമാകുന്ന ദുർബോധനത്തിൽ നിന്ന് ശാന്തി കരസ്ഥമാക്കുന്നതിന്നായി വിശ്വാസി അവന്റെ അഭയത്തിൽ വരേണ്ടതാണ്. ഇപ്പോൾ ഇസ്‌ലാമിന്റെ അവസ്ഥ വളരെ ശോചനീയമാണ്. എല്ലാ മുസ്‌ലിംകളിലും ഒരു തരത്തിലുള്ള സ്വാർത്ഥതയും തന്നിഷ്ടവും ഉണ്ട്. അവർ സ്വന്തം സമയത്തേയും ധനത്തേയും ദൈവനിർദേശാനുസരണം ചെലവഴിക്കുന്നില്ല. അല്ലാഹു മനുഷ്യനെ സ്വതന്ത്രനായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. എന്നാൽ ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് ധനസംബന്ധമായി. അതിനാൽ ധനം ചെലവഴിക്കുന്നതിൽ വളരെ സൂക്ഷിക്കുക. ഇക്കാലഘട്ടത്തിൽ ചിലർ പലിശ വാങ്ങുന്നത് അനുവദനീയമായി കരുതുന്നു. ഇത് തികച്ചും തെറ്റാണ്. ഹദീസിൽ വന്നിരിക്കുന്നു, പലിശ വാങ്ങുന്നവൻ, കൊടുക്കുന്നവൻ കൂടാതെ എഴുതുന്നവനും സാക്ഷി നിൽക്കുന്നവനും എല്ലാവരും അല്ലാഹുവിന്റെ ശാപത്തിനർഹരാണ്. സന്ദേശമെത്തിക്കുക എന്ന എന്റെ കടമ നിർവഹിച്ച് ഞാൻ നിങ്ങളിൽ നിന്നും സ്വതന്ത്രനാകുകയാണ്. ഞാൻ നിങ്ങളെ അല്പം പോലും ഭയക്കുന്നില്ല. നിങ്ങൾ അല്ലാഹുവിന്റേതായി ത്തീരണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. നിങ്ങൾ സ്വന്തം അവസ്ഥയെ നേരാക്കുക. അല്ലാഹു നിങ്ങൾക്കതിനുള്ള തൗഫീഖ് നൽകട്ടെ. ആമീൻ.

*(ഖുത്വുബ ജുമുഅ; 25.6.1909)*

# ചന്ദയിൽ ഭാഗവാക്കാകാത്തവർ നിർഭാഗ്യർ



ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

ഓർത്തു കൊള്ളുക! എനിക്ക് പണത്തിന്റെ ആവശ്യമില്ല. ഞാൻ എനിക്ക് വേണ്ടി നിങ്ങളിൽ നിന്ന് ഒന്നും ആവശ്യപ്പെടുന്നില്ല. ഞാൻ അല്ലാഹുവിന് വേണ്ടി അവന്റെ ദീനിന്റെ പ്രചരണത്തിന് വേണ്ടിയാണ് നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നത്. അഥവാ നിങ്ങൾ ചന്ദയിൽ ഭാഗവാക്കാകുന്നില്ലെങ്കിൽ അല്ലാഹു സ്വയം തന്റെ ദീനിന്റെ പുരോഗതിക്കായുള്ള സംവിധാനം ഒരുക്കുന്നതാണ്. എന്നാൽ നിങ്ങൾ ദീനിന്റെ പുരോഗതിയിൽ ഭാഗവാക്കാകാതെ പാപികളാകരുതെന്ന ഭയമാണ് എനിക്കുള്ളത്. അതിനാൽ ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്, നിങ്ങൾ ഈ അവസരത്തെ പ്രയോജനപ്പെടുത്തി ക്കൊണ്ട് ഇസ്‌ലാമിന്റെ സേവനത്തിനായി തങ്ങളുടെ ധനത്തെ ത്യജിക്കുക. പ്രയാസം സഹിച്ച് ഈ സേവനത്തിൽ ഭാഗവാക്കാകുന്നവരെ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഒരു ദുആ ഞാൻ ഓർമപ്പെടുത്തുകയാണ്. ഹദ്റത് മസീഹ് മൗഊദ് (അ) ദുആ ചെയ്യുന്നു, അല്ലാഹുവെ! നിന്റെ ദീനിന് സേവനം ചെയ്യുന്നവരിൽ നിന്റെ അനുഗ്രഹത്തിന്റെ മഴ വർഷിപ്പിക്കണെ. വിപത്തുകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും അവരെ രക്ഷിക്കണെ. അതിനാൽ ഇതിൽ ഭാഗവാക്കാകുന്നവർക്ക് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ദുആയിൽ നിന്നും പങ്ക് ലഭിക്കുന്നതാണ്. പിന്നീട് എന്റെ ദുആയുടെയും പങ്കുകാരനാകുന്നതാണ്......... കൂടുതൽ ഭാഗവാക്കാകാൻ ആഗ്രഹിക്കുന്നവർ എന്റെ പരിമിതികളിലേക്ക് നോക്കുക. അല്ലാഹുവിന്റെ പക്കൽ പരിതികളില്ലാത്ത പ്രതിഫലമുണ്ട്. അഥവാ നിങ്ങൾ കൂടുതൽ ത്യാഗം ചെയ്യുകയാണെങ്കിൽ കൂടുതൽ പ്രതിഫലത്തിന് അർഹരാകുന്നതാണ്.

*(അൽഫള്ൽ: 17.1.1940)*


### ത്യാഗങ്ങൾ സമുദായത്തിന്റെ ജീവശ്വാസമാകുന്നു.

ജമാഅത്തിലെ ചിലർ ഏതെങ്കിലും പദ്ധതിയെ സംബന്ധിച്ച് പറയുമ്പോൾ എപ്പോഴും ചന്ദ ചോദിച്ചു കൊണ്ടിരിക്കുകയാണോ എന്ന് പറയുന്നതായി ഞാൻ കണ്ടിട്ടുണ്ട്.പത്തോ പതിനഞ്ചോ വർഷം ചന്ദ കൊടുത്തു കഴിഞ്ഞാൽ പിന്നീട് അവരോട് ആവശ്യപ്പെടരുതെന്നാണോ അവർ ഉദ്ദേശിക്കുന്നത്. ഏതാനും വർഷങ്ങൾ ചന്ദ നൽകിയത് വലിയ ത്യാഗമായിട്ടാണോ അവർ കരുതുന്നത്? എന്നാൽ നാം പറയുന്നു, പത്തോ പതിനഞ്ചോ വർഷമല്ല, അഥവാ നിങ്ങൾ ഈ തത്വത്തിൽ നിലകൊള്ളുകയാണെങ്കിൽ ആയിരത്തിഅഞ്ഞൂറ് വർഷങ്ങൾ വരെയും ചന്ദ നൽകേണ്ടി വരുന്നതാണ്........അഥവാ ജമാഅത്ത് പതിനായിരം വർഷം വരെ നിലനിൽക്കണമെങ്കിൽ ഓരോ ദിവസവും ത്യാഗം ആവശ്യപ്പെടുന്നതാണ്......... അതിനാൽ ഇന്ന ത്യാഗത്തിന് ശേഷം ഇനി ഒന്നിന്റെയും ആവശ്യം ഉണ്ടാകുന്നതല്ല എന്ന് കരുതുന്നുവെങ്കിൽ അത് തെറ്റായ ധാരണയാണ്. ഒരു പക്ഷെ അടുത്ത ആവശ്യം അതിനേക്കാൾ കടുത്തതാകാം. ഇന്ന് പൈസയാണ് ആവശ്യപ്പെടുന്നതെങ്കിൽ നാളെ സമ്പത്ത് ആവശ്യപ്പെട്ടേക്കാം. മറ്റന്നാൾ തങ്ങളുടെയും തങ്ങളുടെ പ്രിയരുടെയും ജീവൻ ത്യജിക്കേണ്ടി വന്നേക്കാം. ത്യാഗത്തിന്റെ കവാടം അടക്കപ്പെടുന്ന ദിനം വന്നെത്തുന്നതാണെന്ന് വിശ്വാസി എങ്ങിനെയാണ് ചിന്തിക്കുക. അപ്രകാരം കരുതുന്നയാൾ വിഡ്ഢിയാണ്. നമസ്കാരം, നോമ്പ്, സക്കാത്ത്, സദഖ തുടങ്ങിയ മറ്റ് കല്പനകളുടെ കവാടം എപ്പോഴെങ്കിലും അടയുമോ? അപ്പോൾ എങ്ങിനെയാണ് ത്യാഗത്തിന്റെ കവാടം അടയുക? അല്ലാഹുവിന്റെ കല്പനകളിൽ ഒന്നിന്റെയും കവാടം അടക്കപ്പെടുന്നതല്ല..... ഓർത്തു കൊള്ളുക, ത്യാഗങ്ങൾ എപ്പോഴും നിലനിൽക്കുന്നതാണ്. അതിന്റെ രൂപം മാറിവന്നേക്കാം.... അതിനാൽ ത്യാഗങ്ങളുടെ ആവശ്യം ഇല്ലാതെ വരുന്ന സമയം വന്നേക്കാം എന്ന് ഒരിക്കലും കരുതരുത്. മറിച്ച് ഇന്നത്തേക്കാൾ കൂടുതലായി നാളെ ത്യാഗം സഹിക്കേണ്ടി വരുമെന്ന് കരുതിയിരിക്കുക. അതിനാൽ ഈ ത്യാഗങ്ങൾ നിങ്ങളെ ചവിട്ടിമെതിച്ചു കളയുന്ന ഭാരങ്ങളാണെന്ന് ഒരിക്കലും കരുതരുത്. മറിച്ച് ഇത് സമൂഹത്തിന്റെ ജീവിതത്തിന്റെ ജീവശ്വാസമാണെന്ന് ഓർക്കുക. അതിനാൽ സമുദായത്തിന്റെ ജീവൻ നിലനിൽക്കുന്നതിനായിട്ട് അവയെ നിലനിർത്തുക. ത്യാഗത്തിന്റെ ശൃംഖല അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നവർ അഹ്മദിയ്യത്തിന്റെ കഴുത്ത് ഞെരിക്കാനാണ് ആഗ്രഹിക്കുന്നത്. എന്നാണോ ത്യാഗങ്ങളുടെ ശൃംഖല അവസാനിക്കുന്നത് അന്ന് തന്നെ അഹ്മദിയ്യത്തിന്റെ അവസാനമാണെന്ന് കരുതിക്കൊള്ളുക. അല്ലാഹു നമ്മെയും നമ്മുടെ തലമുറയെയും ആ ദിവസത്തിൽ നിന്ന് രക്ഷിക്കട്ടെ. *(അൽഫള്ൽ: 31.7.42)*



## നശ്വരമായത് നൽകി അനശ്വരമായത് കരസ്ഥമാക്കുക

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)



സ്വന്തം ധനം എന്റെ മാർഗത്തിൽ ചെലവഴിക്കുക എന്ന് നമ്മുടെ വാതിൽക്കൽ മുട്ടി അല്ലാഹു പറയുന്നതിനോടൊപ്പം തന്നെ ഞാൻ അത് അധികരിപ്പിച്ച് തിരിച്ച് നൽകുന്നതാണെന്നും അവൻ പറയുന്നു.... ഞാൻ തന്നെ നിങ്ങൾക്ക് നൽകിയ നിങ്ങളുടെ ഭൗതീക വസ്തുക്കൾ എന്റെ കാൽകീഴിൽ കൊണ്ടു വരിക. അതിന് പകരമായി അനശ്വരമായ അനുഗ്രഹങ്ങൾ നിങ്ങൾക്ക് നൽകുന്നതാണ്, എന്റെ തൃപ്തി നിങ്ങൾക്ക് ലഭിക്കുന്നതാണ്, എന്റെ സ്വർഗത്തിൽ നിങ്ങൾ പ്രവേശിക്കുന്നതാണ്. നിങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലം നിങ്ങളിൽ നിന്ന് സമ്പത്തിന്റെ രൂപത്തിൽ വാങ്ങിയതിനേക്കാൾ ഗുണത്തിലും തുലനത്തിലും എത്രയോ അധികമായിരിക്കും..... അവൻ നമ്മോട് ആവശ്യപ്പെടുന്നത് നാം നമ്മുടെ വീട്ടിൽ നിന്ന് കൊണ്ടു വന്നതല്ല. മറിച്ച് അവൻ തന്നെയാണ് അത് നൽകിയതും. അവൻ തന്നെയാണ് തന്റെ അനുഗ്രഹത്തിൽ നിന്ന് നമുക്ക് നൽകിയത്. അവൻ തന്നെയാണ് തന്റെ അനുഗ്രഹത്താൽ നമ്മെ ഭൗതീക ധനത്തിന്റെ ഉടമയും അവകാശിയും ആക്കിത്തീർത്തത്. എന്നിട്ട് നമ്മോട് പറയുകയാണ്, ഞാൻ നിങ്ങൾക്ക് നൽകിയതിൽ നിന്ന് ഒരു ഭാഗം എനിക്ക് തിരിച്ച് തരിക. കാരണം ഞാൻ ഈ ലോകത്ത് നിങ്ങൾക്ക് നൽകിയത് നശ്വരവും പാഴായി പോകുന്നവയുമാണ്. അതിൽ നിന്നുള്ള ഒരു അംശമാണ് ഞാൻ ചോദിക്കുന്നത്. അത് എനിക്ക് തിരിച്ച് നൽകുന്നത് നിങ്ങൾക്ക് പരലോകത്ത് ലഭിക്കുന്ന അനശ്വരങ്ങളായ അനുഗ്രഹങ്ങൾക്കുള്ള മാധ്യമമായി തീരുന്നതാണ്.

*(ഖുത്വുബ ജുമുഅ: 17.3.67)*

### സാമ്പത്തിക ത്യാഗം ദൈവീക അനുഗ്രഹമാകുന്നു.

അല്ലാഹു തന്റെ വിശ്വാസിയായ ദാസരെ ആവർത്തിച്ചാവർത്തിച്ച് വിവിധ രീതിയിൽ ചെലവു ചെയ്യുന്നതിനായി പ്രേരിപ്പിക്കുന്നു. ഒരിടത്ത് അല്ലാഹു പറയുന്നു, അൻഫിഖൂ മിമ്മാ റസഖ്നാഹും. മനുഷ്യന്റെ പക്കൽ ഉള്ളതെല്ലാം അല്ലാഹു നൽകിയതാണ് എന്നതിലേക്കാണ് ഈ ആയത്ത് ചൂണ്ടിക്കാണിക്കുന്നത്. അവൻ നൽകിയതിൽ നിന്ന് ഒരു ഭാഗം തിരിച്ചാവശ്യപ്പെടുകയും അതിന് പ്രതിഫലം നൽകുന്നതാണെ ന്നും അവൻ വാഗ്ദാനം ചെയ്യുന്നു. എല്ലാം അവൻ നൽകിയതാണ്. എന്നാൽ നിരവധി അനുഗ്രഹങ്ങളും കാരുണ്യങ്ങളും മനുഷ്യന് നൽകിയ അല്ലാഹു അതിൽ നിന്ന് ചിലത് തിരിച്ചാവശ്യപ്പെടുന്നു എന്നതും അവന്റെ അനുഗ്രഹമാണ്. അവന്റെ വിളിക്കുത്തരം നൽകിക്കൊണ്ട് അവൻ നൽകിയതിൽ നിന്ന് അല്പം അവന്റെ സവിധത്തിൽ സമർപ്പിക്കുന്നവർക്ക് അതിനു പകരം അവൻ പ്രതിഫലവും നൽകുന്നു. ആയത്തിന്റെ അവസാനത്തിൽ അല്ലാഹു പറയുന്നു, വൽ കാഫിറൂന ഹുമുള്ളാലിമൂൻ. യാഥാർത്ഥ്യം ഇതായിരിക്കെ നമ്മുടെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കാത്തവരും, കൃതഘ്നരും, നമ്മുടെ വിളിക്കുത്തരം നൽകാത്തവരും, നമ്മുടെ നിർദേശാനുസരണം ചെലവഴിക്കാൻ തയ്യാറല്ലാത്തവരും വാസ്തവത്തിൽ സ്വന്തം ആത്മാവിനോട് അനീതി പുലർത്തുന്നവരാണ്.

*(ഖുത്വുബ ജുമുഅ: 16.2.68)*

### ത്യാഗം ചെയ്യുന്നതിനുള്ള കഴിവിനെ പരിപോഷിപ്പിക്കുക.


നമ്മുടെ കഴിവിനതീതമായി തന്റെ മാർഗത്തിൽ ചെലവുചെയ്യുന്നതിനായി അല്ലാഹു നമ്മോടാവശ്യപ്പെടുന്നില്ല. കാരണം അത്തരത്തിലുള്ള ആവശ്യം ബുദ്ധിക്ക് നിരക്കാത്തതാണ്. അല്ലാഹുവാണെങ്കിൽ ബുദ്ധിയുടെയും തത്വജ്ഞാനത്തിന്റെയും അറിവിന്റെയും പ്രകാശത്തിന്റെയും ഉറവിടമാണ്. അത്തരത്തിലുള്ള ആവശ്യം അവനിൽ നിന്ന് ഉണ്ടാകുന്നതല്ല. എന്നാൽ അല്ലാഹു നമ്മോട് പറയുന്നത്, ഞാൻ കഴിവിനെയും ധനത്തെയും വർദ്ധിപ്പിക്കുന്നതിനുള്ള ചില മാർഗങ്ങൾ വെച്ചിട്ടുണ്ട്. നിങ്ങൾക്ക് കഴിവിനതീതമായി ത്യാഗം ചെയ്യാൻ കഴിയില്ല. പക്ഷേ ത്യാഗം ചെയ്യുന്നതിനുള്ള കഴിവിനെ എപ്പോഴും വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. അതിനാൽ ത്യാഗം ചെയ്യുന്നതിനുള്ള കഴിവിനെ വർദ്ധിപ്പിക്കുക.

*(ഖുത്വുബ ജുമുഅ: 19.8.66)*



# അല്ലാഹുവിന്റെ മാർഗത്തിൽ നൽകുന്നത് പാഴാകില്ല

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)



....ദുർബലരും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുന്നതിൽ ഭയക്കുകയും ചെയ്യുന്നവരോട് പറയുക, നിങ്ങൾ പിന്തള്ളപ്പെടുകയാണ്. നന്മയിൽ നിന്നും പിന്തള്ളപ്പെടുന്നതാണ്, അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നും പിന്തള്ളപ്പെട്ടിരിക്കുകയാണ്. നിങ്ങൾ ആഗ്രഹിക്കുന്ന ഈ ലോകത്തു നിന്നും പിന്തള്ളപ്പെടുകയാണ്. നിങ്ങളുടെ ധനത്തിൽ അനുഗ്രഹമുണ്ടാകില്ല. നിങ്ങൽക്ക് നിങ്ങളുടെ സന്താനങ്ങളുടെ സന്തോഷം കാണാൻ സാധിക്കില്ല. അതിൽ നിന്നെല്ലാം പിന്തള്ളപ്പെടുന്നതാണ്. നിങ്ങളുടെ കൺമുമ്പിൽ വെച്ച് നിങ്ങളുടെ ആനന്ദങ്ങൾ ഹൃദയത്തിൽ നിന്ന് ഇല്ലാതാകുന്നതാണ്. അതിന് പകരം ദുഖവും വ്യാകുലതയും ഉണ്ടാകുന്നതാണ്..... അഹ്മദിയ്യത്തിനെ ഉപേക്ഷിച്ച് പോകുന്ന അഹ്മദികളുടെ അവസ്ഥയാണിത്. എപ്പോഴും നാം അത് കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്നവരുടെ ത്യാഗത്തെ അല്ലാഹു പാഴാക്കില്ല. അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്ന ആരുടെ സന്താനങ്ങളെയാണ് നിങ്ങൾ പട്ടിണിയിൽ കണ്ടിട്ടുള്ളത്?......അല്ലാഹുവിന്റെ മാർഗത്തിൽ നൽകുന്നവർ ഒരിക്കലും വെറും കയ്യോടെ ഇരിക്കുന്നില്ല. അവനാണ് നൽകുന്നവൻ. അവൻ സ്നേഹവും ഇഷ്ടവും പ്രകടിപ്പിച്ചു കൊണ്ട് നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുന്നതിനു വേണ്ടിയാണ് നിങ്ങളോട് ആവശ്യപ്പെടുന്നത്.

*(ഖുത്ബ ജുമുഅ: 10.12.82)*

### വലിയ ബഹുമതി

അല്ലാഹു പറയുന്നു, കേൾക്കുക, നിങ്ങൾ തന്നെയാണ് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുന്നതിനായി വിളിക്കപ്പെടുന്നവർ. ഇത് വളരെ വലിയ ബഹുമതിയുടെ വചനമാണ്. അഥവാ നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ, അല്ലാഹു നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന് നിങ്ങളെ അഭിസംബോധന ചെയ്ത കാരണത്താൽ നിങ്ങളുടെ ഹൃദയം അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതിലും സ്തുതിക്കുന്നതിലും മുഴുകുന്നതാണ്. ഈ അവസ്ഥ ഇന്ന് അഹ്മദിയ്യ ജമാഅത്തിനല്ലാതെ ഇസ്ലാമിക ലോകത്ത് മറ്റാരിലും പൂർത്തിയാകുന്നില്ല...... എന്നാൽ ഓർത്തു കൊള്ളുക, അഥവാ ലുബ്ധ് കാണിക്കുകയാണെങ്കിൽ സ്വന്തം ആത്മാവിനെതിരിലാണ് ലുബ്ധ് കാണിക്കുന്നത്. നിങ്ങൾക്ക് ഈ ലുബ്ധ് ഒരു തരത്തിലും ഉപകരിക്കില്ല. മറിച്ച്, നഷ്ടമായിരിക്കും ഉണ്ടാകുക. അല്ലാഹുവിന്റെ മാർഗത്തിൽ പിശുക്കോടു കൂടി ചെലവഴിക്കുന്നതിന്റെ ഫലമായി നിങ്ങൾക്ക് ആത്മീയ നഷ്ടം ഉണ്ടാകുന്നതോടൊപ്പം തന്നെ സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നതാണെന്ന് വരും കാലം തെളിയിക്കുന്നതാണ്.

*(ഖുത്ബ ജുമുഅ: 22.5.98)*

### ദാരിദ്ര്യത്തെ അകറ്റുന്നതിനുള്ള മാർഗം

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹൃദയവിശാലതയും താൽപര്യവും ഉള്ളവർ അല്ലാഹുവിന്റെ മാർഗത്തിൽ ഏതവസ്ഥയിലും, അധികമുള്ളപ്പോഴും കുറവുള്ളപ്പോഴും ചെലവു ചെയ്യണമെന്ന താൽപര്യം ഉള്ളവർ അല്പമാണ് നൽകുന്നതെങ്കിലും അല്ലാഹുവിന്റെ പക്കൽ അധികമായി കണക്കാക്കുന്നതാണ്. ഇവിടെ ദാരിദ്ര്യത്താൽ മനസ്സിൽ ആശങ്കയുണ്ടാകുകയും വിവിധ ചോദ്യങ്ങൾ ഉയർത്തുന്നവരുമാണ് ഉദ്ദേശ്യമെന്ന് മനസ്സിലാകുന്നു. അതായത് അവർ ധനികരാണ്, അവർക്ക് ധാരാളം ഉണ്ടല്ലോ. അവർ നൽകിയാൽ തന്നെ അവർക്ക് യാതൊരു കുഴപ്പവും ഉണ്ടാകില്ല. ഞങ്ങളുടെ നിത്യജീവിതം തന്നെ കഷ്ടപ്പാടിലാണ്. എന്നാൽ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവന്റെ മാർഗത്തിൽ ചെലവു ചെയ്യുന്നതിൽ നിന്ന് ആരും സ്വതന്ത്രരല്ല. അഥവാ നിത്യജീവിതം പ്രയാസത്തിലാണെങ്കിൽ അതിൽ അല്പം കൂടി പ്രയാസം സഹിച്ച് അല്ലാഹുവിന് വേണ്ടി എന്തെങ്കിലും നൽകുകയാണെങ്കിൽ ആ പ്രയാസങ്ങൾ ആ ചെലവിന്റെ അനുഗ്രഹത്താൽ ദുരീകരിക്കപ്പെടുന്നതാണ്. അതിനാൽ ദാരിദ്ര്യത്തെ ദുരീകരിക്കാനുള്ള അതിമഹത്തായ ഒരു കുറിപ്പടിയാണിത്. ദരിദ്രരായിക്കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവുചെയ്യുന്നവരുടെ ധനം കുറയുകയല്ല പ്രത്യുത, വർദ്ധിക്കുകയാണ് ചെയ്യുക.

*(ഖുത്ബ ജുമുഅ: 11.11.94)*



# ചെലവുചെയ്യുമ്പോൾ മനസ്സിൽ ഞെരുക്കം ഉളവാകരുത്

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ് തആല)

ലോകത്തുള്ള ഏതൊരു വ്യവസ്ഥിതിയുടെയും മുന്നോട്ടുള്ള ഗമനത്തിനായി മൂലധനം അല്ലെങ്കിൽ സമ്പത്തിന്റെ ആവശ്യമുണ്ട്. ഭൗതീക പ്രസ്ഥാനങ്ങളാകട്ടെ, ആത്മീയ പ്രസ്ഥാനങ്ങളാകട്ടെ രാജ്യത്തിന്റെ, പ്രസ്ഥാനത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം തന്നെ സൃഷ്ടികളോടുള്ള ഉത്തരവാദിത്വ നിർവഹണ പൂർത്തീകരണത്തിനും ഇത് അനിവാര്യമാണ്........ഭൗതീക ഭരണകൂടങ്ങളുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നതിനായി ചുമത്തപ്പെടുന്ന ടാക്സുകൾ വെറും ധനവുമായി മാത്രം ബന്ധിതമായതാകുന്നു.....

ജനങ്ങളുടെ സ്വഭാവ സംസ്കരണത്തിനും അവരെ ദൈവമാർഗത്തിൽ വഴിനടത്തുന്നതിനുമായി യാതൊരു പദ്ധതിയും ആസൂത്രണം ചെയ്യപ്പെടുന്നില്ല. എന്നാൽ ദീനീ ജമാഅത്തുകളുടെ ആവശ്യപൂർത്തീകരണത്തിനായി സാമ്പത്തിക ത്യാഗം അല്ലാഹു നിർദേശിക്കുമ്പോൾ, അവന് വായ്പ നൽകാനായി ആവശ്യപ്പെടുമ്പോൾ അവിടെ കേവലം ധനത്തിൽ മാത്രം പരിമിതപ്പെടുത്താതെ മറ്റ് സൽകർമങ്ങളും ആവശ്യപ്പെടുന്നു.

അത് മനുഷ്യന്റെ ആത്മീയ പുരോഗതിക്ക് അനിവാര്യമാണ്. അങ്ങനെ തികഞ്ഞ ആത്മാർത്ഥതയോടെ തന്റെ ധനവും കർമങ്ങളും ദൈവസമക്ഷം സമർപ്പിക്കുമ്പോൾ അല്ലാഹു പതിൻമടങ്ങായി അവന് തന്നെ തിരിച്ച് നൽകുന്നു. ഇതവന്റെ വാഗ്ദാനവുമാണ്. അല്ലാഹുവിന് യാതൊന്നിന്റെയും ആവശ്യമില്ല. സാമ്പത്തിക ത്യാഗങ്ങളും മറ്റ് കർമങ്ങളും ദൈവസാമീപ്യത്തിന് ഹേതുവായിതീരുന്നു. ഞാൻ ആവശ്യക്കാരനാണ് അതിനാൽ എനിക്ക് കടം തരിക എന്നല്ല അല്ലാഹു പറയുന്നത്. മറിച്ച് നിങ്ങൾ എന്റെ പ്രീതി കാംക്ഷിച്ചു കൊണ്ട് നൽകുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് പതിന്മടങ്ങായി തിരിച്ച് നൽകുന്നതാണ് എന്നാണ് പറയുന്നത്. ആയതിനാൽ അല്ലാഹുവിന്റെ മാർഗത്തിൽ ആത്മാർത്ഥതയോടെ ചെലവഴിക്കുന്ന വ്യക്തിയുടെ മനസ്സിൽ യാതൊരു വിധ ഞെരുക്കവും ഉളവാകാൻ പാടില്ല. എനിക്ക് ദീനീമാർഗത്തിൽ സന്തോഷത്തോടെ ചെലവഴിക്കേതുണ്ട് എന്ന നിശ്ചയദാർഢ്യത്തോടെ നിലകൊള്ളുക.... ചന്ദ നൽകുന്നവർ എപ്പോഴും ഓർക്കേണ്ടത്, അയാൾ ഔദാര്യമൊന്നും ചെയ്തിട്ടില്ലായെന്നും അല്ലാഹുവുമായി തന്റെ ധനവർദ്ധനവിനായി ഒരു കച്ചവട ഉടമ്പടി നടത്തിയിരിക്കുന്നു എന്നുമാണ് മനസ്സിലാക്കേണ്ടത്. അതിലുപരി ഇത് അയാളുടെ നന്മകളെ പരിപോഷിപ്പിച്ച് മരണാനന്തരം അയാൾക്ക് ഗുണകരമായിത്തീരുന്ന ഒന്നുമാണ്.

*(ഖുത്വുബ ജുമുഅ: 8.1.10)*

## അഹ്മദിയുടെ ത്യാഗമനോഭാവം

ജമാഅത്തിന്റെ സമ്പത്തിൽ അല്ലാഹു വലിയ അനുഗ്രഹങ്ങൾ വെച്ചിട്ടുണ്ട് എന്നതും അല്ലാഹുവിന്റെ വലിയൊരനുഗ്രഹമാണ്. അത് മറ്റുള്ളവരിൽ നമുക്ക് കാണാൻ സാധിക്കില്ല....... കുറഞ്ഞ മൂലധനമാണെങ്കിലും വലിയ വലിയ പ്രവർത്തനങ്ങൾ ചെയ്യാൻ നമുക്ക് സാധിക്കുന്നു. ജമാഅത്തംഗങ്ങൾ ഏതൊരു സദുദ്ദേശ്യത്തോടു കൂടിയാണോ പണം നൽകുന്നത് അതനുസരിച്ച് അല്ലാഹു അതിൽ അനുഗ്രഹങ്ങളും ചൊരിയുന്നു.....ഏതെങ്കിലും പദ്ധതിയെ കുറിച്ച് അത് പൂർത്തിയാക്കാൻ കഴിയുമോ എന്ന സന്ദേഹമൊന്നും ഒരിക്കലും എനിക്കുണ്ടായിട്ടില്ല. അല്ലാഹു എപ്പോഴും അതിനുള്ള സംവിധാനം സ്വയം തയ്യാറാക്കുകയാണ് പൊതുവിൽ ചെയ്യാറുള്ളത്.... അല്ലാഹുവിന് വേണ്ടി ധനത്യാഗം ചെയ്യാനുള്ള സന്ദർഭം വരുമ്പോൾ അഹ്മദികൾ വിശപ്പ് സഹിച്ചും ചെലവു ചുരുക്കിയും ത്യാഗങ്ങൾ ചെയ്യുന്നു. വിശപ്പ് സഹിക്കാൻ അവർ തയ്യാറാകുമെങ്കിലും ചന്ദയിൽ കുറവു വരുത്താൻ അവർ തയ്യാറല്ല. ഇതാണ് പ്രവാചക പ്രസ്ഥാനങ്ങളുടെ അടയാളം. എല്ലാ തരം ത്യാഗങ്ങൾക്കും അവർ തയ്യാറാകുന്നു. ത്യാഗങ്ങൾ അവർ ചെയ്യുന്നുണ്ട്. എല്ലാം ചെയ്തിട്ടും അവർ പറയുന്നത് വേണ്ട വിധത്തിൽ ഞങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞില്ല എന്നാണ്. ഇതെല്ലാം അല്ലാഹുവിന്റെ കാരുണ്യമായിട്ടാണ് അവർ കരുതുന്നത്. ഞങ്ങൾക്ക് ചന്ദ നൽകാനുള്ള അവസരം നൽകിയത് ജമാഅത്ത് അവരോട് ചെയ്തിട്ടുള്ള അനുഗ്രഹമായിട്ടാണ് അവർ കരുതുന്നത്.

*(ജുമുഅ ഖുത്വുബ: 4.1.13)*

# പ്രത്യേക ശ്രദ്ധയ്ക്ക്

- ചന്ദ നൽകുന്ന വ്യക്തിക്ക് എവിടെ നിന്നാണോ വരുമാനം ലഭിക്കുന്നത് അതേ സ്ഥലത്തുള്ള ജമാഅത്തിലെ ബജറ്റിലാണ് അംഗമാകേണ്ടത്.
- അഥവാ നിത്യവും വന്നു പോകുന്ന സ്ഥലത്താണ് വരുമാനമാർഗമെങ്കിൽ എവിടെയാണോ താമസിക്കുന്നത് അവിടുത്തെ ജമാഅത്തിലെ ബജറ്റിലാണ് അംഗമാകേണ്ടത്.
- ഇനി രണ്ടോ രണ്ടിൽ കൂടുതൽ സ്ഥലത്തോ വരുമാന മാർഗമുണ്ടെങ്കിൽ അതേ സ്ഥലത്തു തന്നെ ആ വരുമാനത്തിന്റെ ചന്ദ നൽകേണ്ടതാണ്. എന്നാൽ താമസമുള്ള സ്ഥലത്തെ ജമാഅത്ത് വ്യവസ്ഥിതിയുടെ മാത്രമായിരിക്കും സ്ഥിര അംഗത്വം ഉണ്ടാകുക. മറ്റ് സ്ഥലങ്ങളിലുള്ള ജമാഅത്തുകളിൽ തെരഞ്ഞെടുപ്പ് വേളകളിൽ പങ്കാളിയാകുന്നതല്ല.
- ഒരു സഹോദരന്റെ വരുമാന മാർഗം ഒരു സ്ഥലത്തും താമസം മറ്റൊരു സ്ഥലത്തുമാകുന്ന സന്ദർഭത്തിൽ താമസ സ്ഥലത്തുള്ള ജമാഅത്തിൽ ചന്ദ നൽകണമെങ്കിൽ നസാറത് ബൈത്തുൽ മാൽ (ആമദ്) ൽ നിന്ന് അവസ്ഥ വിശദമാക്കി അനുമതി കരസ്ഥമാക്കേണ്ടതാണ്.
- ഇന്ത്യക്ക് പുറത്ത് താമസിക്കുന്ന ഒരു വ്യക്തിയുടെ ഏതെങ്കിലും വിധത്തിലുള്ള വരുമാനം ഇന്ത്യയിൽ ഉണ്ടെങ്കിൽ അത്തരത്തിലുള്ള വരുമാനവുമായും സ്വത്തുമായും ബന്ധപ്പെട്ട ചന്ദകൾ ഇന്ത്യയിലെ പ്രസ്തുത ജമാഅത്തിൽ തന്നെ നൽകേണ്ടത് അനിവാര്യമാകുന്നു.
- ഇനി ആരുടെയെങ്കിലും താമസമോ വരുമാനമോ ജമാഅത്ത് വ്യവസ്ഥിതി സ്ഥാപിതമായിട്ടില്ലാത്ത സ്ഥലത്താണെങ്കിൽ അത്തരം സഹോദരന്മാർ ബൈത്തുൽ മാൽ(ആമദ്)ൽ നിന്നും മാർഗനിർദേശം കരസ്ഥമാക്കേണ്ടതാണ്. നസാറത് ബൈത്തുൽ മാൽ (ആമദ്) ന്റെ അനുമതി കൂടാതെ ഒരു അഹ്മദിക്കും പ്രാദേശിക ജമാഅത് വ്യവസ്തിയെ മറികടന്നു കൊണ്ട് തങ്ങളുടെ ചന്ദ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഖജനാവിൽ നേരിട്ട് അയക്കാനുള്ള അനുമതിയില്ല. അനുമതി കൂടാതെ അയച്ച ചന്ദ തിരിച്ചയക്കപ്പെടാവുന്നതുമാണ്.
- താമസം മാറ്റുന്ന സഹോദരന്മാർ മുൻപ് താമസിച്ചിരുന്ന ജമാഅത്തിലെ പ്രസിഡന്റിൽ നിന്നോ സെക്രട്ടറി മാലിൽ നിന്നോ തന്റെ ചന്ദകളുടെ വിശദമായ വിവരണം കൂടെ കരുതേണ്ടതാണ്. പുതിയ സ്ഥലത്തെ ജമാഅത്തുമായി ബന്ധപ്പെട്ട് പ്രസ്തുത വിശദീകരണം അവിടെ സമർപ്പിക്കേണ്ടതാണ്. പുതിയ സ്ഥലത്തുള്ള ജമാഅത്തിൽ അംഗമായതു കൊണ്ട് മുൻ കുടിശകൾ ഇല്ലാതാകുന്നില്ല.
- വർഷത്തിനിടയിൽ വരുമാനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളെ സംബന്ധിച്ചും കേന്ദ്രത്തിന് സമയാസമയങ്ങളിൽ അറിയിപ്പ് നൽകേണ്ടതാണ്.

# ചന്ദ നൽകാത്തവർ മൃതശരീരങ്ങളെ പോലെയാകുന്നു

## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**



പ്രത്യക്ഷമരണത്തിൽ പരിഭ്രമിക്കുകയും അസ്വസ്ഥരാകുകയും ചെയ്യുന്നതു പോലെ തന്നെ ആത്മീയ മരണത്തിലും പരിഭ്രമിക്കുകയും അസ്വസ്ഥരാകുകയും അതിൽ നിന്ന് രക്ഷപ്പെടാൻ യുവാക്കൾ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ കഴിഞ്ഞ ദിവസത്തെ ഒരു കാര്യമാണ്, ഒരു വ്യക്തി, ഇവിടുത്തെ മിലിട്ടറി ഓഫീസറോ നേവി ഓഫീസറോ ആയ ഒരഹ്മദിയെകുറിച്ച് അദ്ദേഹം ചന്ദ നൽകാറില്ല എന്ന് എന്നോട് പറയുകയുണ്ടായി. എനിക്കത് കേട്ടപ്പോൾ വളരെ ആശ്ചര്യം തോന്നി. കാരണം ഞാനിവിടെ വരുമ്പോഴെല്ലാം തന്നെ പ്രസ്തുത വ്യക്തി താൽപര്യത്തോടു കൂടി എന്റടുത്ത് വരികയും എന്റെ കൂടെ തന്നെ നടക്കുകയും ചെയ്യുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രവർത്തന മാതൃകയോ, ചന്ദ പോലും നൽകാറില്ല. അപ്പോൾ അദ്ദേഹം കൂടെ നടക്കുന്നത് മൃതശരീരത്തെ അല്പനേരത്തേക്ക് ഉന്തിത്തള്ളി നടത്തുന്നത് പോലെയാണ്. അത് നടക്കുന്നത് കണ്ട് അതിന് ജീവനുള്ളത് പോലെ തോന്നുമെങ്കിലും യഥാർത്ഥത്തിൽ അത് വെറും മൃതശരീരം മാത്രമാണ്.

ഇതിന്റെ ഉത്തരവാദിത്വം ഒരു പരിധി വരെ ജമാഅത്തിനുമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മോശമാകുന്ന ഓരോ വ്യക്തിയും ഒറ്റയടിക്കല്ല മോശമാകുന്നത്. മറിച്ച്, ഘട്ടം ഘട്ടമായാണ് മോശമാകുന്നത്. ആരെങ്കിലും തെറ്റിലേക്ക് കാൽ വെയ്ക്കാൻ തുടങ്ങുമ്പോൾ തന്നെ എന്തുകൊണ്ട് ജമാഅത്തംഗങ്ങൾ അവരെ പറഞ്ഞ് മനസ്സിലാക്കുന്നില്ല? എന്ത് കൊണ്ട് അവരുടെ പരിഷ്കരണത്തിനായി പരിശ്രമിക്കുന്നില്ല?

അത്തരക്കാരെ പറഞ്ഞു മനസ്സിലാക്കി കൊടുക്കേണ്ടത് അവരുടെ നിർബന്ധ കടമയാണ്. അവരെ ഉപദേശിക്കുക, അവരിൽ താൽപര്യവും ഇഷ്ടവും ജനിപ്പിക്കുക, അവരുടെ ദീനീ ബോധത്തെ ഉണർത്തുവാൻ ശ്രമിക്കുക. കുറച്ച്നാൾ കഴിഞ്ഞിട്ടും അവരിൽ യാതൊരു മാറ്റവും പ്രകടമാകുന്നില്ലെങ്കിൽ അവർ ആത്മീയമായി മരിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കികൊണ്ട് അവരെ ഒഴിവാക്കുക. വെള്ളത്തിൽ മുങ്ങുന്നവരെ ഒന്നോ രണ്ടോ മണിക്കൂറിനുള്ളിൽ പുറത്തെടുക്കുകയും അവർക്ക് കൃത്രിമ ശ്വാസോഛ്വാസം നൽകുകയും ചെയ്താൽ ചിലർ രക്ഷപ്പെടുമെന്ന് വൈദ്യശാസ്ത്രം പറയുന്നു. അതു പോലെ മുങ്ങി പതിനഞ്ചു മിനിറ്റിനുള്ളിൽ പുറത്തെടുക്കുകയാണെങ്കിൽ അധികം പേരും രക്ഷപ്പെടുന്നു. എന്നാൽ മുങ്ങി ഇരുപത്തി നാല് മണിക്കൂർ കഴിയുകയാണെങ്കിൽ, അല്ലെങ്കിൽ രണ്ടോ മൂന്നോ ദിവസം പിന്നിടുകയാണെങ്കിൽ പിന്നെ അയാളെ ജീവിപ്പിക്കാനുള്ള എല്ലാ പരിശ്രമങ്ങളും വൃഥാവിലാണ്.

അത് പോലെ നിങ്ങളുടെ ഏതെങ്കിലും സഹോദരൻ ബലഹീനനാണെങ്കിൽ അവർക്ക് നിങ്ങൾ മനസ്സിലാക്കി കൊടുക്കാൻ പരിശ്രമിക്കുക. അവർക്ക് വേണ്ടി ദുആ ചെയ്യുക. അവരെ ഉപദേശിക്കുയും വേണ്ട മാർഗ നിർദേശങ്ങൾ നൽകുകയും ചെയ്യുക.

എന്നാൽ വെള്ളത്തിൽ മുങ്ങി രണ്ട് മൂന്ന് ദിവസം കഴിഞ്ഞ തന്റെ സഹോദരന്റെ കൈകൾ ചലിപ്പിച്ചും കൃത്രിമ ശ്വാസം നൽകിയും അവനെ നടത്താൻ ശ്രമിക്കുന്നവൻ വിഡ്ഢിയാണ്. അപ്രകാരം തന്നെ വർഷങ്ങളോളം ഉപദേശിച്ചിട്ട് ജീവിക്കുമെന്ന് വിശ്വസിക്കുന്നവനും വിഡ്ഢിയാകുന്നു.

(മശ്അലെ രാഹ്, ഭാഗം 1)

സമ്പാ:ടി.അമീറുദ്ദീൻ സാജിദ്.

മുവ്വാറ്റുപുഴ

## കോഴിയും സാമ്പത്തിക ത്യാഗവും

ഒരു മതിലിൻ മേൽ ഒരു കോഴിയെ സ്വപ്നത്തിൽ കണ്ടു. അത് എന്തോക്കെയോ പറഞ്ഞു കൊണ്ടിരിക്കുകയായിരുന്നു. എല്ലാ വാക്കുകളും ഓർമയില്ല. എന്നാൽ അവസാന വാക്ക് ഓർമയുണ്ട് അത് **ഇൻ കുൻതും മുസ്‌ലിമീൻ** അഥവാ നിങ്ങൾ മുസ്‌ലീംകളാണെങ്കിൽ എന്നായിരുന്നു. അതിനു ശേഷം ഉണർന്നു. ഈ കോഴി എന്താണ് പറഞ്ഞത് എന്ന് ചിന്തിച്ചു കൊണ്ടിരുന്നപ്പോൾ ഇങ്ങിനെ വെളിപാടുണ്ടായി, **അൻഫിഖൂ ഫീ സബീലില്ലാഹി ഇൻ കുൻതും മുസ്‌ലിമീൻ** അഥവാ നിങ്ങൾ മുസ്‌ലിംകളാണെങ്കിൽ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുക. പറയുന്നു, കോഴിയുടെ വാക്കുകളും വെളിപാടിലെ അഭിസംബോധനയും രണ്ടും ജമാഅത്തിനെ സംബന്ധിച്ചായിരുന്നു. രണ്ടു വചനങ്ങളിലും നമ്മുടെ ജമാഅത്തായിരുന്നു അഭിസംബോധകർ..........

പറയുന്നു, എപ്രകാരമാണ് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യേണ്ടതെന്ന് കോഴി തന്റെ കർമങ്ങളിലൂടെ കാണിച്ചു തരുന്നു. കാരണം അവ മനുഷ്യനു വേണ്ടി തന്റെ മുഴുവൻ ജീവനും ത്യജിക്കുന്നു. മനുഷ്യനായി അറുക്കപ്പെടുന്നു. അതു പോലെ കോഴി വളരെ യധികം പരിശ്രമത്തോടും പ്രയത്നത്തോടും കൂടി നിത്യവും മനുഷ്യനു ഭക്ഷിക്കുന്ന തിനായി മുട്ടയിടുന്നു. (മൽഫൂസാത്ത്, വാല്യം 8, പേജ് 281)

NEWS TIME

# India: Religious leader Praise Ahmadiyya Community's Efforts to Promote Peace








Ahmadiyya Muslim Community, Delhi organized peace symposium at Chinmay Mission, Lodhi Road, New Delhi to promote the values of peace, tolerance and universal brotherhood. Religious leaders from different faiths praised the efforts of Ahmadiyya Muslim Community on spreading Pluralism and Tolerance. The event saw participation from different sections of society including academicians, politicians, media-persons, students, businessmen, social workers and bureaucrats.

The theme for this year was "Interfaith Harmony". The symposium aims to promote a deeper understanding of Islam and other faiths and seeks to inspire a concerted effort for lasting peace.

Addressing the gathering, Swami Nikhilananda Saraswati, regional Head of Chinmaya Mission appreciated the Ahmadiyya Muslim Community's effort to promote communal harmony and peace. He said that we need to highlight the similarities in different religions to promote peace. Speaking on the same theme, Rabbi Ezekiel Isaac Malekar, Honarary Secretary, Judah Hymn Synagogue, Delhisaid that we need to celebrate the diversity and pluralism in society in order to attain peace. He emphasized upon the importance of practicing inter-faith harmony and tolerance in our daily life.

Speaking on the Islamic view of Peace, Syed Dawood Ahmad, President Ahmadiyya Muslim Community, Delhi said that Islam never monopolizes truth. He said that Holy Quran lays stress on respecting people belonging to different faiths to establish peace.

Other Notable speakers at the symposiumwere Mr. Harinder Pal Singh (Chairman of the Gurmat College, Delhi). Dr. A H Khan, Vice President of People's Union for Civil Liberties, National Vice President of the India Adult Education Association, Kumari Asha Behenji (Brahma Kumaris World Spiritual University), Ven. R Sumiththananda Thero, Bhikku In-Charge Of Delhi Center of Maha Bodhi Society Of India, Professor J.L.Kaul, Faculty of Law, University of Delhi, Chaudhary Mateen Ahmad, MLA,Delhi, Maulana Ataul Mujeeb Lone, Missionary Ahmadiyya Muslim Community, Swami Shantamanda Ji, President Ramakrishna Mission Delhi. It was chaired by Syed Tanvir Ahmad, Secretary for External Affairs of Ahmadiyya Muslim Community, India. This is the third Peace symposium that the community has organized in New Delhi.

# വിദ്യാർഥി സംഗമം

**എറണാകുളം:** മേഖലാ വിദ്യാർത്ഥി സംഗമം മസ്ജിദ് ഉമറിൽ വെച്ച് നടത്തി. ഈ സംഗമം മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ്, നാസിം ഇർശാദ് വഖ്ഫെ ജദീദ് ഉൽഘാടനം ചെയ്തു. മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മൗലവി എം. നാസിർ അഹ്മദ് സാഹിബ് വിദ്യാർത്ഥികൾക്കായുള്ള ഖലീഫ തിരുമനസിന്റെ നിർദേശങ്ങൾ എന്ന വിഷയത്തിൽ ക്ലാസെടുത്തു. മുഹമ്മദ് നബി (സ) മാനവതയുടെ പ്രവാചകൻ എന്ന വിഷയത്തിൽ സെമിനാറും നടത്തി. വിദ്യാർത്ഥികൾ സ്വയം തയ്യാറാക്കി അവതരിപ്പിച്ച പ്രസന്റേഷൻ വിജ്ഞാനപ്രദമായിരുന്നു.




# പള്ളി ഉൽഘാടനം

**മൂവ്വാറ്റുപുഴ:** നവീകരണ പ്രവർത്തനങ്ങൾ നടത്തിയ മൂവ്വാറ്റുപുഴ പള്ളി മൗലാനാ കരീമുദ്ദീൻ സാഹിബ് ശാഹിദ് നാസിം ഇർശാദ് വഖ്ഫെ ജദീദ് ഉൽഘാടനം ചെയ്തു. തുടർന്ന് നടന്ന തർബിയ്യത്ത് യോഗത്തിൽ മൗലവി എം. നാസിർ അഹ്മദ് സാഹിബ് ക്ലാസ്സെടുത്തു.

# ഉന്നത വിജയം

**കാക്കനാട്:** അസ്കർ അലി സാഹിബിന്റെയും റസീല സാഹിബയുടെയും മക്കളായ ഖാസിം അലിയും ഉസ്മാൻ അലിയും ഉന്നത വിജയം കരസ്ഥമാക്കി. ഖാസിം അലി രണ്ടാം ക്ലാസ്സിൽ ഒന്നാം റാങ്കും ഉസ്മാൻ അലി എൽ.കെ.ജി യിൽ രണ്ടാം റാങ്കുമാണ് കരസ്ഥമാക്കിയത്. അനുഗ്രഹീത വഖ്ഫെ നൗ പദ്ധതിയിൽ അംഗങ്ങളാണ്.



**കരുനാഗപ്പള്ളി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ തിരുവനന്തപുരം മേഖലയുടെ ആഭിമുഖ്യത്തിൽ കരുനാഗപ്പള്ളി ഖബർസ്ഥാനിൽ മാതൃകാ വഖാറെ അമൽ സംഘടിപ്പിച്ചു. 45 പേർ പങ്കെടുത്തു. തിരുവനന്തപുരം മേഖലയിലെ എല്ലാ മജ്‌ലിസുകളിൽ നിന്നും ഖാദിം അത്ഫാൽ സഹോദരങ്ങൾ പങ്കെടുത്തു. തിരുവനന്തപുരം മേഖലാ അമീർ ജനാബ് അഹ്മദ് ഷെരീഫ് സാഹിബ് വഖാറെ അമൽ ഉദ്ഘാടനം ചെയ്തു. സൗത്ത് ഇലാഖാ നാഇബ് ഖാഇദ് ഷെഹീദ് സാഹിബ്, തിരുവനന്തപുരം ജില്ലാ ഖാഇദ് അബ്ദുൽ റഷീദ് സാഹിബ് എന്നിവർ സന്നിഹിതരായിരുന്നു. എല്ലാ ഖാദിമീങ്ങളും വളരെ ഉത്സാഹത്തോടെ ഖബർസ്ഥാനിലെ എല്ലാ സ്ഥലങ്ങളും വൃത്തിയാക്കുകയും ഖബറുകൾക്കുമുകളിൽ പുതുതായി മണ്ണിട്ട് വൃത്തിയാക്കുകയും ചെയ്തു. 7 മണിമുതൽ 12 മണിവരെ വഖാറെ അമൽ നീണ്ടുനിന്നു. വഖാറെ അമലിനു ശേഷം എല്ലാ ഖാദിമീങ്ങൾക്കും ഭക്ഷണം വിതരണം ചെയ്തു.

# സ്പോർട്സ് സെലക്ഷൻ മീറ്റ്

**ഐരാപുരം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് സോണിന്റെ സ്പോർട്ട്സ് മീറ്റിലേക്ക് മൽസരിക്കുന്നതിനായുള്ള ഖുദ്ദാമുകളെ തിരഞ്ഞെടുക്കുന്നതിനായി എറണാകുളം മേഖല സെലക്ഷൻ മീറ്റ് സംഘടിപ്പിച്ചു. ഫുട്ബോൾ, വടംവലി തുടങ്ങിയ ഇനങ്ങളിലാണ് സെലക്ഷൻ നടന്നത്.




## മസ്റൂർ ബാഡ്മിന്റൻ ടൂർണമെന്റ്

**കാക്കനാട്:** എറണാകുളം മേഖലയുടെ രണ്ടാമത് മസ്റൂർ ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പ് നടന്നു. മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് ഉൽഘാടനം നിർവഹിച്ചു. മുഴുവൻ മേഖലയിൽ നിന്നും 13 ടീമുകൾ പങ്കെടുത്ത മൽസരത്തിൽ ഐരാപുരം മജ്‌ലിസ് ഒന്നാം സ്ഥാനവും കാക്കനാട് മജ്‌ലിസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് മേഖലാ അമീർ സാഹിബ് ട്രോഫി വിതരണം ചെയ്തു.



മുസ്‌ലിഹ് മൗഊദ് ദിനം കടലായി



ഖാഇദ് റീഫ്രഷർ കോഴ്സ്
നോർത്ത് തമിഴ്നാട്

## ഇജ്തിമാ
### മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് 2013

**ഖാദിയാൻ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ വാർഷിക ഇജ്തിമാ 2013 ഒക്ടോബർ 1,2,3 (ചൊവ്വ,ബുധൻ,വ്യാഴം) എന്നീ തിയ്യതികളിൽ നടത്തുവാൻ ഖലീഫ തിരുമനസ്സ് അനുവാദം നൽകിയതായി സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത് അറിയിച്ചിരിക്കുന്നു.

ആരോഗ്യം



# 'പനി'
## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഡോക്ടർ മസ്റൂർ അഹ്മദ് സാഹിബ്, കറാച്ചി

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ










- പനി കഠിനമല്ലെങ്കിൽ മരുന്ന് കഴിക്കാതിരിക്കുന്നതാണ് ഉത്തമം. ശരീരോഷ്മാവ് കുറക്കാൻ ശ്രമിക്കുകയും ചെയ്യരുത്. കാരണം കൂടിയ താപനിലയെ അതിജീവിക്കാൻ സാധിക്കാത്ത പല വൈറസുകളെയും നശിപ്പിക്കുന്നതിനായി ശരീരം സ്വീകരിക്കുന്ന മാർഗമാണ് ശരീരോഷ്മാവ് ഉയർത്തുക എന്നത്. എന്നാൽ ഹൃദയരോഗികളും, സന്ധിവേദനയുള്ളവരും, ഡയബറ്റിസ് രോഗികളും ചികിൽസ തേടേണ്ടതാണ്.
- പനി കുറക്കാനായി ആസ്പിരിൻ ഉപയോഗിക്കരുത്. അത് മറ്റ് പല രോഗത്തിനും കാരണമായിത്തീരും.
- കഠിനമായി പനിയുള്ള രോഗികൾ പ്രത്യേകിച്ച് കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള അലസതയോ ക്ഷീണമോ പ്രകടിപ്പിക്കുന്നില്ലെങ്കിൽ ആശങ്കപ്പെടേണ്ട.
- പനി 41.3 ഡിഗ്രി സെ.ഗ്രേ. ൽ കൂടിയാൽ തലച്ചോറിനെ ബാധിക്കാൻ സാധ്യതയുണ്ട്.
- പനിയുള്ളപ്പോൾ സദാസമയവും കിടക്കയിൽ തന്നെ കഴിച്ചുകൂട്ടുന്നത് നന്നല്ല. വിശ്രമം അനിവാര്യമാണെന്നാലും വീട്ടിനുള്ളിൽ അല്പം ഉലാത്തുന്നത് നല്ലതാണ്.
- പനിയുള്ളപ്പോൾ ധാരാളം വെള്ളം കുടിക്കുക. എന്നാൽ ഹൃദ്രോഗികളും വൃക്കരോഗികളും ഡോക്ടറുടെ അഭിപ്രായം തേടേണ്ടതാണ്.
- ശരീരോഷ്മാവ് 40 ഡിഗ്രിയിൽ കൂടുതലാണെങ്കിൽ Sponch bath **ചെയ്യുക.** വെള്ളം നേരിയ ചൂടുള്ളതായിരിക്കണം.

### ചികിൽസ തേടേണ്ടത് :

- **3 മാസമോ അതിൽ താഴെ പ്രായമുള്ള കുട്ടികളുടെ ശരീരോഷ്മാവ് 37.88 ഡിഗ്രി സെ.ഗ്രേഡിൽ കൂടുമ്പോൾ.**
- **3–6 മാസം വരെയുള്ള കുട്ടികളുടെ ശരീരോഷ്മാവ് 38.3 ഡിഗ്രി സെ. ഗ്രേഡിൽ കൂടുമ്പോൾ.**
- **അതിൽ മുതിർന്നവരുടെ ശരീരോഷ്മാവ് 39.4 ഡിഗ്രി സെ.ഗ്രേഡിൽ കൂടുമ്പോൾ.**
- **38.3 ഡിഗ്രി സെ. ഗ്രേഡ് തുടർച്ചയായി 3 ദിവസം നിലനിന്നാൽ.**

(അൽഫള്ൽ ഇന്റർനാഷണൽ)








AL HAQ VOL :21, ISSUE: 04 APRIL 2013




# പ്രാചീന ഗ്രന്ഥാലയങ്ങൾ

ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്ന ഏറ്റവും പ്രാചീന ഗ്രന്ഥാലയം ഇറാഖിലെ **NIPPUR** പട്ടണത്തിലുണ്ടായിരുന്ന ഗ്രന്ഥാലയമാകുന്നു. അത് ക്രിസ്തുവിന് ഏകദേശം 3500 വർഷങ്ങൾക്ക് മുമ്പ് നിർമിക്കപ്പെട്ടതുമാണ്. അതിൽ ധാരാളം മുറികളും അവയിലെല്ലാം മണ്ണ് കൊണ്ടുള്ള തട്ടുകളും ഉണ്ടായിരുന്നു.




NIPPUR - IRAQ




## പ്രഥമ ശാസ്ത്രഗ്രന്ഥാലയം

വർത്തമാന കാലഘട്ടത്തിലേതു പോലുള്ള ഗ്രന്ഥാലയങ്ങളുടെ ഉൽഭവം ഗ്രീസ് റോമൻ കാലഘട്ടത്തിലാണ്. ഗ്രീസിൽ ദേവാലയങ്ങളോടനുബന്ധിച്ച് വലിയ വലിയ ഗ്രന്ഥാലയങ്ങൾ ഉണ്ടായിരുന്നു. ഇത്തരത്തിലുള്ള ഏറ്റവും പ്രഥമവും സുപ്രധാനവുമായ ഗ്രന്ഥാലയം ക്രിസ്തുവിന് 400 വർഷങ്ങൾക്ക് മുമ്പ് ഏതൻസിലാണ് നിർമ്മിച്ചത്. ഏറ്റവും പ്രശസ്തമായ ഗ്രന്ഥാലയം പണി കഴിപ്പിച്ചത് അരിസ്റ്റോട്ടിൽ ആയിരുന്നു.

പിന്നീട് അലക്സാണ്ടർ നിർമ്മിച്ച ഗ്രന്ഥാലയം ഗ്രീസ് റോമൻ കാലഘട്ടത്തിലെ ഏറ്റവും മഹത്തായ സ്മാരകമായിരുന്നു. ഏഴ് ലക്ഷത്തോളം ഗ്രന്ഥങ്ങൾ അതിൽ ഉണ്ടായിരുന്നു.



ARISTOTLE



ALEXANDER

## റോമൻ ഗ്രന്ഥാലയങ്ങൾ

പുരാതന റോമാക്കാർ വ്യക്തിഗത ഗ്രന്ഥാലയങ്ങളുടെ ഇഷ്ടതോഴരായിരുന്നു. അത്തരത്തിലുള്ള ഏറ്റവും പ്രസിദ്ധമായ ഗ്രന്ഥാലയം സാലേസർവി ഗ്രന്ഥാലയമാകുന്നു. ചുമരിൽ അലമാരയുണ്ടാക്കി അതിൽ ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്ന രീതിക്ക് തുടക്കം കുറിച്ചത് റോമാക്കാരാണ്.

പിന്നീട് ജൂലിയറ്റ് സീസർ ഒരു അതിവിശാല ഗ്രന്ഥാലയത്തിന് പദ്ധതിയിയിടുകയും അദ്ദേഹത്തിന് ശേഷം അക്കാലഘട്ടത്തിലെ പ്രസിദ്ധനായ സാഹിത്യകാരനും എഴുത്തുകാരനുമായിരുന്ന **അസീനിയ സ്** പോലിയോ 5 വർഷം കൊണ്ടാണ് അത് പൂർത്തിയാക്കിയത്.

(അൽ ഫള്ൽ ഇന്റർനാഷണൽ)

Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish

Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut